# കേരളസുറിയാനി സഭയിലെ പിളർപ്പും അനന്തരസംഭവങ്ങളും

നമ്മുടെ കർത്താവായ യേശുതമ്പുരാൻ ഓരേയൊരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്ന് ഏവരും സമ്മതിക്കും. “ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായുമേയുള്ളു”(എഫേ.4,5). “കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു”എന്ന് കത്തോലിക്കരും യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർത്തോമാക്കാരും മറ്റു പല സഭക്കാരും നിഖ്യാവിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നു. പക്ഷേ ഇന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ നിരവധി സഭകളും സഭാസമൂഹങ്ങളും ലോകത്തിലുണ്ട്. പുതിയ സഭകളുടെ നേതാക്കന്മാർ ചരിത്രം വളച്ചൊടിച്ച് സ്വയം ന്യായീകരണം നടത്തുന്നു.

മലങ്കരസഭയുടെ ചരിത്രം മലങ്കരസഭാമക്കളെല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. മാർതോമാ ശ്ലീഹായാണ് ഇവിടെ ക്രിസ്തുമതത്തിന് അടിസ്ഥാനമിട്ടത്. കൂനൻകുരിശുസത്യംവരെ (1653) ഇവിടെ ഏകസഭയേ ഉണ്ടായിരുന്നുള്ളു, മറ്റൊരു സഭാവിഭാഗവുമില്ലായിരുന്നു. കൂനൻകുരിശുസത്യത്തിനുശേഷം ഈ ഏകസഭ പുത്തൻ കൂറെന്നും പഴയ കൂറെന്നും രണ്ടായി പിളർന്നു. പഴയ കൂറ്റുകാർ വളരെ ക്ലേശങ്ങൾ സഹിച്ച് കത്തോലിക്കാ കൂട്ടായ്മയിൽ ഉറച്ചുനിന്നു. പുത്തൻകൂറ്റുകാർ സമ്പൂർണ്ണ കാതോലിക്ക കൂട്ടായ്മ നഷ്ടപ്പെടുത്തി, പലതായി പിളർന്നു.

ഫാദർ ഇടിക്കുള പാണ്ടിയത്ത്

# കേരളസുറിയാനി സഭയിലെ പിളർപ്പും അനന്തരസംഭവങ്ങളും

പത്തനംതിട്ട
2012

# കേരളസുറിയാനി സഭയിലെ പിളർപ്പും അനന്തരസംഭവങ്ങളും

ഫാദർ ഇടിക്കുള പാണ്ടിയത്ത്

# കേരളസുറിയാനി സഭയിലെ പിളർപ്പും അനന്തരസംഭവങ്ങളും

പത്തനംതിട്ട
2012

**Idicula Pandiath, Kerala Suriyani Sabhayile Pilarpum Ananthara Sambhavangalum**

-

.

© Idicula Pandiath, 2012

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@gmail.com

Price : 50/-

# ഉള്ളടക്കം


ആമുഖം 6

Message 8

അവതാരിക 9

ഗ്രന്ഥസൂചിക 10

1. മാർ തോമാ ക്രിസ്ത്യാനികളും പേർഷ്യൻസഭയും 11
2. സുറിയാനിക്കാർ ലത്തീൻഭരണത്തിൽ 14
   *ഉദയംപേരൂർ സൂനഹദോസ്*
3. കൂനൻകുരിശുസത്യം 17
4. പുത്തൻകൂറ്റുകാർ 19
5. പുത്തൻകൂറ്റുകാരും പശ്ചിമേഷ്യൻ യാക്കോബായക്കാരും 21
   *കൽക്കദോനിയ സൂനഹദോസ്; ആറാം മാർത്തോമ്മാ*
6. ചർച്ച് മിഷനറി സൊസൈറ്റിയും യാക്കോബായാസഭയും 27
7. നവീകരണകക്ഷി 30
8. യാക്കോബായ പാത്രിയർക്കീസിന്റെ ആധിപത്യം 35
   *മുളന്തുരുത്തി സൂനഹദോസ്; ആരാധനഭാഷ*
9. സെമിനരിക്കേസ് 38
10. രണ്ടു പുതിയ സഭകൾ: 41
    *മാർത്തോമ്മാസഭ; ഇവാൻജെലിക്കൽ സഭ*
11. യാക്കോബായാ സഭയിലെ കക്ഷിവഴക്കുകൾ 44
12. മാർ അബ്ദേദ്മിശിഹായും കാതോലിക്കാവാഴ്ചയും 48
    *വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക്; ഓർത്തഡോക്സ് സഭ*
13. മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യം 53
14. ഓർത്തഡോക്സ് സഭയുടെ ഭരണഘടനയും സമുദായക്കേസും 56
    *സുപ്രീംകോടതിവിധി; യോജിപ്പ്*
15. വീണ്ടും പിളർപ്പ്: വിവാദപരമായ 203-ാം കൽപ്പന 60
    *സുപ്രീംകോടതിവിധി*
16. വിചിന്തനം: *1. നവീകരണം വേദാനുസൃതമോ? 2. ഹൂദായകാനൻ 3. 1912-ലെ കാതോലിക്കാവാഴ്ച 4. മാർ തോമായുടെ സിംഹാസനം 5. വിശ്വാസകാര്യങ്ങളിൽ കോടതിയെ സമീപിക്കാമോ?* 67
17. ഏക വിശുദ്ധസഭ 76
    *പത്രോസ്, ശ്ലീഹന്മാരുടെ തലവൻ*
18. സംഗ്രഹം 84

# ആമുഖം

മലങ്കരസഭയുടെ ചരിത്രം മലങ്കരസഭാമക്കളെല്ലാവരും അറിഞ്ഞിരി ക്കേണ്ടതാണ്. മാർതോമാ ശ്ലീഹായാണ് ഇവിടെ ക്രിസ്തുമതത്തിന് അടി സ്ഥാനമിട്ടത്. കൂനൻകുരിശുസത്യംവരെ (1653) ഇവിടെ ഏകസഭയേ ഉണ്ടാ യിരുന്നുള്ളു, മറ്റൊരു സഭാവിഭാഗവുമില്ലായിരുന്നു. കൂനൻകുരിശുസത്യത്തി നുശേഷം ഈ ഏകസഭ പുത്തൻ കൂറെന്നും പഴയ കൂറെന്നും രണ്ടായി പിളർന്നു. പഴയ കൂറ്റുകാർ വളരെ ക്ലേശങ്ങൾ സഹിച്ച് കത്തോലിക്കാ കൂട്ടാ യ്മയിൽ ഉറച്ചുനിന്നു. പുത്തൻകൂറ്റുകാർ സമ്പൂർണ്ണ കാതോലിക്ക കൂട്ടായ്മ നഷ്ടപ്പെടുത്തി, പലതായി പിളർന്നു.

പുത്തൻകൂറ്റുകാരുടെ നേതാവായ ഒന്നാം മാർതോമാ തന്റെ മെത്രാൻ സ്ഥാനം ക്രമീകരിച്ചു കിട്ടാൻ ആദ്യം റോമിനെയും പിന്നെ മറ്റു പല സഭക ളെയും സമീപിച്ചു. കാലക്രമേണ അവർ യാക്കോബായാ സഭയായിത്തീർ ന്നു. പുത്തൻകൂറ്റുകാരുടെ ഇടയിൽ പിന്നീട് പലപല പിളർപ്പുകൾ ഉണ്ടാ കുകയും ചില പുതിയ സഭാസമൂഹങ്ങൾ നിലവിൽ വരുകയും ചെയ്തു.

*പുത്തൻകൂറ്റുകാർ* എന്ന പേരിൽ 1986-ൽ ഞാനൊരു പുസ്തകം പ്രസി ദ്ധീകരിച്ചിരുന്നു. അതിന്റെ ചെറിയൊരു പതിപ്പാണ് ഈ ഗ്രന്ഥം. 1986-നു ശേഷമുള്ള മലങ്കരസഭാചരിത്രവും സംക്ഷിപ്തമായി ഇതിൽ ചേർത്തിട്ടുണ്ട്.

നമ്മുടെ കർത്താവായ യേശുതമ്പുരാൻ ഓരേയൊരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്ന് ഏവരും സമ്മതിക്കും. "ഒരു കർത്താവും ഒരു വിശ്വാ സവും ഒരു മാമോദീസായുമേയുള്ളു"(എഫേ.4,5). "കാതോലികവും ശ്ലൈഹി കവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു"എന്ന് കത്തോലിക്കരും യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർതോ മാക്കാരും മറ്റു പല സഭക്കാരും നിഖ്യാവിശ്വാസപ്രമാണത്തിൽ ഏറ്റുപറയു ന്നു. പക്ഷേ ഇന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ നിരവധി സഭകളും സഭാസമൂഹങ്ങളും ലോകത്തിലുണ്ട്. പുതിയ സഭകളുടെ നേതാക്കന്മാർ ചരിത്രം വളച്ചൊടിച്ച് സ്വയം ന്യായീകരണം നടത്തുന്നു. ഇത് ആത്മവഞ്ച നയല്ലേ?

"നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ യഥാർഥത്തിൽ നിങ്ങൾ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു



(യോഹ.8,31-32). ക്രിസ്ത്യാനികളുടെ ഇടയിലെ ഭിന്നത മഹാപാപമാണ്. പരിശുദ്ധാത്മാവുള്ളിടത്ത് ഭിന്നതയില്ല: "സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ" എന്ന് ദിവ്യ ശ്ലീഹാ ആഹ്വാനം ചെയ്യുന്നു (എഫേ.4,3). ഭിന്നിച്ചു നിൽക്കുന്ന ക്രിസ്തീയ സമൂഹങ്ങൾ ഒന്നിച്ചുവന്ന് ഏകസഭയായി ക്രിസ്തുവിന് സാക്ഷ്യം വഹിക്ക ണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.17,21). "എന്തെന്നാൽ ഒരേ ആത്മാവിൽ നാമെല്ലാവരും ഏകശരീരമായി ജ്ഞാനസ്നാനം സ്വീകരിച്ചി രിക്കുന്നു" എന്ന് ദിവ്യശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (1കൊറി.12,12).

രണ്ടാം വത്തിക്കാൻ സൂനഹദോസ് *എക്യൂമെനിസം* എന്ന രേഖയിൽ ഇപ്രകാരം പറയുന്നു: "ക്രൈസ്തവൈക്യം വളർത്താനും ക്രമീകരിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ് എക്യൂമെ നിക്കൽ പ്രസ്ഥാനം" (നമ്പർ,4). "ആന്തരികപരിവർത്തനം കൂടാതെയുള്ള എക്യൂമെനിസം, എക്യൂമെനിസം എന്ന പേരിന് അർഹമല്ല. ഐക്യത്തിനു വേണ്ടിയുള്ള ദാഹം നാമ്പെടുക്കുകയും പൊട്ടിവിരിയുകയും പക്വത പ്രാപി ക്കുകയും ചെയ്യുന്നത് മനസ്സിന്റെ നവീകരണത്തിലാണ്" (നമ്പർ, 7).

യഥാർഥ ദൈവാരാധന സ്നേഹത്തിലും ഒരുമയിലും അധിഷ്ഠിത മായിരിക്കണം. ആകയാൽ ക്രിസ്ത്യാനികളുടെ ഐക്യത്തിനായി നമുക്ക് പ്രാർഥിക്കാം. യേശുക്രിസ്തുവിനെ ഏറ്റുപറയുന്ന എല്ലാവരും ഒരുമയോടു കൂടി ഒരേബലിയിൽ പങ്കെടുക്കാൻ സാധിക്കുന്ന ദിനത്തിനായി പ്രാർഥനാ പൂർവം കാത്തിരിക്കാം.

ഈ ഗ്രന്ഥത്തിന് ഒരാശംസാസന്ദേശം നൽകിയ അഭിവന്ദ്യ യൂഹാ നോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായോടുള്ള കൃതജ്ഞത രേഖ പ്പെടുത്തിക്കൊള്ളട്ടെ. ഇതിന്റെ കൈയെഴുത്തുപ്രതി വായിച്ച് നിർദേശങ്ങൾ നൽകിയ ബ. ഗീവർഗീസ് ചേടിയത്ത് അച്ചന് കൃതജ്ഞതയുടെ കൂപ്പുകൈ. ഈ ഗ്രന്ഥത്തിന്റെ മുദ്രണം നിർവഹിച്ച ബഥനി പ്രസിലെ അധികാരികളോടും പ്രവർത്തകരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

ഫാ. ഇടിക്കുള പാണ്ടിയത്ത്
സ്നേഹഭവൻ
പത്തനംതിട്ട - 689 645

ഒക്ടോബർ 13, 2012.

# Message

"The Church is not so much something we inherit from generations past or take over from our predecessors as it is something on loan to us for future generations!" In order to have a clear picture we need to know the past, mold the present and plan for the future.

The history of the Church in Kerala goes back to the era of Christianity itself. Even though we do not have written documents of the early centuries, we have very strong traditions and liturgical texts in this regard. We do have documented historical facts from the 16th century onwards.

Biased presentations always mislead people. The subsequent "tremors" that followed after the Coonan Cross Oath that inflicted deep wounds in the body of Christ, still haunts all the seekers of the Truth. The prayer of Our Lord that "all may become one" (Jn. 17/21) is still a "voice in the wilderness" (Lk. 3/4).

"The Truth will make you free" (Jn. 8/32). Rev. Fr. Idicula Pandiyath analyses the history of the division in the Syriac Church in India and the events that followed. He has made devoted, diligent and fair minded efforts in analyzing the period with the balanced outlook of a historian. His spirit of enquiry and presentation skill is worth mentioning here. I am sure this "**Kerala Suriyani Sabhayile Pilarpum Ananthara Sambhavagalum**" will offer many a chance for critical study of the historical facts of the Church in Kerala, especially, since the Coonan Cross Oath.

I congratulate Rev. Fr. Idicula Pandiyath for his efforts and wish every success and wholeheartedly present this book to the public.

Yours Sincerely in Our Lord,

**Most Rev. Yoohanon Mar Chrysostom**
**Bishop of Pathanamthitta**
**10th October, 2012.**



# അവതാരിക

കേരളത്തിലെ നസ്രാണിക്രിസ്ത്യാനികളുടെ ചരിത്രം രേഖപ്പെടുത്തിയ പല ഗ്രന്ഥങ്ങളും മലയാളത്തിലും മറ്റു ഭാഷകളിലും പ്രസിദ്ധീകൃതമായിട്ടുണ്ട്. ആദ്യത്തെ പതിനാറു നൂറ്റാണ്ടുകാലത്തെ ലിഖിതചരിത്രങ്ങൾ വിരളമായതിനാൽ, പല ഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരുടെ സഭാപശ്ചാത്തലമനുസരിച്ച് അവതരിപ്പിക്കുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. ലിഖിതരേഖകൾ ദുർലഭമാണെങ്കിലും, നസ്രാണികളുടെ സജീവസഭാപാരമ്പര്യം നിലനിന്നിരുന്നു. ഈ സജീവപാരമ്പര്യം പിൽക്കാല രേഖകളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നതിലാണ് പലർക്കും തെറ്റു പറ്റിയിട്ടുള്ളത്. തങ്ങൾ ഇന്ന് എത്തിനിൽക്കുന്ന സഭാപശ്ചാത്തലത്തിന്റെ ന്യായീകരണത്തിനാണ് പലരും ശ്രമിക്കുന്നത്. അല്ലാതെ വസ്തുനിഷ്ഠമായ സത്യം തേടാൻ പലരും ഇപ്പോഴും വിമുഖത കാട്ടുന്നു എന്ന ദുഃഖസത്യം നിലനിൽക്കുന്നു.

എല്ലാ സഭകളെയും സഭാസമൂഹങ്ങളെയും സന്മനസ്സുള്ള എല്ലാവരെയും ഒരുപോലെ അലട്ടുന്ന നിരവധി പ്രശ്നങ്ങൾക്കിടയിലാണ് നാമിന്ന് ജീവിക്കുന്നത്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് മനുഷ്യരക്ഷയ്ക്കായി അവതരിച്ച ദൈവപുത്രൻ ഇന്നും മനുഷ്യകുലത്തിന് പ്രസക്തനാണെന്ന് നാം ഒത്തൊരുമിച്ച് കാട്ടിക്കൊടുക്കണം. വിഭജനത്തിന്റെ വക്താക്കളായി ലോകാന്ത്യംവരെ തുടരാതെ, വിഭജനം അവസാനിപ്പിക്കാനുള്ള വഴികൾ ആരായേണ്ടതും സ്നേഹസന്ദേശത്തിന് സജീവസാക്ഷ്യം വഹിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രത്യേകിച്ച്, സ്നേഹരഹിതസമൂഹം രൂപീകരിക്കാനും മൂല്യങ്ങൾ തകർക്കാനും ആളും അർത്ഥവുമായി കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന മനുഷ്യവിദ്വേഷികൾ വളരെ സജീവമായി പണിയെടുക്കുകയും ജനത്തെ മോഹവലയങ്ങളിൽ കുടുക്കി കുരുതികൊടുക്കുകയും ചെയ്യുന്ന വിധ്വംസക പ്രവർത്തനങ്ങൾ നടമാടുന്ന നമ്മുടെ സമൂഹത്തിൽ സുവിശേഷത്തിന്റെ സ്നേഹസന്ദേശത്തിന് പ്രസക്തിയേറുന്നു. ദൈവനിഷേധശക്തികളുടെ ചട്ടുകങ്ങളായി വർത്തിക്കാതെ, ഒഴുക്കിനെതിരെ നീന്തിക്കൊണ്ട്, മൂല്യങ്ങളിൽ വിശ്വസിക്കുന്നവരായി ഒത്തൊരുമിച്ച് നീങ്ങാൻ സന്മനുസ്സുള്ളവർക്ക് കഴിയണം.

ചരിത്രരചന വിട്ടുവീഴ്ചകളിൽ അധിഷ്ഠിതമല്ല. എന്നാൽ ചരിത്രയാഥാർഥ്യങ്ങൾ അവതരിപ്പിക്കുമ്പോൾ, മുകളിൽ പറഞ്ഞ തരത്തിൽ ഇന്നത്തെ നമ്മുടെ സമൂഹത്തെ അലട്ടുന്ന ഗൗരവതരമായ പ്രശ്നങ്ങളുടെ മുമ്പിൽ ചരിത്രം നൽകേണ്ട സന്ദേശമാണ് അവതരിപ്പിക്കേണ്ടത്. ബ. ഇടിക്കുള അച്ചൻ 1986-ൽ *പുത്തൻകൂറ്റുകാർ* എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസീദ്ധീകരിച്ചു. അതിന്റെ ചെറിയൊരു പതിപ്പാണ് ഈ ഗ്രന്ഥം. വസ്തുനിഷ്ഠമായി തെളിവുകൾ സഹിതം സംഗതികൾ അവതരിപ്പിക്കാൻ ബ. അച്ചൻ ശ്രമിച്ചിട്ടുണ്ട്. ബ.അച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

ജി. ചേടിയത്ത്
കാതലിക് ബിഷപ്സ് ഹൗസ്,
സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ,
പത്തനംതിട്ട. 689645.
7-10-2012.

# ഗ്രന്ഥസൂചിക


ഇഞ്ചയ്ക്കലോടി, തോമസ്, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, വാല്യം 1, തിരുവനന്തപുരം, 1957.

കർദിനാൾ തിസ്സെറാങ്, ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ, കോട്ടയം, s.d., (വിവർത്തനം, ഏ. ഡി. മറ്റം-ജെ. തച്ചിൽ).

കണിയാംപറമ്പിൽ, കെ., സുറിയാനിസഭ, തിരുവല്ല, 1982.

കാഞ്ഞിരമുകളിൽ, എസ്. പുനരൈക്യരേഖകൾ, കോട്ടയം, 2012.

കൂടപ്പുഴ സെവ്യർ, ഭാരതസഭാചരിത്രം, കോട്ടയം, 2012.

കോനാട്ട് അബ്രഹാം മൽപ്പാൻ, ഹൂദായകാനോൻ, പാമ്പാക്കുട, 1952.

ചേടിയത്ത്, ജി., അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.

ചേടിയത്ത്, ജി., കേരളത്തിലെ ക്രൈസ്തവസഭകൾ, കോട്ടയം,1998.

ചേടിയത്ത്, ജി., പൗരസ്ത്യകാതോലിക്കോസ്, കോട്ടയം,1985.

ചേടിയത്ത്, ജി., മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം,2001.

ചേടിയത്ത്, ജി., മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്, തിരുവനന്തപുരം, 2007.

ചേടിയത്ത്, ജി., സഭാചരിത്രപഠനങ്ങൾ, കോട്ടയം, 1982.

Chediath,G., The Malankara Catholic Church, Kottayam, 2012.

ചേപ്പാട്ട് റമ്പാൻ, പൂർവകാലസ്മരണകൾ, തിരുവനന്തപുരം, 1969.

ഡാനിയേൽ, കെ. എൻ., ഒരു ആത്മവൃത്തകഥനം, ചാത്തന്നൂർ, 1951.

ഫിലിപ്പ്, ഇ.എം., മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ,ചിങ്ങവനം,1929.

വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാൻ, മതോപദേശസാരങ്ങൾ, കോട്ടയം,1892.

റോയൽ കോടതിവിധി, തിരുവനന്തപുരം, 1899.

സക്കറിയാ, ടി. ജി.- മാമ്മൻ, കെ. വി.(ed.), ഇരുപതാം നൂറ്റാണ്ടിലെ മലങ്കര സഭ 1876-1976, കോട്ടയം, 1978.

വർഗീസ്, റ്റി.ഐ., മലങ്കര-അന്ത്യോക്യൻ ബന്ധം പത്തൊമ്പതാം നൂറ്റാണ്ടിന്റെ സൃഷ്ടി, 1997.




# 1

# മാർതോമാക്രിസ്ത്യാനികളും പേർഷ്യൻസഭയും

മാർ തോമാശ്ലീഹായാണ് ഭാരതത്തിൽ ക്രിസ്തുമതത്തിന് അടിസ്ഥാനമിട്ടത്. തോമാശ്ലീഹാ പേർഷ്യൻ സാമ്രാജ്യത്തിലെ വിവിധ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചശേഷം കപ്പൽമാർഗം കൊടുങ്ങല്ലൂരിലെ മാല്യങ്കര എത്തി. ശ്ലീഹായുടെ പ്രേഷിതപ്രവർത്തനഫലമായി ഏഴ് സ്ഥലങ്ങളിൽ ക്രിസ്തീയസമൂഹം രൂപീകൃതമായി. മാർ തോമാശ്ലീഹാ ഇവിടെ നിന്ന് മൈലാപ്പൂരിലെത്തുകയും അവിടെ വച്ച് രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു. മാർ തോമാശ്ലീഹായിൽ നിന്ന് കൈവെപ്പു കിട്ടിയ വൈദികസ്ഥാനികൾ ഈ സഭയുടെ ആത്മീയാധ്യക്ഷന്മാരായിരുന്നു.

ഏഴാം നൂറ്റാണ്ടുമുതൽ പേർഷ്യൻസഭയിലെ അധ്യക്ഷന്മാർ ഈ സഭയെപ്പറ്റി പരാമർശിക്കുന്നുണ്ട്. പേർഷ്യൻസഭയുടെ ആസ്ഥാനം ആദ്യം സെലൂഷ്യാ-സ്റ്റെസിഫണിലും പിന്നെ മാർ തിമോതിയുടെ കാലം മുതൽ (8-ാം നൂറ്റാണ്ട്) ബാഗ്ദാദിലും ആയിരുന്നു. പേർഷ്യൻ സഭയിലെ കൽദായ ആരാധനക്രമമാണ് ഭാരതസഭയിലും നിലനിന്നത്. ആറാം നൂറ്റാണ്ടുമുതലുള്ള പേർഷ്യൻ രേഖകളിൽ ഭാരതസഭയെപ്പറ്റി അവിടവിടെ പരാമർശമുണ്ട്. എന്നാൽ പേർഷ്യൻ മെത്രാന്മാർ എന്നു മുതലാണ് ഇവിടെ വന്നുകൊണ്ടിരുന്നത് എന്നതിനെപ്പറ്റി ഖണ്ഡിതമായി പറയാനാവില്ല.

## മാർ യാക്കോബ്

പതിനാറാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്നുവന്ന കൽദായ മെത്രാന്മാരെപ്പറ്റി നമുക്കറിയാം. 1503-ൽ മാർ യാക്കോബ് എന്ന മെത്രാൻ പേർഷ്യയിൽ നിന്ന് കേരളത്തിൽ വന്നു. ആരംഭത്തിൽ മാർതോമാനസ്രാണികളും അവരുടെ മെത്രാനായ മാർ യാക്കോബും പോർട്ടുഗീസുകാരുമായി സൗഹൃദത്തിൽ കഴിഞ്ഞു. എന്നാൽ ഗോവാ ലത്തീൻരൂപത സ്ഥാപിതമായതു

മുതൽ (1539) പോർട്ടുഗീസുകാർ മലങ്കരസഭയുമായി ഭരണസംബന്ധമായ ഉരസൽ ആരംഭിച്ചു. 1558-ൽ ഗോവാ അതിരൂപതയാകുകയും കൊച്ചിരൂപത സ്ഥാപിതമാകുകയും ചെയ്തതോടെ ഉരസൽ പൂർവാധികം വർധിച്ചു. പോർട്ടുഗീസുകാർ മാർ യാക്കോബിൽ നെസ്തോറിയനിസം ആരോപിക്കുകയും അദ്ദേഹത്തിന് വളരെ ബുദ്ധിമുട്ടുകൾ വരുത്തുകയും ചെയ്തു. എന്നാൽ വി. ഫ്രാൻസിസ് സേവ്യറിനെ പോലെയുള്ള വ്യക്തികൾക്ക് മാർ യാക്കോബിനെപ്പറ്റി വ്യത്യസ്താഭിപ്രായമാണ് ഉണ്ടായിരുന്നത്. മാർ യാക്കോബിനെപ്പറ്റി കർദിനാൾ തിസ്സെറാങ്ങ് ഇപ്രകാരം പരാമർശിക്കുന്നു:

"കുറേക്കഴിഞ്ഞ് മാർ യാക്കോബ് കൊച്ചിയിലെ ഫ്രാൻസിസ്ക്കൻ ആശ്രമത്തിലേക്ക് പിൻവാങ്ങി. ഈ പിൻവാങ്ങൽ നിർബന്ധപൂർവകമായ ഒന്നായിരുന്നു. 1549-ൽ വി.ഫ്രാൻസിസ് സേവ്യർ അദ്ദേഹത്തെ അവിടെ വച്ചു കണ്ടു. ദൈവത്തെയും രാജാവിനെയും ഈ രാജ്യത്തിൽ 45 വർഷം സ്തുത്യർഹമായി സേവിച്ച ഭക്തനും വിശുദ്ധനുമായ ഈ വൃദ്ധമെത്രാന്റെ കാര്യം വിശുദ്ധൻ ജോൺ മൂന്നാമൻ രാജാവിന് എഴുതി" (*ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ,* 36).

ശ്രീ ഈ.എം. ഫിലിപ്പും ഈ കാര്യം പരാമർശിക്കുന്നു: "ശൗരിയാർ പോർട്ടുഗലിലെ രാജാവിനയച്ച ഒരു കത്തിൽ ഈ മാർ യാക്കോബിനെപ്പറ്റി പറഞ്ഞിരിക്കുന്നു: ആബൂൻ മാർ യാക്കോബ് എന്ന ഒരു അർമീനിയൻ മെത്രാൻ ഈ നാട്ടിൽ ദൈവത്തെയും തിരുമനസ്സിനെയും സേവിക്കുന്നതിന് ആരംഭിച്ചിട്ട് 45 സംവത്സരങ്ങൾ ആയിരിക്കുന്നു" (*മാർ തോമാശ്ലീഹായുടെ ഇൻഡ്യൻസഭ, 92*). മാർ യാക്കോബ് 1550-ൽ നിര്യാതനായി.

## മാർ ജോസഫ്

മാർ യാക്കോബിന്റെ മരണശേഷം കാതോലിക്കാ-പാത്രിയർക്കീസായ ആയ മാർ അബ്ദീശോ, തന്റെ സഹോദരനായ മാർ ജോസഫിനെ മെത്രാനാക്കി കേരളത്തിലേക്കയച്ചു. മാർ അബ്ദീശോ മാർപാപ്പായുമായി സമ്പൂർണ കൂട്ടായ്മയിൽ കഴിഞ്ഞ കൽദായ പാത്രിയർക്കസായിരുന്നു. മാൾട്ടാക്കാരായ രണ്ടു ഡൊമിനിക്കൻ സന്ന്യാസവൈദികരുമൊത്താണ് അദ്ദേഹം എത്തിയത്. റോമിലെ പോർട്ടുഗീസ് അംബാസഡറുടെ സാക്ഷിപത്രവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹം 1556-ൽ ഗോവയിലെത്തി. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ അവിടെ തടഞ്ഞുവച്ച് അവിടെയുള്ള ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ വീട്ടുതടങ്കലിലാക്കി. അവിടെ താമസിക്കയിൽ ആശ്രമസൂക്ഷിപ്പുകാരനായ അന്തോണിയോ ദി പോർതോ എന്ന പാതിരി 1557 നവംബർ 20-ന് പോർട്ടുഗൽ രാജാവിന് മാർ ജോസഫിനെപ്പറ്റി കത്തെഴുതി:





"പാശ്ചാത്യവൈദികരെ അപേക്ഷിച്ച് ഈ വൈദികമേലധ്യക്ഷന് സന്മാർഗശാസ്ത്ര സംബന്ധമായ വിജ്ഞാനം കുറവാണെങ്കിലും അദ്ദേഹം യഥാർഥത്തിൽ കത്തോലിക്കാവിശ്വാസം ഉള്ളവനും ആഭിജാത്യമുള്ളവനുമാണെന്ന് അന്തോണിയോ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ ഭക്തിപരമായ ജീവിതത്തെയും അദ്ദേഹം പ്രശംസിക്കുന്നു" എന്ന് കർദിനാൾ തിസ്സെറാങ്ങ് എഴുതുന്നു (*ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ,* 41).

ഒന്നരവർഷത്തിനുശേഷം അദ്ദേഹം ആശ്രമത്തിൽ നിന്ന് മോചിതനായി കേരളത്തിലെത്തി. എന്നാൽ ഏറെ താമസിയാതെ അദ്ദേഹത്തിൽ പോർട്ടുഗീസുകാർ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ച് അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും പോർട്ടുഗലിലേക്ക് അയക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സത്യവിശ്വാസത്തെപ്പറ്റി ഇൻക്വിസിഷൻ കോടതിക്ക് ബോധ്യം വന്നു. കർദിനാൾ ഹെൻഡ്രിക്കോസിൽ നിന്ന് തനിക്കനുകൂലമായ വിധി അദ്ദേഹം സമ്പാദിച്ചു (തിസ്സെറാങ്, *ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ,* 44).

## മാർ അബ്രഹാം

മാർ ജോസഫിനുശേഷം മാർ അബ്രഹാം കേരളത്തിലെ സഭയെ നയിച്ചു. അദ്ദേഹം ഗോവയിൽ എത്തിയപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ ഗോവയിലുള്ള ഒരു ഡൊമിനിക്കൻ ആശ്രമത്തിലേക്കു മാറ്റി. എന്നാൽ അദ്ദേഹം അവിടെ നിന്ന് രക്ഷപെട്ട് കേരളത്തിലെത്തി സഭയെ നയിച്ചു. മാർപാപ്പായുടെ നിർദേശപ്രകാരം അദ്ദേഹം 1585-ൽ ഗോവായിൽ വച്ചു നടന്ന പ്രാദേശികസിനഡിൽ സംബന്ധിച്ചു. അദ്ദേഹത്തിന് വേണ്ടത്ര സുരക്ഷ നൽകണമെന്ന് മാർപാപ്പാ ഗോവാമെത്രാന് എഴുതിയിരുന്നു. ആ ഉറപ്പിലാണ് അദ്ദേഹം ഗോവയിൽ പോയി സിനഡിൽ സംബന്ധിച്ചത്. മാർ അബ്രഹാം 1597-ൽ മരിച്ചു. മലങ്കരനസ്രാണികളുടെ അവസാനത്തെ സുറിയാനിമെത്രാനായിരുന്നു അദ്ദേഹം.

# 2
# സുറിയാനിക്കാർ ലത്തീൻ ഭരണത്തിൽ

## ഉദയംപേരൂർ സൂനഹദോസ്

മെനെസിസ് മെത്രാപ്പോലീത്താ 1598 ഡിസംബറിൽ കേരളത്തിൽ വന്ന് പള്ളികൾ സന്ദർശിക്കാനും പലർക്കും വൈദികപട്ടം കൊടുക്കാനും തുടങ്ങി. സഭാനേതാവായ ആർച്ചുഡീക്കൻ ഗീവർഗീസ് അതിൽ എതിർപ്പു പ്രകടിപ്പിച്ചു. മലങ്കര മുഴുവൻ പ്രാതിനിധ്യസ്വഭാവമുള്ള ഒരു യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ തീരുമാനിക്കണമെന്ന നിർദേശം ആർച്ചുഡീക്കന് അംഗീകരിക്കേണ്ടിവന്നു. ഓരോ പള്ളിയിൽ നിന്നും നാലു പ്രതിപുരുഷന്മാർ വീതവും എല്ലാ പട്ടക്കാരും 1599 ജൂൺ 20-ാം തീയതി ഉദയംപേരൂർ പള്ളിയിൽ ഹാജരാകണമെന്നു കാണിച്ച് മെനെസിസ് എല്ലാ പള്ളികൾക്കും കൽപ്പന അയച്ചു. അതിൻപ്രകാരം 153 പട്ടക്കാരും 660 ഇടവകപ്രതിനിധികളും ആ യോഗത്തിൽ പങ്കെടുത്തു. അവിടെവച്ച് സുറിയാനി ആചാരങ്ങളിലും ആരാധനക്രമത്തിലും പല മാറ്റങ്ങളും വരുത്തി. ആറു ദിവസങ്ങളിലായി ഒൻപതു യോഗങ്ങൾ നടന്നു. ആകെ 267 ഡിക്രികൾ പാസാക്കിയതായി പ്രഖ്യാപിച്ചു.

ഈ യോഗത്തിന്റെ 16-ാം ഡിക്രിയിൽ ഇപ്രകാരം പറയുന്നു:

"ഈ സൂനഹദോസ് ഈ മെത്രാപ്പോലീത്തായുടെ കീഴിലുള്ള സകല കത്തനാരന്മാരോടും ശെമ്മാശന്മാരോടും അതുപോലെ സ്ഥാനമുള്ള ഏവരോടും ശുദ്ധമാക്കപ്പെട്ട കീഴ്വഴക്കത്തിന് അനുസൃതമായും കഠിനമായി മഹറോനു വിധേയമായും കൽപ്പിക്കുന്നതെന്തെന്നാൽ: ഈ കൽപ്പന പുറപ്പെട്ട് രണ്ടു മാസത്തിനകം മെത്രാപ്പോലീത്തായുടെ പക്കൽ ഓരോരുത്തരും നേരിട്ടോ അവർ അധികാരപ്പെടുത്തിയ ആൾ വശമോ അവരുടെ കൈവശം സുറിയാനിയിൽ എഴുതപ്പെട്ടതായുള്ള സകല ഗ്രന്ഥങ്ങളും പുസ്തകങ്ങളും ഏൽപ്പിച്ചുകൊള്ളണം."





നെസ്തോറിയൻ അബദ്ധോപദേശങ്ങൾ ഉണ്ടെന്നു പറഞ്ഞ് ഈ കൽപ്പനപ്രകാരം ശേഖരിച്ച പുസ്തകങ്ങളെല്ലാം മെനെസിസ് അഗ്നിക്കിരയാക്കി. യോഗാനന്തരം പട്ടക്കാർ തിരികെ പോകുന്നതിനുമുമ്പ് എല്ലാവർക്കും കുർബാനക്കല്ലും വിശുദ്ധ തൈലങ്ങൾ സൂക്ഷിക്കാനുള്ള പാത്രങ്ങളും ലത്തീനിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത കൂദാശക്രമവും സുർപ്ലീസും അൾത്താരവിരിയും മെനെസിസ് ആശീർവദിച്ചു നൽകി. ഇതിനുശേഷം മെനെസിസ് മലങ്കരപള്ളികൾ സന്ദർശിക്കാൻ തുടങ്ങി. പോയിടത്തെല്ലാം സുറിയാനിഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് കത്തിക്കുകയോ തിരുത്തൽ വരുത്തുകയോ ചെയ്തു. 1599 നവംബർ 16-ന് അദ്ദേഹം ഗോവയിൽ തിരിച്ചെത്തി (*ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ*, 68-69).

## സൂനഹദോസ് - ഒരു വിലയിരുത്തൽ

കർദിനാൾ തിസ്സെറാങ് യോഗത്തെ ഇങ്ങനെ വിലയിരുത്തുന്നു: "ശിക്ഷണവ്യവസ്ഥകൾ സംബന്ധിച്ച് സൂനഹദോസ് സ്വീകരിച്ച നടപടികൾ പലപ്പോഴും നിശ്ശിതമായ വിമർശനത്തിന് പാത്രമായി. സർവത്ര റോമിലെയും പോർട്ടുഗലിലെയും ആചാരങ്ങൾക്ക് അനുസൃതമാക്കുന്നതിനുള്ള മെനെസിസിന്റെ വ്യഗ്രത പലരെയും ഇന്ന് ഞെട്ടിപ്പിക്കുന്നണ്ട്. കിഴക്കൻ റീത്തുകളെ ലത്തീൻ റീത്താക്കുന്ന ഒരു നയമായിരുന്നില്ല റോമിന്റേത്."

"ഉദയംപേരൂർ സൂനഹദോസ് നടപടികൾ ഒരിക്കലും റോമിൽ നിന്ന് അംഗീകരിച്ചിട്ടില്ല. അതിന്റെ ആവശ്യവുമില്ലായിരുന്നു. കാരണം, അത് കേവലം ഒരു രൂപതായോഗം മാത്രമായിരുന്നു. പ്രസിദ്ധം ചെയ്തിട്ടില്ലാത്ത, മെനെസിസിന്റെ ചില എഴുത്തുകളിൽ നിന്ന് ഫാദർ റോസിന് മനസ്സിലായി, സൂനഹദോസിൽ ഒപ്പിട്ട് അംഗീകരിച്ചവയോട് അദ്ദേഹം പലതും കൂട്ടിച്ചേർത്തെന്ന്. ഇത് പൊതുസമ്മതപ്രകാരം എഴുതിയുണ്ടാക്കിയ കൗൺസിൽ തീരുമാനങ്ങളെ അസാധുവാക്കിയിരുന്നു."

"മെത്രാപ്പോലീത്താ ആരാധനക്രമപ്പുസ്തകത്തിൽ ചില പദപ്രയോഗങ്ങൾ കണ്ടു...സഭാഭരണത്തിൽ വളരെ പോരായ്മകൾ ഉണ്ടായിരുന്നു. അവയൊക്കെ ഇല്ലാതാക്കാനാണ് മെനെസിസ് പരിശ്രമിച്ചത്. നിലവിലിരുന്നസുറിയാനിഗ്രന്ഥങ്ങൾ നശിപ്പിക്കാതെ, അവ അദ്ദേഹത്തിന് തിരുത്താമായിരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ അടിയിൽ പൗരസ്ത്യറീത്തുകളുടെ കാര്യത്തിലുള്ള യഥാർഥ അജ്ഞതയുമുണ്ടായിരുന്നു...പൗരസ്ത്യ ക്രിസ്ത്യാനികളുമായുള്ള സമ്പർക്കത്തിനു യൂറോപ്പിലെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് അനുകൂലമല്ലാത്ത ഒരു സ്ഥിതിയായിരുന്നു പോർട്ടുഗലിന്റേത്. സ്പെയിൻകാരോ, ഇറ്റലിക്കാരോ ആയിരുന്നെങ്കിൽ അവരുടെ പെരുമാറ്റം തികച്ചും ഭിന്നമാകുമായിരുന്നു" (തിസ്സെറാങ്, *ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ*, 69-71).

"ക്രിസ്തുവിന്റെ സഭയെപ്പറ്റിയുള്ള വലിയ വാദപ്രതിവാദത്തിലൊന്നും ഇൻഡ്യൻ ക്രിസ്ത്യാനികൾ കാര്യമായി പങ്കെടുത്തില്ല. അവരുടെ ആരാധനക്രമപ്പുസ്തകങ്ങളിൽ ചില സംശയാസ്പദശൈലികൾ ഉണ്ടായിരുന്നു. എങ്കിലും പ്രയോഗത്തിൽ നെസ്തോറിയനിസം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല" (തിസ്സെറാങ്, *ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ,* 19).

ഗോവാ മെത്രാപ്പോലീത്തായ്ക്ക് യഥാർഥത്തിൽ സുറിയാനിക്കാരുടെ മേൽ യാതൊരധികാരവും ഇല്ലായിരുന്നു. എന്നാൽ പദ്രവാദോയുടെ പേരിൽ അധികാരം ഉണ്ടെന്നു ഭാവിച്ചാണ് ഇടപെട്ടത്.

## ബിഷപ്പ് ഫ്രാൻസിസ് റോസ്

ജസ്വിട്ട് വൈദികനായ ഫ്രാൻസിസ് റോസ് സുറിയാനിക്കാരുടെ പ്രഥമ ലത്തീൻമെത്രാനായി 1601 ജനുവരി 25-ാം തീയതി അഭിഷിക്തനായി. അദ്ദേഹത്തിന് സുറിയാനിയും മലയാളവും കുറേശ്ശ അറിയാമായിരുന്നു. അദ്ദേഹം ആർച്ചുഡീക്കന്റെ പരമ്പരാഗതമായ പല അധികാരങ്ങളും ഇല്ലാതാക്കി. അത് സംഘർഷത്തിന് ഇടയാക്കിയെങ്കിലും അവസാനം തമ്മിൽ രമ്യമായി. 1624-ൽ ബിഷപ്പ് റോസ് നിര്യാതനായി.

## ബിഷപ്പ് സ്റ്റീഫൻ ബ്രിട്ടോ

പിന്നീട് ജസ്വിട്ട് സമൂഹത്തിൽപ്പെട്ട സ്റ്റീഫൻ ബ്രിട്ടോ അങ്കമാലി മെത്രാപ്പോലീത്താ ആയി. ആർച്ചുഡീക്കനും മെത്രാനും തമ്മിൽ നീരസത്തിൽ കഴിഞ്ഞു. ആർച്ചുഡീക്കൻ ഗീവർഗീസ് മരിച്ചപ്പോൾ തൽസ്ഥാനത്തേക്ക് ആർച്ചുഡീക്കൻ തോമാ തെരഞ്ഞെടുക്കപ്പെട്ടു.

## ബിഷപ്പ് ഫ്രാൻസിസ് ഗാർസ്യാ

ബിഷപ്പ് സ്റ്റീഫൻ ബ്രിട്ടോ മരിച്ചപ്പോൾ, 1641-ൽ ഗാർസ്യാ പിൻഗാമിയായി മെത്രാനായി. തങ്ങൾക്കുണ്ടായിരുന്ന പുരാതന പാരമ്പര്യങ്ങൾ പുനസ്ഥാപിച്ചു കിട്ടുന്നതിന് ആർച്ചുഡീക്കൻ റോമിലേക്ക് കത്തുകളയച്ചുകൊണ്ടിരുന്നു.





# 3
# കൂനൻകുരിശുസത്യം

ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ നിന്ന് വിമുക്തി നേടുന്നതിനായി ഒരു സുറിയാനിമെത്രാന്റെ ആഗമനം അക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കെ, അഹത്തള്ളാ എന്ന ഒരു മെത്രാൻ 1652-ൽ സൂററ്റുവഴി മൈലാപ്പൂരിലെത്തി. തദവസരം കേരളത്തിൽ നിന്ന് തീർത്ഥകരായ രണ്ട് ശെമ്മാശ്ശന്മാർ-ചെങ്ങന്നൂർ ചെങ്ങയിൽ ഇട്ടി, കുറവിലങ്ങാട്ട് കിഴക്കേടത്ത് കുര്യൻ-മൈലാപ്പൂരിൽ എത്തിയിരുന്നു. മാർ അഹത്തള്ളാ ആ ശെമ്മാശ്ശന്മാർ വശം മലങ്കര സുറിയാനിക്കാർക്കായി ഒരു കത്ത് കൊടുത്തയച്ചു. അതിൽ ഇപ്രകാരം പറയുന്നു:

"എന്റെ മക്കളേ, വരുവിൻ. എന്റെ വാക്കുകൾ ശ്രവിക്കുവിൻ. നമ്മുടെ നാഥനായ മാർപാപ്പായിൽ നിന്ന് എല്ലാ അധികാരങ്ങളും എനിക്ക് നൽകപ്പെട്ടിരിക്കുന്നു....." (*ഇൻഡ്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ,* 111).

അഹത്തള്ളാ മൈലാപ്പൂരിൽ നിന്ന് ഗോവയിലേക്കുള്ള പോർട്ടുഗീസ് കപ്പലിൽ കയറി. യാത്രാമധ്യേ കപ്പൽ കൊച്ചിയിൽ എത്തിയെന്നറിഞ്ഞുകൊണ്ട് ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ സമുദായനേതാക്കന്മാർ കൊച്ചിയിൽ ഒത്തുകൂടി. അഹത്തള്ളാ മെത്രാനെ വിട്ടുതരണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹത്തെ കൊച്ചിയിൽ ഇറക്കാൻ പോർട്ടുഗീസുകാർ വിസമ്മതിച്ചു. അതിനിടയിൽ, മാർ അഹത്തള്ളായെ അവർ കടലിൽ മുക്കിക്കൊന്നു എന്നൊരു കിംവദന്തി ആരോ പറഞ്ഞുപരത്തി. പോർട്ടുഗീസുകാരാകട്ടെ, അഹത്തള്ളായെ കൊച്ചിയിൽ ഇറക്കാതെ ഗോവയിലേക്കും അവിടെനിന്ന് പോർട്ടുഗലിലേക്കും കൊണ്ടുപോയി.

അഹത്തള്ളായെ കടലിൽ മുക്കിക്കൊന്നു എന്ന കിംവദന്തി കേട്ടപ്പോൾ സുറിയാനിക്കാർക്കുണ്ടായ സങ്കടവും നിരാശയും ഊഹിക്കാവുന്നതേയുള്ളൂ. ഈ വിഷമാവസ്ഥയിൽ അവരെല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി അവിടെയുണ്ടായിരുന്ന കൽക്കുരിശിൽ ആലാത്തുകെട്ടി അതിൽ പിടി

ച്ചുകൊണ്ട്, മേലാൽ സമ്പാളൂർകാരായ പൗളിസ്ത്യരുടെ കീഴിൽ ഇരിക്കുന്നതല്ല എന്ന് സത്യം ചെയ്തു. ഇത് നടന്നത് 1653 മകരമാസം 3-ാം തീയതി ആയിരുന്നു. ഇതേപ്പറ്റി ഇട്ടൂപ്പുറൈറ്റർ ഇപ്രകാരം പ്രസ്താവിക്കുന്നു:

"സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സ്വരൂപിച്ചുകൂടി ശുദ്ധ പാത്രിയർക്കീസിനെ ഒട്ടും സംശയവും ദൈവഭയവും കൂടാതെ അറുകൊല ചെയ്തുവെന്ന ഈ പറങ്കികളോട് ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തരവകാലത്തും ഇവരുമായി ഇനിയും ഉപവിയും വേണ്ടാ എന്നും അപ്പോൾ റോമാവഴക്കം ഫ്രാൻസിസ് മെത്രാനെ ഒരുനാളും യജമാനൻ എന്നു വിചാരിക്കുന്നതല്ലെന്നും ....നിശ്ചയിച്ച് ആ വിവരത്തിന് ഒരു പടിയോലയെഴുതി എല്ലാവരുംകൂടെ ഏകമനസ്സോടും ദൈവത്തിൽ ശരണപ്പെട്ടും കൊണ്ട് മേലെഴുതിയ ആണ്ട് (1653) മകരമാസം(ജനുവരി) 3-ാംതീയതി വെള്ളിയാഴ്ചനാൾ മട്ടാഞ്ചേരിയിൽ കൂനൻകുരിശിങ്കൽ വല്യതിൽ ഒരാലാത്തുകെട്ടി ജനങ്ങൾ അത്രപേരും ഈ കയറുംമേൽ പിടിച്ചുംകൊണ്ട് ഒന്നായിട്ടും ഏകസ്വരത്തിലും മേൽപറഞ്ഞ വാചകം പറഞ്ഞ് സത്യം ചെയ്തു പിരിഞ്ഞു" (*സുറിയാനി സഭാചരിത്രം*, പേജ്, 116).

റോയൽകോടതിവിധി 26-ാം ഖണ്ഡിക (24-ാം ചോദ്യത്തിനുത്തരം): "....അപ്പോൾ അർക്കദിയാക്കോനും പള്ളിക്കാരും മട്ടാഞ്ചേരിയിൽ കൂടി, സന്തതികാലാന്ത്യം പറങ്കികളെ അനുസരിക്കയില്ലെന്ന് സ്ലീബാ പിടിച്ച് സത്യം ചെയ്തു."

സുറിയാനിക്കാർ സത്യം ചെയ്തത് മാർപാപ്പായ്ക്കോ കത്തോലിക്കാസഭയ്ക്കോ എതിരായിട്ടല്ലായിരുന്നു, പിന്നെയോ, പറങ്കികളായ സമ്പാളൂർകാർക്ക് (പൗളിസ്ത്യർക്ക്) എതിരായിട്ടായിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ.

## ഒന്നാം മാർതോമാ

പറങ്കികളോടുള്ള അമർഷം നിമിത്തം സുറിയാനിക്കാർ കൂനൻകുരിശുസത്യം ചെയ്തശേഷം അതേവർഷം മെയ്മാസം 22-ാംതീയതി ഞായറാഴ്ച, ആലങ്ങാട്ടുപള്ളിയിൽവച്ച് പന്ത്രണ്ട് പട്ടക്കാർ കൂടി തോമാ അർക്കദിയാക്കോന്റെ തലയിൽ കൈവച്ച് സഭാധ്യക്ഷനാക്കി. ഇതിനുള്ള അധികാരം മാർപാപ്പായിൽ നിന്ന് അഹത്തള്ള മുഖേന ലഭിച്ചിട്ടുണ്ടെന്ന് കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഒരു വ്യാജരേഖ കാട്ടി ജനത്തെ ബോധ്യപ്പെടുത്തി. എന്നാൽ പട്ടം കൊടുക്കുന്നതിൽ നിന്നും മൂറോൻ കൂദാശ ചെയ്യുന്നതിൽ നിന്നും മാർ തോമായെ വിലക്കിയിരുന്നു.





# 4
# പുത്തൻകൂറ്റുകാർ

## ജോസഫ് മരിയ സെബസ്ത്യാനി

മലങ്കരയിൽ ഉണ്ടായ ഭിന്നിപ്പിനെപ്പറ്റി വിവരം ലഭിച്ചതനുസരിച്ച്, സ്ഥിതിഗതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റോമിൽ നിന്ന് ഇറ്റാലിയൻ കർമലീത്താ സന്യാസിയായ സെബസ്ത്യാനിയെ കേരളത്തിലേക്കയച്ചു. 1657 ജനുവരിയിൽ സെബസ്ത്യാനി ഇവിടെയെത്തി. അദ്ദേഹം മാർ തോമായുമായി ചർച്ച നടത്തിയെങ്കിലും ഫലമുണ്ടായില്ല. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി പല പള്ളിക്കാരും മാർതോമായെ വിട്ടുമാറി. സെബസ്ത്യാനി 1658-ൽ കേരളത്തിൽ നിന്ന് തിരികെ റോമിൽ പോയി. റിപ്പോർട്ടു സമർപ്പിച്ചു. ഏഴാം അലക്സാണ്ടർ മാർപാപ്പാ അദ്ദേഹത്തെ മെത്രാനാക്കി തിരികെ കേരളത്തിലേക്കയച്ചു. 1661-ൽ അദ്ദേഹം കൊച്ചിയിലെത്തി.

## പുത്തൻകൂറ്റുകാർ

ഡച്ചുകാർ 1663-ൽ പോർട്ടുഗീസുകാരെ തോൽപ്പിച്ച് കൊച്ചി കൈവശപ്പെടുത്തി. സെബസ്ത്യാനി ഉടൻ സ്ഥലം വിട്ടുകൊള്ളണമെന്ന് അവർ ആവശ്യപ്പെട്ടു. അദ്ദേഹം നാടു വിടുന്നതിനുമുമ്പ് മാർതോമായുടെ ചാർച്ചക്കാരനും ആലോചനക്കാരനുമായ പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാനായി അഭിഷേഷിച്ചു. മാർ തോമായോടു കൂടെ നിന്നവർ പുത്തൻകൂറ്റുകാരെന്നും മാർ ചാണ്ടിമെത്രാനോട് ചേർന്നുനിന്നവർ പഴയകൂറ്റുകാരെന്നും അറിയപ്പെട്ടു. ഇതേപ്പറ്റി ഈ.എം.ഫിലിപ്പ് പറയുന്നത് ഇപ്രകാരമാണ്:

"അസാധുവായ സ്ഥാനത്തോടു കൂടിയ ഒരു മെത്രാന്റെ കൽപ്പനകളനുസരിച്ച നിർവഹിക്കപ്പെടുന്ന കൂദാശകൾ ഉദ്ദിഷ്ടഫലപ്രാപ്തിക്ക് അപര്യാപ്തങ്ങളാണെന്നും മറ്റുമുള്ള അവരുടെ പ്രസ്താവനകളുടെ ഫലമായും ശരിയായ കൈയ്‌വയ്പ്പില്ലാത്ത ഒരു മെത്രാനെ അനുഗമിക്കുന്നതായാൽ

ഉണ്ടാകാവുന്ന ആത്മിയ ഭവിഷ്യൽഫലങ്ങളെ പറ്റിയുള്ള ദുശ്ശങ്ക നിമിത്തവും പലരും വീണ്ടും റോമാക്കാർക്ക് കീഴ്പ്പെട്ടു. റോമാവിശ്വാസത്തോട് യോജിച്ചുനിന്നവർ അന്നുമുതൽ പഴയകൂറ്റുകാർ എന്നു സ്വയം നാമകരണം ചെയ്യുകയും മാർതോമായെ അനുഗമിച്ചവരെ പുത്തൻകൂറ്റുകാർ എന്നു വിളിക്കുകയും ചെയ്തു" (*മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ*, പേജ്, 26-27).

എന്നാൽ റോയൽകോടതിവിധി 83-ാം ഖണ്ഡികയിൽ വ്യത്യസ്തമായാണ് കാണുന്നത്: "പുത്തൻകൂറ്റുകാർ അന്ത്യോക്യാ പാത്രിയർക്കീസിന്റെ വിശ്വാസം പിൻതുടരുന്ന യാക്കോബായക്കാരും പഴയകൂറ്റുകാർ റോമാ മാർപാപ്പായുടെ വിശ്വാസത്തെ അനുസരിക്കുന്ന റോമാസുറിയാനിക്കാരുമാകുന്നു".

ഇതേപ്പറ്റി മറ്റൊരു സാക്ഷ്യം: മുളന്തുരുത്തി പള്ളിക്കാർ എഴുതിവച്ച 1052-ലെ റജിസ്റ്റർ ഉടമ്പടി ആരംഭിക്കുന്നത് ഇപ്രകാരമാണ്:" കണയന്നൂർ പ്രവൃത്തിയിൽ മുളന്തുരുത്തി മുറിയിൽ പുത്തൻകൂർ സുറിയാനി പള്ളിയിലെ താഴെ പേരെഴുതി ഒപ്പിടുന്നവരായ കത്തങ്ങളും ശെമ്മാശന്മാരും കൈക്കാരന്മാരും യോഗക്കാരും കൂടി പൂർണസന്തോഷത്തോടും തൃപ്തിയോടും സ്വമനസ്സാലെയും എഴുതിവച്ച ഉടമ്പടിയാവിത്" (കണിയാംപറമ്പിൽ, *സുറിയാനിസഭ*,1982,പേ.255). - ഇവയുടെ വെളിച്ചത്തിൽ ഈ.എം.ഫിലിപ്പിന്റെ പ്രസ്താവന ശരിയല്ല. പുത്തൻകൂറ്റുകാർ എന്ന പദം അവർ സ്വയം സ്വീകരിച്ചതാണെന്ന് സ്പഷ്ടമാണല്ലോ.





# 5

# പുത്തൻകൂറ്റുകാരും പശ്ചിമേഷ്യൻ യാക്കോബായക്കാരും

ഒന്നാം മാർതോമായുടെ പട്ടം ക്രമപ്പെടുത്തി കിട്ടുന്നതിനായി പല സ്ഥലങ്ങളിലേക്കും എഴുത്തുകൾ അയക്കുകയുണ്ടായി. തദ്ഫലമായി ജറുസലേമിൽ നിന്ന് 1665-ൽ ഗ്രിഗോറിയോസ് എന്നു പേരുള്ള ഒരു യാക്കോബായാ മെത്രാൻ കേരളത്തിലെത്തി. എന്നാൽ അദ്ദേഹം മാർതോമായ്ക്ക് പട്ടംകൊടുത്തു എന്നതിന് തെളിവൊന്നുമില്ല. മാർതോമാ ഒന്നാമൻ 1670-ൽ നിര്യാതനായി. തുടർന്നു നേതൃത്വം കൊടുത്ത 2, 3, 4, 5 മാർതോമാമാർക്കും വിദേശ യാക്കോബായാ മെത്രാന്മാർ പട്ടംകൊടുത്തു എന്നതിന് തെളിവൊന്നുമില്ല. നാലാം മാർതോമായും അഞ്ചാം മാർ തോമായും കത്തോലിക്കാസഭയുമായി ഐക്യപ്പെടാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് റോമിലേക്ക് എഴുതുകയുണ്ടായി. "മാർ തോമാ അഞ്ചാമൻ, പുളിപ്പുള്ള അപ്പം കുർബാനയ്ക്ക് അനുവദിക്കാമെങ്കിൽ റോമാസഭയിൽ ചേർന്നുകൊള്ളാമെന്ന് സമ്മതിച്ച് എഴുതിയെങ്കിലും അക്കാര്യം നടപ്പായില്ല"എന്ന് കണിയാംപറമ്പിൽ എഴുതുന്നു (*സുറിയാനിസഭ,* പേജ്,169).

## പശ്ചിമേഷ്യൻ യാക്കോബായസഭയുടെ ഉത്ഭവം

കൽക്കദോനിയാ സൂനഹദോസിനു ശേഷം (451), യാക്കോബ് ബുർദാനായോടു കൂടിയാണ് (+578) യാക്കോബായാസഭ എന്ന പേരിൽ ഒരു സഭാസമൂഹം ഉടലെടുത്തത്.

ഏകസ്വഭാവവാദിയായ എവുത്തീക്കസിന്റെ പാഷണ്ഡത നിമിത്തമാണ് കൽക്കദോനിയാ സൂനഹദോസ് ചേർന്നത്. നമ്മുടെ കർത്താവിന്റെ ഇരുസ്വഭാവങ്ങളെപ്പറ്റിയുള്ള തർക്കമായിരുന്നു ചർച്ചാവിഷയം. ഏകവ്യക്തിയായ ക്രിസ്തുവിൽ ഒരു സ്വഭാവം മാത്രമേയുള്ളു എന്ന് അയാൾ വാദിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ അവിടുത്തെ മനുഷ്യസ്വഭാവം ദൈവ

സ്വഭാവത്തിൽ പൂർണമായി ലയിച്ചുപോയെന്നും തന്മൂലം ദൈവവപുത്രനായ ക്രിസ്തുവിൽ ഏകസ്വഭാവമേയുള്ളു എന്നുമായിരുന്നു അയാളുടെ വാദം.

അക്കാലത്തെ സഭാരാഷ്ട്രീയപശ്ചാത്തലം സഭയിൽ പിളർപ്പിന് ആക്കംകൂട്ടി. പരസ്പരം മനസ്സിലാക്കാനുള്ള മനോഭാവം അക്കാലത്ത് വളരെ കുറവായിരുന്നു എന്നുവേണം കരുതാൻ. കൽക്കദോനിയാ സൂനഹദോസ് അംഗീകരിച്ചവരും എതിർത്തവരും ഒരുപോലെ യേശുക്രിസ്തു ദൈവവും മനുഷ്യനുമാണെന്നുള്ള സത്യം മുറുകെപ്പിടിച്ചു. വാക്കുകളുടെ പ്രയോഗത്തിലുള്ള അന്തരമാണ് തെറ്റിദ്ധാരണയ്ക്ക് വഴിവച്ചത്. സ്വഭാവം (ക്യാനാ), ആൾ (ക്നോമാ) എന്നീ വാക്കുകളുടെ അർഥം പലരും പല വിധത്തിലാണ് മനസ്സിലാക്കിയത്. അതിന്റെ ഫലമായി അന്നത്തെ കത്തോലിക്കാ സഭയിൽ നിന്ന് കുറേപ്പേർ പിളർന്നു മാറി. അവർ അനേകം അവാന്തരവിഭാഗങ്ങളായി ചിന്നിച്ചിതറാൻ തുടങ്ങി. അവരെയെല്ലാം യോജിപ്പിച്ച് ഒരു യാക്കോബായാ ഹയരാർക്കി ഉണ്ടാക്കിയത് യാക്കോബ് ബുർദാനായാണ്. അതിൽ നിന്നാണ് യാക്കോബായക്കാർ എന്ന പേര് അവർക്ക് ലഭിച്ചത്.

“കൽക്കദോനിയാ സൂനഹദോസിലെ വിശ്വാസനിശ്ചയത്തെ അംഗീകരിച്ചവർ ഒരു കൂട്ടരായും അതിനു മുമ്പുള്ള സൂനഹദോസിലെ നിശ്ചയങ്ങളെ വിശ്വസിച്ചവർ വേറൊരു കൂട്ടരായും ഇങ്ങനെ രണ്ടു ഭാഗമായിട്ടാണ് കൽക്കദോനിയാ സൂനഹദോസിനുശേഷം ഏകസഭ പിരിഞ്ഞത്. ആദ്യത്തെ മൂന്നു സൂനഹദോസിലെ നിശ്ചയങ്ങളെ മാത്രം അംഗീകരിച്ചവർക്കാണ് പിന്നീട്, അതായത്, യാക്കോബ് ബുർദാനയുടെ കാലത്ത്, യാക്കോബായക്കാർ എന്നു പേരു കിട്ടിയത്” എന്ന് കാതോലിക്കാബാവാ മാർ ബസേലിയോസ് ഗീവർഗീസ് സമുദായക്കേസിൽ മൊഴി കൊടുക്കവേ പ്രസ്താവിക്കയുണ്ടായി (*സമുദായക്കേസ്:* പൗരധ്വനി,118 തുലാം 14).

യാക്കോബ് ബുർദാനാ സേർജിയുസ് (+561) എന്നയാളെ അന്ത്യോക്യാ പാത്രിയർക്കീസ് എന്ന പേരിൽ 557/8-ൽ മെത്രാനായി വാഴിച്ചു. അന്ത്യോക്യയിൽ കത്തോലിക്കാ പാത്രിയർക്കീസ് ഉണ്ടായിരുന്നതിനാൽ സേർജയുസ് ഗ്രാമപ്രദേശങ്ങളിലെ ആശ്രമങ്ങളിലാണ് താമസിച്ചിരുന്നത്.

യാക്കോബായാ-ഓർത്തഡോക്സ് സഭകൾ കുർബാനയിലെ അഞ്ചാം തുബ്ദേനിൽ മാർ ഇഗ്നാത്യോസ്, മാർ ക്ലീമീസ്, മാർ യൂലിയോസ്, മാർ ഈവാനിയോസ്, മാർ ബസ്സേലിയോസ്, മാർ അത്തനാസ്യോസ്, മാർ കൂറില്ലോസ്, മാർ അപ്രേം എന്നീ വിശുദ്ധന്മാരെ ഓർത്ത് “അവരുടെ പ്രാർഥന നമുക്ക് കോട്ടയായിരിക്കട്ടെ” എന്നു പ്രാർഥിക്കുന്നു. ഇഗ്നാത്യോസ് അന്ത്യോക്യയിലെയും ക്ലീമീസും യൂലിയോസും റോമിലെയും അത്തനാസ്യോസും





കൂറില്ലോസും അലക്സാണ്ഡ്രിയായിലെയും ഈവാനിയോസ് കോൺസ്റ്റാന്റിനോപ്പിളിലെയും ബസ്സേലിയോസ് കേസറിയായിലെയും മെത്രാന്മാരായിരുന്നു. മാർ അപ്രേം സുറിയാനി സഭയിലെ മൽപ്പാനായിരുന്നു. റോമിൽ ലത്തീൻ റീത്തും അലക്സാണ്ഡ്രയായിൽ കോപ്റ്റിക് റീത്തും അന്ത്യോക്യയിൽ സുറിയാനി റീത്തും കോൺസ്റ്റാന്റിനോപ്പിളിൽ ഗ്രീക്ക് റീത്തും (ബിസന്റൈൻ റീത്തും) ആണ് നടപ്പിലിരുന്നത്. അതായത് ഈ പിതാക്കന്മാർ ലത്തീൻ, ഗ്രീക്ക്, സുറിയാനി എന്നീ റീത്തുകളിൽ പെട്ടവരായിരുന്നു. ഓരോ രാജ്യത്തുമുള്ള സഭ ഓരോ സ്വതന്ത്രസഭയല്ലെന്നും അവ ഓരോന്നും സാർവത്രികസഭയുടെ ഭാഗം മാത്രമാണെന്നുമല്ലേ ഈ മധ്യസ്ഥപ്രാർഥന തെളിയിക്കുന്നത്? മേൽപ്പറഞ്ഞ പിതാക്കന്മാരെല്ലാവരും കൽക്കദോനിയാ സൂനഹദോസിനു മുമ്പ് ജീവിച്ചിരുന്നവരാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ഇപ്പോൾ അന്ത്യോക്യാ പാത്രിയർക്കീസ് എന്ന സ്ഥാനസഞ്ജയുള്ള അഞ്ച് മെത്രാന്മാരുണ്ട്: ഒരു ഗ്രീക്ക് മെൽക്കൈറ്റ് പാത്രിയർക്കീസ്, യാക്കോബായാ പാത്രിയർക്കീസ്, ഗ്രീക്ക് മെൽക്കൈറ്റ് കത്തോലിക്കാ പാത്രിയർക്കീസ്, സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ്, മാറോനീത്താ പാത്രിയർക്കീസ്. ഇവരാരും തന്നെ അന്ത്യോക്യയിൽ താമസിക്കുന്നില്ല. ഇവരിൽ രണ്ടുപേർ ഡമാസ്കസിലും മൂന്നുപേർ ബയ്റൂട്ടിലുമാണ് താമസം. ഗ്രീക്ക് മെൽക്കൈറ്റ് (ബിസന്റൈൻ ഓർത്തഡോക്സ്) പാത്രിയർക്കീസ് ഒഴികെ ബാക്കി നാലു പേരും കേരളം അന്ദർശിച്ചിട്ടുണ്ട്. ഈ അടുത്തിട മലങ്കര കത്തോലിക്കാ പുനരൈക്യവാർഷികത്തിന് (2012 സെപ്തംബർ 20-ന്) എത്തിയത് മാറോനീത്താ പാത്രിയർക്കീസാണ്. അന്ത്യോക്യൻ സഭാവിഭാഗങ്ങളിൽ ഏറ്റവും ചൈതന്യവത്തായ സഭ മാറോനീത്താ സഭയാണ്. അതുപോലെ അംഗസംഖ്യയിലും ഈ സഭയാണ് ഏറ്റവും വലുത്. മൂവാറ്റുപുഴ മലങ്കര കത്തോലിക്കാ കത്തീഡ്രൽ കൂദാശയ്ക്കെത്തിയത് സുറിയാനി കത്തോലിക്കാ പാത്രിയർക്കീസാണ്. തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാസഭയുടെ ഒരു മെത്രാഭിഷേകത്തിന് എത്തിയത് ഗ്രീക്ക് മെൽക്കൈറ്റ് കത്തോലിക്കാ പാത്രിയർക്കീസാണ്. കേരളത്തിൽ പലരും അന്ത്യോക്യാ പാത്രിയർക്കീസ് യാക്കോബായാ പാത്രിയർക്കീസ് മാത്രമാണെന്ന് കരുതുന്നത് ശരിയല്ല.

അന്ത്യോക്യയിൽ (തുർക്കിയിലെ അന്റാക്കിയായിൽ) യാക്കോബായക്കാർക്ക് മെത്രാനോ, വൈദികരോ ഇല്ല. അന്റാക്കിയായിൽ ഇപ്പോൾ ഒരു ലത്തീൻ കത്തോലിക്കാ പള്ളിയും ഒരു ബിസൻറൈൻ ഓർത്തഡോക്സ് പള്ളിയുമേയുള്ളു. ബാക്കി ജനങ്ങളെല്ലാം തുർക്കി മുസ്ലീങ്ങളാണ്.

## ആറാം മാർതോമാ

അഞ്ചാം മാർ തോമായിൽ നിന്നാണ് ആറാം മാർതോമായ്ക്ക് 1761-ൽ

കൈവയ്പ്പ് കിട്ടിയത്. അതിൽ സംശയം തോന്നിയ അദ്ദേഹത്തിന് പശ്ചിമേഷ്യയിൽ നിന്നു വന്ന മാർ ഈവാനിയോസും മാർ ഗ്രിഗോറിയോസും കൂടി 1770-ൽ ആദ്യപട്ടം മുതൽ എല്ലാ പട്ടങ്ങളും നൽകി. ദിവന്നാസ്യോസ് എന്ന് ആറാം മാർതോമാ പേരെടുക്കുകയും ചെയ്തു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ വളരെയധികം ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. പഴയകൂറ്റുകാരായ കരിയാറ്റി മൽപ്പാന്റെയും പാറേമ്മാക്കൽ തോമാക്കത്തനാരുടെയും കൂടെ സഭൈക്യത്തിന് അദ്ദേഹം പല പരിശ്രമങ്ങളും നടത്തി. കരിയാറ്റി റോമിലും പോർട്ടുഗലിലും പോയി മെത്രാനായി, മാർ ദിവന്നാസ്യോസിനെ സ്വീകരിക്കാനുള്ള അധികാരപത്രത്തോടു കൂടെ നാട്ടിലേക്കു തിരിച്ചു. എന്നാൽ വഴിമധ്യേ ഗോവയിൽവച്ച് അദ്ദേഹം നിര്യാതനായി. എന്നാൽ മാർ ദിവന്നാസ്യോസ് ആലപ്പുഴ തത്തംപള്ളിയിൽവച്ച് 1799 ജൂൺ 11-ന് കത്തോലിക്കാസഭയിൽ ചേർന്നു. എന്നാൽ മെത്രാനടുത്ത അധികാരങ്ങളൊന്നും അദ്ദേഹത്തിന് മിഷനറി മെത്രാന്മാർ നൽകിയില്ല. അക്കാരണത്താൽ ആറു മാസത്തിനുശേഷം അദ്ദേഹം തിരികെ പോയി (ഇ.എം.ഫിലിപ്പ്, പേ.180). 1796-ൽ മാർ ദിവന്നാസ്യോസ് തന്റെ പിൻഗാമിയായി ഏഴാം മാർ തോമായെ വാഴിച്ചു. 1808 മീനം 25-ന് മാർ ദിവന്നാസ്യോസ് മരിച്ച്, പുത്തൻകാവു പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

## ഏഴും എട്ടും ഒൻപതും മാർ തോമാമാർ

ഏഴാം മാർതോമാ 1809 മിഥുനം 20-ാംതീയതി നിര്യാതനായി. ''അദ്ദേഹം ആസന്നമരണാവസ്ഥയിൽ ബോധരഹിതനായി കിടന്ന അവസരം, അവിടെ സമീപത്തുണ്ടായിരുന്ന സമുദായപ്രതിനിധികൾ അദ്ദേഹത്തിന്റെ കൈകൾ തലയിൽ വച്ച് എട്ടാം മാർതോമായെ വാഴിച്ചു". എട്ടാം മാർതോമായുടെ കൈവയ്പിനെപ്പറ്റിയും പിൻതുടർച്ചയെപ്പറ്റിയും തർക്കമുണ്ടായി. മദ്രാസ് ഗവർമെന്റ് റെസിഡന്റ് മുഖേന എട്ടാം മാർതോമായ്ക്ക് 17 ചോദ്യങ്ങൾ അയച്ചു. അവയിൽ 15-ാം ചോദ്യവും അതിന്റെ മറുപടിയും താഴെ ചേർക്കുന്നു:

ചോദ്യം: സുറിയാനിക്കാരുടെ വന്ദനാപ്രകാരങ്ങൾ എന്തെല്ലാമാകുന്നു?

ഉത്തരം: അന്ത്യോക്യയുടെ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് കൊടുത്തയച്ച പുസ്തകങ്ങളിൽ കാണുന്ന മര്യാദപ്രകാരം യാക്കോബായാ സുറിയാനിക്കാർ നടന്നുവരുന്നു (*റോയൽകോടതിവിധി*, 126).

റെസിഡന്റിന്റെ സഹായത്തോടുകൂടി വട്ടിപ്പണത്തിന്റെ പലിശ 1809-ൽ എട്ടാം മാർതോമാ വാങ്ങി. എട്ടാം മാർ തോമായുടെ കാലത്ത് സുറിയാനിക്കാർക്ക് റെസിഡന്റ് മൺറോയുടെ ശുപാർശപ്രകാരം തിരുവിതാംകൂർ





രാജ്ഞിയിൽ നിന്ന് 8000 രൂപായും 20000 രൂപായും, കരമൊഴിവായി കല്ലടയ്ക്കു സമീപം മൺറോ തുരുത്തും ലഭിച്ചു എന്ന് റോയൽ കോടതിവിധി 130-ാം ഖണ്ഡികയിൽ പറയുന്നു. എട്ടാം മാർ തോമായിൽ നിന്നുള്ള കൈവയ്പാണ് 1815-ൽ ഒൻപതാം മാർ തോമായ്ക്ക് ലഭിച്ചത്. എട്ടും ഒൻപതും മാർ തോമാമാരുടെ കൈവയ്പിനെപ്പറ്റി ജനങ്ങൾക്കിടയിൽ സംശയമുണ്ടായിരുന്നു.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (രണ്ടാമൻ)

"മാർതോമാ എട്ടാമന്റെ എതിർകക്ഷി നേതാവും കുന്നംകുളം സ്വദേശിയും ആർത്താറ്റു പള്ളി ഇടവകാംഗവുമായ ജോസഫ് റമ്പാൻ...സുറിയാനി ശെമ്മാശന്മാരുടെ വൈദികവിദ്യാഭ്യാസാർഥം ഒരു സ്ഥാപനം നിർമിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി റെസിഡന്റ് കേണൽ മൺറോയെ ധരിപ്പിക്കുകയും ആ ആവശ്യത്തിനായി വട്ടിപ്പണത്തിന്റെ പലിശയിൽ കുടിശിഖ ഉണ്ടായിരുന്ന തുക മുഴുവൻ റമ്പാനെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത സ്ഥാപനത്തിന് ആവശ്യമുള്ള സ്ഥലം കോട്ടയത്ത് കരമൊഴിവായി തിരുവിതാംകൂർ സർക്കാർ ദാനം ചെയ്യുകയും ചെയ്തു. 1813 ഫെബ്രുവരിയിൽ കോട്ടയം പഴയ സെമിനരിയുടെ പണിതുടങ്ങി. 1815 മാർച്ചുമാസത്തിൽ അവിടെ വിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്തു..ഇതിനിടയിൽ മെത്രാനല്ലാത്ത ഒരാളെ റെസിഡന്റ് പണപ്പലിശ ഏൽപ്പിച്ചതിൽ മദ്രാസ് ഗവർമെന്റ് അഹിതം പ്രകടിപ്പിച്ചു. ഈ വൈഷമ്യത്തിൽ നിന്ന് വിമുക്തനാകുന്നതിന് റമ്പാൻ 1815 മീനം 9-ാം തീയതി തൊഴിയൂർ മാർ ഫീലൊക്സീനോസിൽ നിന്ന് ദിവന്നാസ്യോസ് എന്ന നാമത്തിൽ മെത്രാൻസ്ഥാനം സ്വീകരിച്ചു" (ഈ.എം. ഫിലിപ്പ്, പുറം,192-193). എട്ടാം മാർതോമായും ഒൻപതാം മാർതോമായും ജീവിച്ചിരിക്കുമ്പോഴാണ് പുലിക്കോട്ടിൽ റമ്പാൻ മെത്രാനായത്. എല്ലാ സുറിയാനി ക്രിസ്ത്യാനികളും അദ്ദേഹത്തെ അനുസരിച്ചുകൊള്ളണമെന്ന് ഒരു രാജകീയവിളംബരവും അദ്ദേഹം സമ്പാദിച്ചു.

## തൊഴിയൂർസഭ

ആറാം മാർതോമായെ മെത്രാനായി വാഴിച്ച മാർ ഗ്രിഗോറിയോസ് പ്രായാധിക്യത്തോടുകൂടി അന്ധനായി ഭവിക്കയാൽ, കാട്ടുമങ്ങാട്ട് ഗീവർഗീസ് റമ്പാൻ അദ്ദേഹത്തിന്റെ ശുശ്രൂഷകനായി ചേർന്നു. റമ്പാന്റെ പ്രേരണയിൽ അകപ്പെട്ട് റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മാർ ഗ്രിഗോറിയോസ് 1772 വൃശ്ചികം 17-ാം തീയതി മെത്രാനാക്കി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ മാർ കൂറിലോസിനെതിരായി വിധി പ്രസ്താവിക്കയാൽ, അദ്ദേഹം ബ്രിട്ടീഷ് മലബാറിൽ അഞ്ഞൂർ എന്ന പേരിൽ അറിയപ്പെ

ടുന്ന തൊഴിയൂർ എന്ന സ്ഥലത്തെത്തി ഒരു പള്ളി സ്ഥാപിച്ച് അവിടെ ശിഷ്ടായുസ് കഴിച്ചുകൂട്ടി. ഈ കൂറിലോസിന്റെ മൂന്നാമത്തെ പിൻഗാമിയായ മാർ ഫീലക്സീനോസ് രണ്ടാമനാണ് മേൽപറഞ്ഞ മാർ ദിവന്നാസ്യോസിനെ മെത്രാനായി വാഴിച്ചത്. തുടർന്ന് യാക്കോബായാസഭയെ നയിച്ച ദിവന്നാസ്യോസ് മൂന്നാമനും നാലാമനും തൊഴിയൂർ മെത്രാന്മാരിൽ നിന്നാണ് മെത്രാൻപട്ടം സ്വീകരിച്ചത്. ഈ സഭയിൽ പെട്ട പൗലോസ് മാർ ഫീലൊക്സീനോസ് തിരുമേനിയാണ് 1977-ൽ കത്തോലിക്കാ സഭയിൽ ചേർന്നത്.





# 6
# ചർച്ച് മിഷനറി സൊസൈറ്റിയും യാക്കോബായാസഭയും

റെസിഡന്റ് കേണൽ മൺറോയുടെ സഹായം കൊണ്ടാണ് പുലിക്കോട്ടിൽ ജോസഫ് റമ്പാൻ വട്ടിപ്പണത്തിന്റെ പലിശ വാങ്ങിയതും കോട്ടയത്ത് സെമിനരിക്കുവേണ്ടി കരമൊഴിവായി സ്ഥലം ലഭിക്കാൻ ഇടയായതും തൊഴിയൂർ മാർ ഫീലൊക്സീനോസിനെ വരുത്തി മെത്രാൻപട്ടം സ്വീകരിച്ചതും. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത് സി.എം.എസ്. മിഷനറിമാർക്ക് യാക്കോബായക്കാരുടെ ഇടയിൽ മിഷൻവേല ചെയ്യാൻ സ്വാതന്ത്ര്യം ലഭിച്ചു. സിഎം.എസ്. സമൂഹത്തിലെ ജോസഫ് ഫെൻ സെമിനരി പ്രിൻസിപ്പലായി പ്രവർത്തിക്കാൻ തുടങ്ങി. തോമസ് നോർട്ടൻ ആലപ്പുഴയിൽ താമസിച്ചു കൊണ്ട് കോട്ടയം സെമിനരിയിൽ വന്നു പഠിപ്പിച്ചു. ബഞ്ചമിൻ ബെയ്‌ലി, ഹെൻറി ബേക്കർ എന്നിവരും സെമിനരി പരിശീലനത്തിൽ സഹകരിച്ചു പ്രവർത്തിച്ചിരുന്നു.

## പുന്നത്ര മാർ ദിവന്നാസ്യോസ് (മൂന്നാമൻ)

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1818 വൃശ്ചികം 12-ന് മരിച്ച് പഴയ സെമിനരിയിൽ സംസ്ക്കരിക്കപ്പെട്ടു. അടുത്ത തുലാം 26-ന് തൊഴിയൂർ മാർ ഫീലൊക്സീനോസ്, വികാരി ജനറാൾ ജോർജിനെ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. എല്ലാ സുറിയാനി ക്രിസ്ത്യാനികളും അദ്ദേഹത്തെ അനുസരിച്ച് നടന്നുകൊള്ളണമെന്ന് രാജകീയവിളംബരവും സമ്പാദിച്ചു. ഇക്കാലത്തും സി.എം.എസ്.മിഷണറിമാർ നിർബാധം യാക്കോബായ പള്ളികളിൽ പ്രസംഗിച്ചിരുന്നു. കേണൽ മൺറോയുടെ നിർദ്ദേശപ്രകാരം ചില പള്ളികളിൽ നിന്ന് പഴയകൂറ്റുകാരെ ബലമായി ഇറക്കിവിട്ട ശേഷം അവ പുത്തൻകൂറ്റുകാർക്ക് മിഷണറിമാർ കൈവശപ്പെടുത്തി കൊടുത്തു. "ചില സുറിയാനിപ്പള്ളികൾ കൈവശപ്പെടുത്തുന്നതിന് മിഷനറിമാർ റസിഡന്റിന്റെ അനുവാദം അപേക്ഷിച്ചു"എന്ന് ഈ .എം. ഫിലിപ്പ് പറയുന്നു.

കോട്ടയം വലിയപള്ളിയും പിറവം പള്ളിയും അതുവരെ റോമാസഭയുടെയും യാക്കോബായ സഭയുടെയും കൂട്ടുകൈവശത്തിൽ ഇരിക്കയായിരുന്നു. ആലപ്പുഴയിലും ചങ്ങനാശ്ശേരിയിലുമുള്ള പള്ളികൾ ഒരുകാലത്ത് നിരണം പള്ളിയുടെ കുരിശുപള്ളികളായിരുന്നു. ഈ കാരണങ്ങളാൽ ഈ നാലു പള്ളികളും കൈവശപ്പെടുത്തുന്നതിന് ഫെന്നിനെ അധികാരപ്പെടുത്തുന്നതായ ഒരു രാജകീയവിളംബരവും താമസംവിനാ പുറപ്പെട്ടു. കോട്ടയത്തെയും പിറവത്തെയും പള്ളികളിൽ നിന്ന് കത്തോലിക്കരെ ഇറക്കുന്നതിന് നിഷ്പ്രയാസം സാധിച്ചു. എന്നാൽ അനേകം തലമുറകളായി റോമൻ കത്തോലിക്കർ പരിപൂർണമായി കൈവശം വച്ചുകൊണ്ടിരുന്ന മറ്റു രണ്ടു പള്ളികളിൽ നിന്ന് അവരെ ഇറക്കുക ക്ഷിപ്രസാധ്യമായിരുന്നില്ല....ഭീഷണികളും ശിക്ഷകളും കൊണ്ട്, സ്ത്രീകളും കുട്ടികളും ഉൾപ്പെട്ടിരുന്ന റോമാപക്ഷക്കാരെ പള്ളിയിൽ നിന്ന് വെളിയിലാക്കുക സാധ്യമല്ലാതായി....ഒടുവിൽ ഫെൻ പരാജിതനായി അവിടെ നിന്ന് തിരികെ പോകേണ്ടിവന്നു. അപ്പോഴേക്കും മൺറോയിക്ക് സ്ഥലംമാറ്റം വന്നതിനാൽ, അദ്ദേഹത്തിന്റെ ആജ്ഞാനുസരണം ചങ്ങനാശ്ശേരിയിലെയും ആലപ്പുഴയിലേയും പള്ളികളെ സംബന്ധിച്ചുള്ള ഉത്തരവ് പിൻവലിക്കപ്പെട്ടു. 1825 ഇടവം 5-ന് കോളറാ മൂലം പുന്നത്ര മാർ ദിവന്നാസ്യോസ് മരിച്ചു (ഈ.എം.ഫിലിപ്പ്, പേ.202-204).

## ചേപ്പാട്ട് മാർ ദിവന്നാസ്യോസ് (നാലാമൻ)

ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ 1825 ചിങ്ങം 15-ന് തൊഴിയൂർ മാർ ഫീലൊക്സീനോസിൽ നിന്ന് മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടു. അക്കാലത്ത് പീറ്റ് സായിപ്പ് സെമിനരി പ്രിൻസിപ്പലായി. അദ്ദേഹം ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ തുടങ്ങി. അതേപ്പറ്റി ഈ.എം. ഫിലിപ്പ് പറയുന്നു:

“സിമ്മനാരികളിലും ഇടവകപ്പള്ളികളിലും മിഷനറിമാർ നടത്തിയ പ്രസംഗങ്ങളിൽ പരസ്യമായി സുറിയാനിസഭയുടെ വിശ്വാസ സത്യങ്ങളെയും ആചാരമര്യാദകളെയും അപലപിച്ചു തുടങ്ങി.” കൽക്കട്ട ബിഷപ്പായിരുന്ന ദാനിയേൽ വിത്സൻ 1835-ൽ കോട്ടയത്തും കണ്ടനാട്ടുമുള്ള പള്ളികൾ സന്ദർശിക്കുകയും കുർബാനതക്സാ പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു (ഇ.എം.ഫിലിപ്പ്, പേ. 213).

## മാവേലിക്കര പടിയോല

“മാവേലിക്കര വച്ച് 1836 മകരം 5-ന് ഒരു യോഗം നടത്തപ്പെട്ടു. മാർ ദിവന്നാസ്യോസും തൊഴിയൂർ മാർ കൂറിലോസ് മൂന്നാമനും മിക്ക പള്ളി





കളുടെയും പ്രതിനിധികളും കൂടി ഒരു മീറ്റിംഗ് കൂടി. ഒരു മിഷനറിയും സന്നിഹിതനായിരുന്നു. പാത്രിയർക്കീസിന്റെ അനുമതി കൂടാതെ യാതൊരു ഭേദഗതിയും വരുത്തിക്കൂടാ എന്ന് യോഗം ഐകകണ്ഠ്യേന നിശ്ചയിച്ചു” (ഈ.എം. ഫിലിപ്പ്,പേ. 214). ഈ യോഗതീരുമാനം *മാവേലിക്കര പടിയോല* എന്ന പേരിൽ അറിയപ്പെടുന്നു. സി.എം.എസ്.കാരും യാക്കോബായാക്കാരും കൂടി പൊതുവായി കൈവശം വച്ചിരുന്ന സ്വത്തു സംബന്ധിച്ച് തർക്കം ഉണ്ടായി.

## കൊച്ചിൻ അവാർഡ്

തർക്കം തീർക്കാൻ മൂന്നു പേർ അടങ്ങിയ പഞ്ചായക്കാരെ (കമ്മറ്റിക്കാരെ) നിശ്ചയിച്ചു. *കൊച്ചി പഞ്ചായക്കോടതി* എന്ന പേരിൽ ഈ കമ്മിറ്റി അറിയപ്പെടുന്നു. 1840 ഏപ്രിൽ 4-ലെ ഇതിന്റെ വിധി കൊച്ചിൻ അവാർഡ് എന്ന പേരിൽ അറിയപ്പെടുന്നു. ഈ വിധിയനുസരിച്ച് പഴയ സെമിനരിയും വട്ടിപ്പണവും സുറിയാനിക്കാർക്കും മൺറോ തുരുത്തും കോട്ടയം സി.എം.എസ്. കോളജും സി.എം.എസ്.കാർക്കും ലഭിച്ചു. ഇപ്പോൾ സി.എം.എസ് കോളേജ് ഇരിക്കുന്ന സ്ഥലത്ത് സി.എം.എസ്.കാർ ഒരു പുതിയ സെമിനരി തുടങ്ങി. അത് പുത്തൻ സെമിനരിയായും ആദ്യത്തേത് പഴയ സെമിനരിയായും അറിയപ്പെട്ടു.

# 7
# നവീകരണകക്ഷി

മിഷണറിമാരുടെ ആഹ്വാനമനുസരിച്ച് പരിഷ്കരിച്ച തക്സാ വച്ച് അബ്രഹാം മൽപ്പാൻ കുർബാന ചൊല്ലി. അദ്ദേഹത്തിന്റെ അനന്തിരവനായിരുന്നു പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ. മാത്യൂസ് മിഷനറിമാരുടെ പക്ഷം ചേർന്നു. അക്കാരണത്താൽ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് അബ്രഹാം മൽപ്പാനെയും മാത്യൂസിനെയും സഹപാഠിയായിരുന്ന ജോർജ് മാത്തനെയും മുടക്കി. മാത്യൂസും ജോർജും മദ്രാസിൽ പോയി ആംഗ്ലിക്കൻ സഭയിലെ പട്ടത്തിനു പഠിച്ചു. എന്തോ കുറ്റം കൊണ്ട് മാത്യൂസ് അവരുടെ സെമ്മിനരിയിൽ നിന്ന് ബഹിഷ്കൃതനായി. ജോർജ് മാത്തൻ സി.എം.എസ് സഭയിലെ ഒന്നാമത്തെ നാട്ടുപാദ്രിയായി. അബ്രഹാം മൽപ്പാന്റെ സഹായത്തോടുകൂടി മാത്യൂസ് ശെമ്മാശൻ പശ്ചിമേഷ്യയിൽ യാക്കോബായ പാത്രിയർക്കീസിന്റെ പക്കലേക്ക് പോയി. അദ്ദേഹം ചെന്നത് ഒരു നല്ല അവസരത്തിലായിരുന്നു.

റോയൽകോടതി വിധിയിൽ ഇപ്രകാരം പറയുന്നു: "ഇതിനിടയിൽ സുറിയാനി സമുദായം അവരുടെ മേൽപട്ടക്കാർക്കും പട്ടക്കാർക്കും ലബ്ധമായ പട്ടത്തിൽ തൃപ്തിപ്പെടാതെ അന്ത്യോക്യാ പാത്രിയർക്കീസിന്റെ പേർക്ക് പല കത്തുകൾ അയച്ചിരുന്നു" (നമ്പർ,151).

മാർ ദിവന്നാസ്യോസ് രണ്ടാമനും മൂന്നാമനും നാലാമനും തൊഴിയൂരെ മാർ ഫീലൊക്സീനോസിൽ നിന്നുമാണല്ലോ മെത്രാൻപട്ടം സ്വീകരിച്ചത്. റോയൽ കോടതിവിധി 154-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു:

" എം അടയാളപ്രമാണം മാർ അത്തനാസ്യോസിന്റെ സ്ഥാത്തിക്കോന്റെ പകർപ്പാകുന്നു...നിങ്ങൾ അയച്ച എഴുത്തിൽ ഞങ്ങൾക്ക് ഇടയനും പട്ടവും... ഇല്ലെന്നും അതുപോലെ മറ്റനേകം വാചകങ്ങളും നിങ്ങൾ ആവലാതിയായി പറഞ്ഞിട്ടുണ്ട്....അങ്ങനെയിരിക്കെ നമ്മുടെ പ്രിയ പുത്രനായ കശ്ശീശാ മത്തായി നിങ്ങളുടെ അടുക്കൽ നിന്ന് വന്നുചേർന്നു....ഒന്നാമത് അവനെ ശെമ്മാശനായിട്ടും പിന്നെ കത്തനാരായിട്ടും പിന്നീട് റമ്പാനായിട്ടും ഒടുവിൽ മെത്രാപ്പോലീത്താ ആയിട്ടും നാം പട്ടം കെട്ടി...1842 കുംഭം 1-ന് ഈ പ്രമാണം എഴുതപ്പെട്ടു. 1843-ാമാണ്ടിന്റെ മധ്യത്തിൽ ഇയാൾ മലയാളത്തു വന്നു."





മാർ ദിവന്നാസ്യോസും മറ്റു സമുദായ പ്രമാണികളും മാർ അത്തനാസ്യോസിനെ സ്വീകരിക്കാൻ വിസമ്മതിച്ചു. അദ്ദേഹത്തിന്റെ മുൻകാലചരിത്രവും നവീകരണപ്രതിപത്തിയും വിവരിച്ച് പാത്രിയർക്കീസിന്റെ പേർക്ക് അവർ എഴുതി അയച്ചു. ഇവിടുത്തെ സുറിയാനിസമുദായം തെരഞ്ഞെടുത്ത് അയച്ചതാണെന്ന് തെറ്റിദ്ധരിച്ചാണ് പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനായി വാഴിച്ചത്.

മാർ അത്തനാസ്യോസ് നാട്ടിൽ വന്നശേഷം, മാർ ദിവന്നാസ്യോസിന് അനുകൂലമായ തിരുവെഴുത്തുവിളംബരം റദ്ദാക്കിയിട്ട്, തനിക്ക് അനുകൂലമായി വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനായി റെസിഡന്റിന്റെ പേർക്ക് കത്തെഴുതി . പ്രസ്തുത കത്തിനെപ്പറ്റി മാർ ദിവന്നാസ്യോസിനോട് എഴുതി ചോദിക്കുകയും മാർ ദിവന്നാസ്യോസ് അതിനു മറുപടി കൊടുക്കുകയും ചെയ്തു.

## മാർ കൂറില്ലോസ്

മാർ അത്തനാസ്യോസിന്റെ പേരിലുള്ള കുറ്റാരോപണങ്ങളെപ്പറ്റി അന്വേഷിച്ച് വേണ്ടതു ചെയ്യാനുള്ള അധികാരത്തോടുകൂടെ യൊവാക്കിം മാർ കൂറില്ലോസ് എന്ന മെത്രാനെ പാത്രിയർക്കീസ് കേരളത്തിലേക്കയച്ചു. മാർഅത്തനാസ്യോസ് കുറ്റക്കാരനായി കാണപ്പെട്ടാൽ, അദ്ദേഹത്തെ മുടക്കാനും ആ സ്ഥാനത്ത് വേറൊരാളെ നിയമിക്കേണ്ടി വന്നാൽ അയാൾക്ക് സ്ഥാത്തിക്കോൻ കൊടുക്കാനും വേണ്ടി ഒപ്പും മുദ്രയും വച്ച് എഴുതാത്ത കടലാസുകൾ കൂറിലോസിനെ പാത്രിയർക്കീസ് ഏൽപ്പിച്ചു. മാർ കൂറില്ലോസ് ഇവിടെ വന്ന് വിവരങ്ങൾ അന്വേഷിച്ചശേഷം മാർ അത്തനാസ്യോസിനു പകരമായി പാത്രിയർക്കീസിനാൽ താൻ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ട് നിയമിക്കപ്പെട്ടിരിക്കുന്നു എന്നു കാണിച്ച് പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയും വച്ച എഴുതാത്ത കടലാസുകളിൽ സ്ഥാത്തിക്കോനും പ്രമാണവും എഴുതിയുണ്ടാക്കി.

മാർ ദിവന്നാസ്യോസ് വയോധികനായിരുന്നതുകൊണ്ട് മെത്രാപ്പോലിത്താ എന്ന തന്റെ സ്ഥാനം മാർ കൂറില്ലോസിനു വേണ്ടി ഒഴിഞ്ഞു കൊടുത്തു. ആ വിവരം 1846 ചിങ്ങം 30-ലെ എഴുത്താൽ ബ്രിട്ടീഷ് റസിഡന്റിനെ അറിയിച്ചു. മാർ അത്തനാസ്യോസ് ഇതിന്മേൽ റെസിഡന്റിന്റെ പക്കൽ 1847 ജൂൺ 10-ാം തീയതി പരാതി ബോധിപ്പിച്ചു. രണ്ടു കൂട്ടരുടെയും വാദങ്ങൾ കേട്ട് തീർപ്പു കൽപ്പിക്കുന്നതിന് റെസിഡന്റിന്റെ ശുപാർശപ്രകാരം തിരുവിതാംകൂർ സർക്കാർ രണ്ടു യൂറോപ്യന്മാരും രണ്ടു നാട്ടുകാരുമായി ഒരു കമ്മറ്റിയെ

1848 ജനുവരി മാസത്തിൽ നിയമിച്ചു. കൊല്ലവർഷം 1023 മീനം 4-ന് കൊല്ല ത്തുവച്ച് മീറ്റിംഗ് കൂടി. കമ്മറ്റിക്കാർ വിസ്താരം ആരംഭിച്ചപ്പോൾ മാർ അത്താസ്യോസും മാർ കൂറിലോസും അവനവന്റെ പ്രമാണങ്ങൾ ഹാജ രാക്കി. അവയുടെ കൂട്ടത്തിൽ മാർ അത്തനാസ്യോസിനെ മെത്രാനായി കിട്ടണമെന്ന് കൊല്ലം മുതലായ ഇരുപത്തഞ്ചു പള്ളികളിലെ പട്ടക്കാരും യോഗവും കൂടി എഴുതിയ ഒരു ഹർജിയും മാർ കൂറില്ലോസിനെ മെത്രാ നായി കിട്ടണമെന്ന് കോട്ടയത്തു വലിയപള്ളി മുതലായ 39 പള്ളികളിലെ പട്ടക്കാരും യോഗവും കൂടി എഴുതിയ ഒരു ഹർജിയും ഹാജരാക്കപ്പെട്ടു (*റോയൽ കോടതിവിധി,* നമ്പർ, 165.167.171).

## കൊല്ലം പഞ്ചായവിധി

കമ്മറ്റിക്കാർ താഴെ പറയുന്നപ്രകാരം വിധി പ്രസ്താവിച്ചു: "മേൽപറഞ്ഞ സംഗതികളെല്ലാം നല്ലപോലെ ആലോചിക്കുകയും പരിശോധിക്കുകയും ചെയ്തതിൽ...മാർ അത്തനാസ്യോസിന്റെ സ്ഥാത്തിക്കോൻ തന്നെയും തർക്കമറ്റതായിരിക്കുന്നതും, മാത്രമല്ല, ഈ നാട്ടുകാരനായിരിക്കുന്ന സ്ഥിതിക്ക് അയാളെ തെരഞ്ഞെടുക്കുന്നത് കീഴ്നടപ്പിന് അനുസൃതമായിരി ക്കുമെന്നും മലയാള സുറിയാനിസഭയുടെ മെത്രാപ്പോലീത്താ ആയിട്ട് മാർ അത്തനാസ്യോസിനെ സർക്കാർ സ്വീകരിച്ച് വിളംബരം ചെയ്യേണ്ടതു ന്യായവും നീതിയും ആണെന്നും കമ്മറ്റിക്കാർക്ക് ബോധ്യമായിരിക്കുന്നു" (*റോയൽകോടതിവിധി,* നമ്പർ, 171 ). കൊല്ലം പഞ്ചായവിധി അഥവാ കൊല്ലം കമ്മറ്റിവിധി എന്ന പേരിൽ ഇത് അറിയപ്പെടുന്നു.

മാത്യൂസ് മാർ അത്തനാസ്യോസിനെ അംഗീകരിച്ചുകൊണ്ട് 1852-ൽ തിരു വിതാംകൂർ രാജാവ് വിളംബരം പ്രസിദ്ധീകരിച്ചു. ഏലിയാസ് പാത്രിയർക്കീസ് 1847-ൽ മരിച്ചു. ആ വർഷം ഇടവം 8-ന് യാക്കോബ് രണ്ടാമൻ പാത്രി യർക്കീസ് സ്ഥാനമേറ്റു. "മതകാര്യങ്ങളിൽ പ്രവേശിക്കുകയില്ലെന്നുള്ള ബ്രിട്ടീഷ് ഗവർമെന്റിന്റെ സാധാരണ നിയമമനുസരിച്ച് അന്ത്യോക്യാ പാത്രിയർക്കീസിനാൽ മേലിൽ ആ രാജ്യത്തേക്ക് അയക്കപ്പെടുന്ന വൈദി കരുടെ വാദങ്ങൾ അംഗീകരിക്കുകയോ, തിരസ്കരിക്കുകയോ ചെയ്യേണ്ടത് അവരാകുന്നു" എന്ന് 1857 മെയ് 13-ാം തീയതിയിൽ ഒരുത്തരവുണ്ടായി (റോയൽ കോടതിവിധി, നമ്പർ,184).

## മലങ്കരകാനൻ

മാത്യൂസ് മാർ അത്തനാസ്യോസ് 1857-ൽ ഒരു കാനൻസംഹിത ഉണ്ടാക്കി: "മാർ തോമാശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറിയാനി സഭയുടെ കാനൊൻ. മലങ്കര ഇടവകയുടെ മാർ അത്താനാസ്യൊസു മെത്രാ പ്പോലീത്താ തർജ്ജമ ചെയ്തത്. 1857." അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ





ആയിരിക്കുമ്പോളാണ് അത് തയാറാക്കിയത്. ഈ കാനനിൽ ഉൾപ്പെടു ത്തിയിരിക്കുന്ന ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. പ്രതിഷ്ഠിക്കപ്പെടുന്ന പള്ളികൾ വിശുദ്ധരുടെ നാമത്തിൽ ആയിരി ക്കണം (ഒന്നാം കെപ്പാലയോൻ, ഒന്നാംഭാഗം,4)

2. വിശുദ്ധരെ പ്രാർഥനകളിൽ ഓർക്കേണ്ടതാണ് (അഞ്ചാം കെപ്പാല യോൻ, 9). എന്നാൽ ."...മരിച്ചുപോയ പരിശുദ്ധന്മാരൊട് നമസ്ക്കരിക്കുന്നത് വേദവിധിക്ക് ചേരുന്നതല്ല"എന്ന് അടുത്ത് നമ്പറിൽ കാണുന്നു (5,10).

3. ആചരിക്കേണ്ട നോമ്പുകളെപ്പറ്റി എട്ടാം കെപ്പാലയോനിൽ പറയുന്നു.

4. സഭയിൽ ആചരിക്കേണ്ട മാറാനായ തിരുനാളുകളെപ്പറ്റിയും വിശു ദ്ധരുടെ പെരുന്നാളുകളെപ്പറ്റിയും ഒൻപതാം കെപ്പാലയോനിൽ പറയുന്നു. നിശ്ചിത തീയതികളിൽ മാർതോമാ ശ്ലീഹായുടെ പെരുന്നാൾ, മാർ പത്രോ സിന്റെയും മാർ പൗലോസിന്റെയും പെരുന്നാൾ, ശ്ലീഹന്മാർ 12 പേരുടെയും പെരുന്നാൾ, കന്യാസ്ത്രിമറിയത്തിന്റെ വാങ്ങിപ്പുപെരുന്നാൾ, യോഹന്നാൻ മാംദാനായുടെ ശിരഛേദനപ്പെരുന്നാൾ എന്നിവ ആചരിക്കണമെന്ന് നമ്പർ 3-ൽ പറയുന്നു.

5. "മൂറോൻ എന്ന അഭിഷേകതൈലം ...മേൽപ്പട്ടക്കാരനാൽ ശുദ്ധീക രിക്കപ്പെടേണ്ടതാണ്."എന്ന് നാലാം കെപ്പാലയോൻ നമ്പർ 1-ൽ പറയുന്നു.

6. "...ഏകബലിയാകുന്ന കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനു വേണ്ടി കർത്താവ് ശ്ലീഹന്മാർക്കും...ഭരമേൽപ്പിച്ച പ്രകാരം...ശുദ്ധമന കുർബാ ന അണയ്ക്കപ്പെടേണ്ടതാകുന്നു" എന്ന് ആറാം കെപ്പാലയോൻ ഒന്നാം ഭാ ഗത്ത് കാണുന്നു.

7. കശ്ശീശായോട് പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുന്നതിന്റെ ആവ ശ്യകതയെപ്പറ്റി 12-ാം കെപ്പാലയോൻ 2-ൽ പറയുന്നു: "ശുദ്ധമാന കുർബാ നയിൽ സംബന്ധിപ്പാൻ ഒരുങ്ങപ്പെട്ടു വരുന്നവർ കശ്ശീശായോട് കുമ്പസാരി ക്കാൻ ന്യായമാകുന്നു. രഹസ്യമായും പരസ്യമായും കുമ്പസാരം നടത്തി ക്കുന്നത് മര്യാദയാകുന്നു."

ഈ കാനനിൽ പാത്രിയർക്കീസിന് മലങ്കരയിൽ യാതൊരു സ്ഥാനവും കൊടുത്തിട്ടില്ല. തനിക്ക് പാത്രിയർക്കീസിന്റെ പിന്തുണ നഷ്ടമായി എന്നു കണ്ടതു കൊണ്ടാണ് പാത്രിയർക്കീസിനെപ്പറ്റി യാതൊന്നും പരാമർശിക്കാതെ ഈ കാനൻ എഴുതിയുണ്ടാക്കിയത്. ഈ കാനനാണ് യാക്കോബായക്കാരു മായുണ്ടായ കേസിൽ മാത്യൂസ് മാർ അത്തനാസ്യോസിന്റെ പിൻഗാമി തോമസ് മാർ അത്തനാസ്യോസ് കോടതിയിൽ ഹാജരാക്കിയത്. എന്നാൽ ഈ കാനൻ മാർ തോമാസഭ ഇപ്പോൾ സ്വീകരിക്കുന്നില്ല.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (അഞ്ചാമൻ)

പുലിക്കോട്ടിൽ ജോസഫ് കത്തനാർ പശ്ചിമേഷ്യയിലെത്തി മാർ ദിവന്നാസ്യോസ് എന്ന പേരിൽ 1865-ൽ മെത്രാനായി. തിരിച്ചെത്തിയശേഷം സർക്കാരിന്റെ അംഗീകാരം കിട്ടാൻ 1866 ജൂൺ 25-ന് ദിവാന് കത്തയച്ചു. മതപരമായ കാര്യങ്ങളിൽ സർക്കാർ ഇടപെടുകയില്ലെന്ന് ദിവാൻ മറുപടി നൽകി. ഉടനെ മാർ ദിവന്നാസ്യോസ് മദ്രാസ് ഗവർണറായ നേപ്പിയറിന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചു. ഈ ഹർജിയിൽ ചില കാര്യങ്ങൾ പ്രത്യേകം അക്കമിട്ട് എടുത്തു പറഞ്ഞു:

15. പള്ളികൾ ഇപ്പോഴത്തെ സുറിയാനിക്കാരോ അവരുടെ കാരണവന്മാരോ ശേഖരിച്ച മുതൽ കൊണ്ട് ഉണ്ടാക്കപ്പെട്ടവയാണ്.

16. മദ്രാസ് ഹൈകോർട്ടിൽ രായപുരം പള്ളിക്കേസ് എന്ന ഒരു വ്യവഹാരത്തിൽ സമുദായത്തിൽ ഒരു ഭാഗം വികാരി അപ്പസ്തോലിക്കായെയും വേറൊരുഭാഗം ഗോവാ ഭരണത്തെയും അംഗീകരിച്ച് ചേർന്നു നിന്നതിനാൽ, അഭിപ്രായം ചോദിച്ച് സമുദായഇഷ്ടം അറിയണമെന്ന് ഹോക്കോടതി ആജ്ഞാപിച്ചു...ഏറിയഭാഗക്കാരുടെ സമ്മതം അനുസരിച്ച് പള്ളി മുതലുകൾ വികാരി അപ്പസ്തോലിക്കായുടെ കക്ഷിക്ക് ഏൽപിക്കപ്പെട്ടു.

17. 1860-ൽ കൊച്ചി സർക്കാരിൽ ചേർന്ന രണ്ടു പള്ളികൾ ഇതുപോലെ അഭിപ്രായഭേദം ജനിച്ചപ്പോൾ അന്നത്തെ തിരുവിതാംകൂർ റെസിഡന്റായിരുന്ന മെസ്തെർ എഫ്.എൻ. മോൾറ്റുബിയും ദിവാൻ ശങ്കുണ്ണിമേനോനും കൂടി മേൽ വിവരിക്കപ്പെട്ട മാർഗത്തെ ഏർപ്പെടുത്തി തർക്കം തീർത്തു.

19. ..സുറിയാനി ക്രിസ്ത്യാനികളിൽ ഏവനും അവനവന്റെ മനസ്സാക്ഷിയെ നിർബന്ധിക്കാതെ ഓരോരുത്തന്റെ ഇഷ്ടപ്രകാരമുള്ള ബിഷോപ്പിന്റെ അധികാരത്തിൽ ഇരിപ്പാൻ സ്വാതന്ത്ര്യം ഉണ്ടെന്നും ഇപ്രകാരം തെരഞ്ഞെടുക്കുന്നതിൽ അഭിപ്രായഭേദം ഉണ്ടായിരുന്നാൽ ഓരോ പള്ളിയിൽ ചേർന്ന സുറിയാനി ക്രിസ്ത്യാനികളിൽ ഏറിയ ഭാഗത്തിന്റെ ആഗ്രഹത്തെ നിശ്ചയിക്കപ്പെടുത്തുവാൻ കമ്മീഷന്മാരെ നിശ്ചയിച്ച് പള്ളിയും മുതലും ഏറിയകക്ഷിയുടെ ഇഷ്ടപ്രകാരമുള്ള മെത്രാന്റെ അധികാരത്തിൻകീഴ് ഏൽപ്പിക്കപ്പെടണമെന്നും വേറൊരു വിളംബരം പ്രസിദ്ധപ്പെടുത്താനും ഹർജിക്കാരൻ അപേക്ഷിക്കുന്നു"(റോയൽകോടതിവിധി,നമ്പർ,197).മദ്രാസ് ഗവർമെന്റ് ദിവാന്റെ തീർപ്പ് ശരിവച്ചു.. എല്ലാ പ്രകാരത്തിലും ഭഗ്നാശയനായ മാർ ദിവന്നാസ്യോസ് വിവരങ്ങളെല്ലാം കാണിച്ച് പാത്രിയർക്കീസിന്റെ പേർക്ക് അപേക്ഷ അയച്ചു.





# 8
# യാക്കോബായാ പാത്രിയർക്കീസിന്റെ ആധിപത്യം

പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് 1875-ൽ ഇൻഡ്യയിലെത്തി. നീലഗിരിയിലെത്തി ഗവർണറെയും തിരുവനന്തപുരത്തെത്തി രാജാവിനെയും സന്ദർശിച്ചു. അതിന്റെ ഫലമായി മാർ അത്തനാസ്യോസിന് അനുകൂലമായി നൽകിയിരുന്ന വിളംബരം രാജാവ് അസ്ഥിരപ്പെടുത്തി 1876 കുംഭം 23-ന് ഒരു വിളംബരം പ്രസിധ്ധപ്പെടുത്തി.

## മുളന്തുരുത്തി സൂനഹദോസ്

പാത്രിയർക്കീസ് 1876 മാർച്ചുമാസത്തിൽ (1051 മീനമാസത്തിൽ) മുളന്തുരുത്തിപ്പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി. അവിടെ വച്ച് മാർ ദിവന്നാസ്യോസിനെ മലങ്കരമെത്രാപ്പോലീത്താ ആയി നിയമിക്കുകയും കേരളത്തിലെ പുത്തൻകൂർ സഭാസംബന്ധമായി പല നിയമങ്ങളും ഉണ്ടാക്കുകയുംചെയ്തു.

1. അന്ത്യോക്യാ സിംഹാസനത്തോട് അനുസരണവും യാക്കോബായാ സുറിയാനി വിശ്വാസം വ്യത്യാസം കൂടാതെ പാലിച്ചുകൊള്ളാമെന്നതിന് ഉറപ്പും രേഖപ്പെടുത്തുന്ന സമ്മതപത്രം ഓരോ ഇടവകയുമുണ്ടാക്കി അതതു പള്ളികളിൽ സൂക്ഷിക്കുകയും കോപ്പി പാത്രിയർക്കീസിന് കൊടുക്കുകയും വേണം.

2. പാത്രിയാർക്കാ സിംഹാസനത്തിലേക്ക് പ്രായപൂർത്തിയായ ഓരോരുത്തരും റീശീസാ അഥവാ തലവരി കൊടുക്കണം.

3. പാത്രിയർക്കീസ് പേട്രൺ ആയും മെത്രാപ്പോലീത്താ പ്രസിഡന്റ് ആയും ഒരു *സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* രൂപീകരിക്കണം. അതിൽ പ്രവേശനഫീസ് കൊടുക്കുന്നവരെ അംഗങ്ങളായി ചേർക്കണം.

4. അസോസിയേഷൻ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എട്ട് പട്ടക്കാരും 16 അൽമായരും ചേർന്നുള്ള ഒരു കമ്മറ്റിയുണ്ടായിരിക്കണം.

കൂടാതെ സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിക്കുകയും ആറു മെത്രാന്മാരെ കൂടി വാഴിക്കുകയും ചെയ്ത് അവയിൽ ഓരോന്നും ഓരോരുത്തർക്കായി നൽകുകയും ചെയ്തു. 1877-ൽ പാത്രിയർക്കീസ് തിരികെ പോയി. 1877 (1052) കർക്കടകം 3-ന് മാത്യൂസ് മാർ അത്തനാസ്യോസ് മരിച്ചു. അദ്ദേഹം തന്റെ പിൻഗാമിയായി തന്റെ പിതൃസഹോദരപുത്രനെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ വാഴിച്ച് നിയമിച്ചിരുന്നു.

## ആരാധനഭാഷ

മാർതോമാ നസ്രാണികൾ എല്ലാവരും ആരാധനക്രമങ്ങളിൽ ഉപയോഗിച്ചിരുന്നത് കൽദായ സുറിയാനിയും പേർഷ്യയിലെ കൽദായ റീത്തുമായിരുന്നു. ഈ കൽദായ റീത്താണ് ബിഷപ്പ് റോസ് പരിഷ്ക്കരിച്ചത്. പുത്തൻകൂറെന്നും പഴയകൂറെന്നും പിളർന്ന ശേഷവും ഇരുവിഭാഗവും വളരെ നാളത്തേക്ക് ഈ ക്രമമാണ് ഉപയോഗിച്ചിരുന്നത്. മുളന്തുരുത്തി സൂനഹദോസിന് തൊട്ടുമുമ്പ് മുതൽ അന്ത്യോക്യക്രമം നടപ്പാക്കാൻ തുടങ്ങി. അത് പൂർത്തീകരിച്ചത് മുളന്തുരുത്തി സൂനഹദോസിലാണ്. മാത്യൂസ് മാർഅത്തനാസ്യോസുപോലും പൗരസ്ത്യസുറിയാനി (കൽദായസുറിയാനി) ആണ് ഉപയോഗിച്ചിരുന്നത്. ഇതേപ്പറ്റി നിരവധി സാക്ഷ്യങ്ങൾ നിരത്താനാകും. എന്നാൽ ഈയടുത്ത കാലത്ത് യാക്കോബായസഭയിൽ പെട്ട ചിലർ പുതിയ ചരിത്രരചനയുമായി രംഗത്തു വരികയും ചരിത്രം വളച്ചൊടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ചില തെളിവുകൾ:

1 . "സൂനഹദോസ് നിശ്ചിതദിവസം തന്നെ ആരംഭിച്ചു....പള്ളിശുശ്രൂഷയിൽ കൽദായ സുറിയാനിഭാഷ ഉപയോഗിക്കുന്നതിന് അനുവദിച്ചു"എന്ന് ഈ.എം ഫിലിപ്പ് പറയുന്നു (പേജ്, 104). - ഉദയംപേരൂർ സൂനഹദോസിനെ പറ്റിയാണ് പരാമർശം.

2. "മാർ തോമാ ശ്ലീഹാ സ്ഥാപിച്ച പേർഷ്യൻ സഭയുമായി ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ വ്യാപാരികളായി ഇവിടെ വന്ന കൽദായ ക്രിസ്ത്യാനികളുമായി നാം സൗഹാർദത്തിലായി..1597-ൽ മാർ അബ്രഹാമിന്റെ കാലം അവസാനിക്കുന്നതുവരെ മലങ്കരസഭയിൽ കൽദായ മെത്രാന്മാരുടെ പരമ്പര നിലനിന്നു..റോമാസുറിയാനിക്കാർ (പഴയകൂറ്റുകാർ) യാതനകൾ സഹിച്ച് കൽദായ സുറിയാനി നിലനിർത്തി. നാം അന്ത്യോക്യൻ ബന്ധത്തിൽ കൽദായ സുറിയാനി ഉപേക്ഷിക്കാൻ നിർബന്ധിതരായി. കൽദായ സുറിയാനി പേർഷ്യൻ കാതോലിക്കേറ്റിന്റെ ഔദ്യോഗിക ഭാഷയായിരുന്നു. നമുക്ക് അന്നുവരെ അന്ത്യോക്യയോട് ബന്ധമില്ലായിരുന്നു എന്നതിന്റെ തെളിവാണ് കൽദായ ഭാഷയോ, പേരോ ഉദയംപേരൂർ സൂനഹദോസിൽ നിരോധിക്കപ്പെടാതിരുന്നത്. ഇതുകൊണ്ടുതന്നെ അന്ത്യോക്യയുമായി മലങ്കസ





ഭയ്ക്ക് അക്കാലത്ത് യാതൊരു ബന്ധവും ഇല്ലായിരുന്നു എന്ന് തെളിയുന്നു. ഇപ്പോൾ നാം ഉപയോഗിച്ചു വരുന്ന മാറാനായ സുറിയാനിയാണ് അന്ത്യോക്യൻ സഭയുടെ ആരാധനാഭാഷ"എന്ന് *മലങ്കരസഭ* എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ കാണുന്നു (ജേക്കബ് തോമസ്, *നസ്രാണികളും ജാതിത്തലവന്മാരും*: മലങ്കരസഭ, 38/11, 1983, നവംബർ).

3. "പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിവരെയും ഭാഷാപരമായി പൗരസ്ത്യ സുറിയാനിയിലാണ് മലങ്കര സഭയുടെ ആരാധനാരീതികൾ നടപ്പിലിരുന്നത്. 1846-ൽ മലങ്കരയിൽ വന്ന അന്ത്യോക്യാ മെത്രാൻ യുവാക്കിം മാർ കൂറിലോസാണ് ഇത് സമൂലം മാറ്റിയത്." (റ്റി.ഐ. വർഗീസ്, *മലങ്കര അന്ത്യോക്യൻ ബന്ധം പത്തൊമ്പതാം നൂറ്റാണ്ടിന്റെ സൃഷ്ടി,* 1997,പേ.13).

4."പോർട്ടുഗീസുകാരുടെ വരവിനുമുമ്പ് ഇവിടെ കിഴക്കൻ സുറിയാനി സഭയുടെ ആരാധനാരീതിയും പാരമ്പര്യങ്ങളും ശുശ്രൂഷാസംവിധാനങ്ങളുമാണ് നിലവിലിരുന്നത്. പോർട്ടുഗീസുകാർ വന്ന് ലത്തീൻ ആരാധനാരീതികൾ ഇവിടെ നിലവിൽ വരുത്തി. കൂനൻകുരിശുസത്യത്തിനുശേഷം(1653) പാശ്ചാത്യസുറിയാനി പിതാക്കന്മാർ ഇവിടെ വന്നെങ്കിലും പാശ്ചാത്യസുറിയാനി ആരാധനക്രമം വ്യാപകമായി ഇവിടെ പ്രചരിപ്പിക്കാൻ അവർക്ക് സാധിച്ചില്ല...നവീകരണമുണ്ടായപ്പോഴാണ് ഓർത്തഡോക്സ് കക്ഷിക്ക് ആരാധനയെ കുറിച്ച് അവബോധം ഉണ്ടായത്. അതിന്റെ പശ്ചാത്തലത്തിൽ യുയാക്കിം മാർ കൂറിലോസും ജോസഫ് മാർ ദിവന്നാസ്യോസും ചേർന്ന് ഇവിടെ അന്ത്യോക്യൻ ആരാധന പരിഭാഷപ്പെടുത്തി, വളരെ വ്യവസ്ഥാപിതമായ രീതിയിൽ പ്രചരിപ്പിച്ചു. 1902-ൽ മാത്രമാണ് അച്ചടിച്ച അന്ത്യോക്യൻ ക്രമപ്രകാരമുള്ള ഒരു കുർബാനക്രമം ആദ്യമായി മലങ്കരയിൽ പ്രസിദ്ധീകരിക്കുന്നത്" (എം ഓ.ജോൺ, *പരുമല തിരുമേനിയും അന്ത്യോക്യാ പാത്രിയർക്കീസും:* മലങ്കരസഭാദീപം, 2000 ഡിസംബർ 1-15).

# 9
# സെമിനാരിക്കേസ്(1879-1889)

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് വാദിയായി മാർ തോസ് അത്തനാസ്യോസിനെയും കൂട്ടുട്രസ്റ്റികളെയും പ്രതികളാക്കി 1879-ൽ ആലപ്പുഴ ജില്ലാകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. വാദിയുടെ അവകാശം പൂർണമായി അംഗീകരിച്ച് കോടതി ഉത്തരവായി. ഇതിനെതിരെ 1884-ൽ പ്രതികൾ തിരുവിതാംകൂർ ഹൈക്കോർട്ടിൽ അപ്പീൽ ബോധിപ്പിച്ചു. ഹൈക്കോടതി ഡിവിഷൻബഞ്ച് 1061 തുലാം 29-ന് അപ്പീൽ തള്ളി ജില്ലാ കോടതിവിധി സാരാംശത്തിൽ ശരിവച്ചു. ഹൈക്കോടതിടുടെ ഈ വിധിയിന്മേൽ മഹാരാജാവു സമക്ഷം 1886-ൽ അപ്പീൽ കൊടുത്തു. ആ അപ്പീൽ ചിഫ് ജസ്റ്റീസ് കെ.കൃഷ്ണസ്വാമി രായർ, ഓംസ്ബി, എ. സീതാരാമയ്യർ എന്നിവർ വാദം കേട്ടു. ചീഫ് ജസ്റ്റീസും സീതാരാമയ്യരും കീഴ്ക്കോടതി വിധികൾ ഒന്നും നാലും പ്രതികൾക്കെതിരായി സ്ഥിരപ്പെടുത്തിയും രണ്ടാംപ്രതിയുടെമേൽ വാദിക്കു യാതൊരു വ്യവഹാരകാരണവും ഇല്ലെന്നുള്ള കാരണത്തിന്മേൽ അന്യായം തള്ളിയും 1064 ജൂലൈ 30-ന് വിധിച്ചു. ജസ്റ്റീസ് ഓംസ്ബി ഇതിനോട് വിയോജിച്ച് കീഴ്ക്കോടതി വിധികൾ പൂർണമായി അസ്ഥിരപ്പെടുത്തി അന്യായം തള്ളാൻ മഹാരാജാവിനെ ഉപദേശിച്ചു.

വിധിയിൽ നിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

നമ്പർ 2. "അന്യായം ഏകദേശം അവ്യവസ്ഥയായും ഏറ്റവും സംക്ഷിപ്തമായും ഇരിക്കുന്നു. അതു താഴെപറയും പ്രകാരമാണ്. ഇതോടൊന്നിച്ചു ഹാജരാക്കുന്ന ഏ. ബി. പട്ടികകളിൽ വിവരിച്ച സ്ഥാവരജംഗമസ്വത്തുക്കൾ മലയാളത്തുള്ള യാക്കോബായാ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിലേക്ക് ചേർന്ന കോട്ടയം സെമിനരി വകയും, സി . പട്ടികയിൽ പറയുന്ന വസ്തുക്കൾ ടി സമൂഹത്തിൽ അതാതുസമയം ഉണ്ടായിരുന്ന കാലം ചെയ്ത മെത്രാപ്പോലീത്താമാരാൽ സ്ഥാനസംബന്ധമായി ധരിക്കപ്പെട്ടും ഉപയോഗിക്കപ്പെട്ടും വന്നതുമാകുന്നു."





നമ്പർ 212. "ചരിത്രത്തിൽ കാണപ്പെടാവുന്നിടത്തോളം മലയാളസഭമേൽ പാത്രിയർക്കീസ് അധികാരം നടത്തിയിട്ടുള്ളത് ആത്മീയവിഷയങ്ങളിൽ മാത്രമാണെന്ന് ഞങ്ങൾ വിചാരിക്കുന്നു....എന്നാൽ പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിനു മുമ്പ് അന്ത്യോക്യയും മലങ്കരയും തമ്മിൽ എന്തെങ്കിലും ബന്ധം ഉണ്ടായിരുന്നു എന്നതിന് യാതൊരു തെളിവും ഇല്ലെന്നും മാർതോമാ ശ്ലീഹായുടെ കാലം മുതൽ കേസിലെ തർക്കം ഉത്ഭവിക്കുന്നതുവരെ അന്ത്യോക്യയിൽ നിന്ന് സ്ഥാനം പ്രാപിച്ചു എന്നു തെളിവുള്ളത് മാർ തോമാമാർ 1,3,4,6 എന്നിവരെ കുറിച്ചു മാത്രമാണെന്നുമാണ് ജസ്റ്റീസ് ഓംസ്ബി അഭിപ്രായപ്പെട്ടത്.

തോമസ് മാർ അത്തനാസ്യോസിന്റെ ഒരു മൊഴി ഉദ്ധരിക്കട്ടെ:

"മലങ്കരസുറിയാനിക്കാർ യാക്കോബായസുറിയാനിക്കാർ എന്നു വിളിക്കപ്പെടുന്നത് യാക്കോബ് അപ്പസ്തോലന്റെ കുർബാന തക്സാ പെരുമാറുന്നതിനാൽ ആകുന്നു. അന്ത്യോക്യാ പാത്രിയർക്കീസിനു കീഴുള്ള സുറിയാനിക്കാർ യാക്കോബായാ സുറിയാനിക്കാർ എന്നു വിളിക്കപ്പെടുന്നത് നെസ്തോറിന്റെ വേദവിപരിതത്തോട് എതിർത്തു നിന്ന യാക്കോബ് ബുർദാനായെ പിന്തുടർന്നതു കൊണ്ടാകുന്നു" (*റോയൽ കോടതിവിധി* നമ്പർ 188).

ഭൂരിപക്ഷജഡ്ജിമാരുടെ വിധി ഇപ്രകാരമാണ്:

"മൊത്തമായി ഞങ്ങളുടെ തീരുമാനം എന്തെന്നാൽ...തിരുവിതാംകൂറിലെ സുറിയാനിസഭമേൽ അന്ത്യോക്യാ സിംഹാസനത്തിന് ആത്മികമേലധ്യക്ഷത ഉണ്ടെന്ന് യാക്കോബായാ സുറിയാനി സമുദായവും അവരുടെ മെത്രാപ്പോലീത്താമാരും എല്ലാക്കാലത്തും അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു...പാത്രിയർക്കീസിന്റെ അധികാരം ലൗകിക സഭാഭരണത്തിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ല. ഈ കാര്യത്തിൽ സഭ ഒരു സ്വതന്ത്രസഭയാകുന്നു. തിരുവിതാംകൂറിലെ യാക്കോബായ സുറിയാനി സഭയിലെ മെത്രാപ്പോലീത്താ നാട്ടുസഭയിലെ ആത്മിക ലൗകികഭരണങ്ങൾക്ക് അവകാശി ആയിരിക്കേണ്ടതിന് മലയാളനാട്ടുകാരനും അന്ത്യോക്യാ പാത്രിയർക്കീസിനാലോ, അദ്ദേഹത്താൽ ക്രമമായി അധികാരപ്പെടുത്തിയ കാര്യസ്ഥനാലോ വാഴിക്കപ്പെട്ടവനും മെത്രാപ്പോലീത്താ ആയിട്ട് ജനത്താൽ അംഗീകരിക്കപ്പെട്ടവനും ആയിരിക്കണം. അതിനാൽ അപ്പീൽവാദിയുടെ കൈവശമുള്ള മലങ്കര യാക്കോബായ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ സ്ഥാനചിഹ്നങ്ങളെയും സഭയുടെ വസ്തുക്കൾ ദ്രവ്യങ്ങൾ എപ്പേർപ്പെട്ട എല്ലാത്തിന്റെ കൈവശങ്ങളെയും അപ്പീൽ പ്രതിക്ക് അപ്പീൽവാദി ഒഴിഞ്ഞുകൊടുക്കുകയും അപ്പീൽപ്രതി വസ്തുക്കൾ മുതലായവയെ ഏറ്റുവാങ്ങി കൈവശപ്പെടുത്തുകയും...വേണം." (*റോയൽ കോടതിവിധി,* നമ്പർ 347).

## പരുമല സെമിനരി

പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് രാജകീയവിളംബരത്തിന്റെ ബലത്താൽ മലങ്കര മെത്രാപ്പോലീത്തായായി ഭരണമേറ്റപ്പോൾ, നവീകരണത്തോട് അനുകൂലികളായിരുന്ന കൈതയിൽ മൽപ്പാൻ, ഉലശ്ശേരിൽ മൽപ്പാൻ, ചെറുകര പീലിപ്പോസ് മൽപ്പാൻ എന്നിവരെ പഴയ സെമിനരിയിൽ പഠിപ്പിക്കാൻ നിയമിച്ചു. അതിനുപകരം പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പരുമല സെമിനരി ആരംഭിച്ചു. മുളന്തുരുത്തിയിൽ വെട്ടിക്കൽ ദയറാ ആരംഭിച്ച് അവിടെ ശെമ്മാശന്മാരെ പഠിപ്പിച്ചു കൊണ്ടിരുന്ന ചാത്തുരുത്തി ഗീവർഗീസ് കത്തനാരെ റമ്പാനാക്കി സെമിനരിയുടെ ചുമതല ഏൽപ്പിച്ചു. റോയൽ കോടതി വിധിക്കുശേഷം 1889-ൽ പഴയ സെമിനരി വീണ്ടും കൈവശമായപ്പോൾ, പരുമല നിന്ന് കോട്ടയം പഴയ സെമിനരിയിലേക്ക് വൈദിക പരിശീലനം മാറ്റി.





# 10
# രണ്ടു പുതിയ സഭകൾ

### 1. മാർത്തോമ്മാ സഭ

കേസിൽ തോറ്റ തോമസ് മാർ അത്തനാസ്യോസ് തന്റെ അനുയായികളെ ചേർത്ത് അവരുടെ മെത്രാനായി ഭരണം നടത്തി. ആദ്യകാലത്ത് നവീകരണകക്ഷി എന്നറിയപ്പെട്ട ഈ വിഭാഗം പിൽക്കാലത്ത് മാർത്തോമ്മാ സഭ എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. ഈ സഭയ്ക്ക് ബാഹ്യരീതിയിൽ യാക്കോബായാസഭയോട് സാമ്യമുണ്ടെങ്കിലും വിശ്വാസവിഷയങ്ങളിൽ പ്രോട്ടസ്റ്റന്റുകാരോടാണ് കൂടുതൽ സാമ്യമുള്ളത്.

## അബ്രഹാം മൽപ്പാന്റെ നവീകരണങ്ങൾ

പ്രോട്ടസ്റ്റന്റ് സ്വീധീനത്തിൽ വന്ന അബ്രഹാം മൽപ്പാനാണ് യാക്കോബായാസഭയിൽ നവീകരണാശയങ്ങൾക്ക് പ്രചുരപ്രചാരം നൽകിയത്. മാർതോമാക്കാർ സ്വീകരിച്ചിരിക്കുന്ന നവീകരണാശയങ്ങൾ താഴെപ്പറയുന്നവയാണ്:

1. പരിശുദ്ധന്മാരോടുള്ള മധ്യസ്ഥപ്രാർഥന നിർത്തിക്കളഞ്ഞു.
2. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്ന പതിവ് നിർത്തലാക്കി.
3. വി. കുർബാന ബലിയാണെന്ന് അർഥമാക്കുന്ന വാക്കുകൾ കുർബാന തക്സായിൽ നിന്ന് നീക്കിക്കളഞ്ഞു.
4. രഹസ്യക്കുമ്പസാരം നിർത്തലാക്കി.

തോമസ് മാർ അത്തനാസ്യോസ് പിൻഗാമിയെ വാഴിക്കാതെ 1893-ൽ നിര്യാതനായപ്പോൾ അബ്രഹാം മൽപ്പാന്റെ കനിഷ്ഠപുത്രനായ ദത്തോസ് കത്തനാരെ കോട്ടയം ചെറിയ പള്ളിയിൽ വച്ച് തൊഴിയൂർ യൗസേപ്പ് മാർ അത്തനാസ്യോസ്, ഗീവർഗീസ് മാർ കൂറില്ലോസ് എന്നിവർ കൂടി 1894 ജനുവരിയിൽ തീത്തൂസ് പ്രഥമൻ എന്ന പേരിൽ വാഴിച്ചു.1899-ൽ അബ്രഹാം

മൽപ്പാന്റെ സഹോദരപുത്രനായ ദത്തോസച്ചനെ തൊഴിയൂർ മാർ കൂറി ലോസും തീത്തൂസ് പ്രഥമനും കൂടി തീത്തൂസ് ദ്വിതീയൻ എന്ന പേരിൽ

മെത്രാനായി വാഴിച്ചു. തീത്തൂസ് പ്രഥമൻ 1909–ൽ നിര്യാതനായി. 1917–ൽ തീത്തൂസ് ദ്വിതീയൻ, തൊഴിയൂർ മാർ കൂറിലോസിന്റെയും മാർ അത്തനാസ്യോസിന്റെയും സഹായത്തോടുകൂടെ ഏബ്രഹാം മാർത്തോമ്മാ എന്ന പേരിൽ ഇരവിപേരൂർ മാരേട്ട് ഏബ്രഹാം കത്തനാരെ മെത്രാനായി വാഴിച്ചു. 1 939–ൽ അയിരൂർ സ്വദേശികളായ യൂഹാനോൻ മാർ തിമോതിയോസും മാത്യൂസ് മാർ അത്തനാസ്യോസും മെത്രാന്മാരായി വാഴിക്കപ്പെട്ടു. തീത്തൂസ് ദ്വിതീയൻ 1944–ൽ നിര്യാതനായി. അനന്തരം ഏബ്രഹാം മാർതോമാ മെത്രാപ്പോലീത്താ ആയി. അദ്ദേഹം 1947–ൽ മരിച്ചു. തുടർന്ന് യൂഹാനോൻ മാർ തിമോതിയോസ് മെത്രാപ്പോലീത്താ ആയും മാർ അത്തനാസ്യോസ് സഫ്രഗനായും സഭയെ ഭരിച്ചു. അതിനുശേഷം പി. തോമസ്, എം. ജി.ചാണ്ടി, ഫി ലിപ്പ് ഉമ്മൻ എന്നിവർ തോമസ് മാർ അത്തനാസ്യോസ്, അലക്സാണ്ടർ മാർ തെയോഫിലസ്, ഫിലിപ്പോസ് മാർ ക്രിസൊസ്റ്റം എന്നീ പേരുകളിൽ യഥാക്രമം മെത്രാന്മാരായി അഭിഷിക്തരായി.

യൂഹാനോൻ മാർ തിമോത്തിയോസ് മാർതോമാ മെത്രാപ്പോലീത്താ, അബ്രഹാം മൽപ്പാന്റെ നവീകരണപാതയിൽ നിന്ന് വഴുതിമാറുന്നു എന്ന് കെ.എൻ. ദാനിയേലിന്റെ നേതൃത്വത്തിലുള്ള ചിലർ ആരോപണം ഉന്നയിച്ചു. പഥ്യോപദേശസമിതി എന്ന ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. മെത്രാപ്പോലീത്തായെ അനുകൂലിച്ചു നിന്നവർ സത്യോപദേശസമിതി രൂപീകരിച്ചു. ഇരുകൂട്ടരും തമ്മിൽ വാദപ്രതിവാദങ്ങൾ നടന്നു, ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തി, മാർ തോമാസഭയെ പിളർപ്പിലേക്ക് നയിച്ചു.

അങ്ങനെയിരിക്കെ മെത്രാപ്പോലീത്തായ്ക്കെതിരെ കെ.എൻ ദാനിയേൽ കോടതിയിൽ കേസ് ഫയൽ ചെയ്തു. വി.കുർബാനയിൽ ആശീർവദിച്ച അപ്പവീഞ്ഞുകളിൽ യേശുക്രിസ്തുവിന്റെ യഥാർഥ സാന്നിധ്യമുണ്ടെന്ന് മെത്രാൻ പഠിപ്പിക്കുന്നു, മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്നു, അങ്ങനെ വേദവിപരീതം പഠിപ്പിക്കുന്നു എന്നായിരുന്നു ആരോപണം. അക്കാരണത്താൽ മെത്രാപ്പോലീത്തായെ സഭയിൽ നിന്നു ബഹിഷ്ക്കരിക്കണമെന്നും വാദിച്ചു. അതേ തുടർന്ന് മെത്രാപ്പോലീത്താ പഥ്യോപദേശസമിതിയിൽ പെട്ട നാലു പട്ടക്കാരെ മുടക്കി.

വി. കുർബാനയിൽ ആശീർവദിച്ച അപ്പവീഞ്ഞുകളിൽ ക്രിസ്തുവിന്റെ യഥാർഥ സാന്നിധ്യം ഉണ്ടോ എന്നത് മാർ തോമാസഭയുടെ അടിസ്ഥാനവിശ്വാസങ്ങളിൽ പെട്ടതല്ലെന്നും അതുകൊണ്ട്, സാന്നിധ്യം ഉണ്ടെന്നോ, അല്ലെങ്കിൽ അവ വെറും ചിഹ്നങ്ങൾ മാത്രമാണെന്നോ സഭാംഗങ്ങൾക്ക് ഇഷ്ടംപോലെ വിശ്വസിക്കാമെന്നും രണ്ടുകൂട്ടർക്കും മാർതോമാസഭയിൽ





അംഗത്വം ഉണ്ടെന്നും മെത്രാപ്പോലീത്താ കോടതിയിൽ മൊഴി നൽകി. ദാനിയേലിന്റെ അന്യായം തള്ളി, മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായ വിധിയുണ്ടായി.

## 2. ഇവാൻജലിക്കൽ സഭ

കേസിൽ തോറ്റ കക്ഷിക്കാർ, *സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ* എന്ന പേരിൽ ഒരു പുതിയ സഭാസമൂഹം രൂപീകരിക്കുകയും പതിനെട്ട് പട്ടക്കാർ കൂടി കെ.എൻ.ഉമ്മൻ, പി. ജോൺ വർഗീസ് എന്നീ കശീശന്മാരെ 1961 ജാനുവരി 26–ന് സഭാധ്യക്ഷന്മാരാക്കി, മെത്രാന്മാർ എന്നു പേരു കൊടുക്കുകയും ഉമ്മനെ സഭയുടെ സ്ഥാപക പ്രിസൈഡിംഗ് ബിഷപ്പായി നിയമിക്കുകയും ചെയ്തു. ഇതേത്തുടർന്ന് ഇവരുമായി സഹകരിക്കരുതെന്നു കാണിച്ച് മാർതോമാ മെത്രാപ്പോലീത്താ 1961 ഫെബ്രുവരി 17–ന് പള്ളികൾക്ക് കൽപ്പന അയച്ചു:

“...അവർ അയക്കുന്ന വിളിച്ചുചൊല്ലുകുറി സ്വീകരിക്കുകയോ, അവരുടെ പള്ളികൾക്ക് കുറി കൊടുക്കുകയോ..ആ പട്ടക്കാരുടെ കർമാദികളിൽ പങ്കെടുക്കുകയോ ചെയ്യരുത്.. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആരാധനകളിലോ കർമാദികളിലോ സഭാംഗങ്ങൾ സംബന്ധിക്കുകയോ സഹകരിക്കുകയോ ചെയ്തുകൂടാത്തതാകുന്നു...”.

അധികം വൈകാതെ സെന്റ് തോമസ് ഇവാൻജലിക്കൽ സഭയിൽ അഭിപ്രായഭിന്നത ഉണ്ടാകുകയും പിളരുകയും ചെയ്തു. അതിൽ നിന്ന് പിളർന്നുമാറി *സെന്റ് തോമസ് ഫെലോഷിപ്പ്* എന്ന ഒരു സംഘടന കുറേപ്പേർ രൂപീകരിച്ചു. രണ്ടു കൂട്ടർക്കും വെവ്വേറെ അധ്യക്ഷന്മാരുണ്ടായിരുന്നു. ഇവാൻജലിക്കൽ സഭയുടെ ആസ്ഥാനം തിരുവല്ലായിൽ മാഞ്ഞാടിയിലും ഫെലോഷിപ്പിന്റെ ആസ്ഥാനം കുമ്പനാട്ടുമാണ്. തുടർന്ന് കോടതിക്കേസുകളുണ്ടായി. ഈയടുത്ത കാലത്ത് കേസുകൾ തീർത്ത് വീണ്ടും ഒന്നായി എന്നു കേൾക്കുന്നു.

# 11
# യാക്കോബായാ സഭയിലെ കക്ഷിവഴക്കുകൾ

## മാർ അബ്ദള്ളായും മാർ അബ്ദേദ്മിശിഹായും

ഇനിയും യാക്കോബായാ സഭയുടെ ചരിത്രത്തിലേക്ക് മടങ്ങാം. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് 1895-ൽ മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി അബ്ദള്ളാ മെത്രാൻ തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന് തുർക്കി സുൽത്താന്റെ അംഗീകാരപത്രം ലഭിച്ചില്ല. അക്കാരണത്താൽ മെത്രാന്മാർ അബ്ദേദ്മിശിഹാ മെത്രാനെ പാത്രിയർക്കീസായി തെരഞ്ഞെടുത്ത് സുൽത്താന്റെ അംഗീകാരപത്രം സമ്പാദിച്ചു. അബ്ദള്ള കത്തോലിക്കാസഭയിൽ ചേർന്ന് ഹോംസ് രൂപതയുടെ അധ്യക്ഷനായി. എന്നാൽ പത്തു വർഷങ്ങൾക്കുശേഷം അബ്ദേദ്മിശിഹായ്ക്ക് നൽകിയിരുന്ന അംഗീകാരപത്രം തുർക്കി സുൽത്താൻ പിൻവലിക്കുകയും മെത്രാന്മാർ തെരഞ്ഞെടുത്ത അബ്ദള്ളായെ അംഗീകരിക്കുകയും ചെയ്തു. ഉടനെ അബ്ദള്ളാ കത്തോലിക്കാമെത്രാൻസ്ഥാനം രാജിവച്ച് 1906 ആഗസ്റ്റ് 15-ന് യാക്കോബായ പാത്രിയർക്കീസ് ആയി സ്ഥാനമേറ്റു. അബ്ദേദ്മിശിഹാ മിദിയാത്തിൽ പോയി പാർത്തു. അവിടെയുള്ളവർ അദ്ദേഹത്തെ അംഗീകരിച്ചു.

## മാർ ദിവന്നാസ്യോസും മാർ കൂറില്ലോസും

പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനി വാർധക്യദശയെ പ്രാപിച്ചപ്പോൾ, രണ്ടു മൽപ്പാന്മാരെ മെത്രാന്മാരാക്കാനായി പശ്ചിമേഷ്യയിൽ പാത്രിയർക്കീസിന്റെ പക്കലെക്കയച്ചു. വടക്കുനിന്ന് മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലോസ് മൽപ്പാനെ പൗലോസ് മാർ കൂറില്ലോസ് എന്ന പേരിലും തെക്കുനിന്ന് മല്ലപ്പള്ളിൽ വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാനെ ഗീവർഗീസ് മാർ ദിവന്നാസ്യോസ് എന്ന പേരിലും 1908 മെയ് 31-ന് മാർ അബ്ദള്ളാ പാത്രിയർക്കീസ് മെത്രാന്മാരായി വാഴിച്ചു. 1909 ജൂലെ 11-ന് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് നിര്യാതനായി. 1909 കർക്കടകം 28-ന് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റു.





## യാക്കോബായാസഭയിലെ കക്ഷിവഴക്കിന്റെ ആരംഭം

പശ്ചിമേഷ്യയിൽ നിന്ന് മെത്രാൻപട്ടം സ്വീകരിച്ചു വന്ന രണ്ടു മെത്രാന്മാരും തമ്മിൽ പിൽക്കാലത്ത് രണ്ട് വിഭാഗങ്ങളുടെ നേതാക്കന്മാരായി നിന്നുകൊണ്ട് കോടതിക്കേസു നടത്തി. വട്ടിപ്പണക്കേസ് എന്നറിയപ്പെടുന്ന കേസ് തുടങ്ങുന്നത് ഇവരുടെ കാലത്താണ്. ഈ കേസ് ആരംഭിക്കുന്നതിനു മുമ്പു തന്നെ വട്ടശ്ശേരിൽ തിരുമേനിയും കൂട്ടുട്രസ്റ്റിമാരും തമ്മിൽ നീരസമുണ്ടാകുകയും അകലുകയും ചെയ്തു. അതേപ്പറ്റി ഒന്നുരണ്ടു സാക്ഷ്യങ്ങൾ ഉദ്ധരിക്കട്ടെ.

1. "ആലപ്പുഴ ജില്ലാക്കോടതിയുടെ അടുക്കൽ യാക്കോബായസഭ വകയായി ഒരു പുരയിടമുണ്ടായിരുന്നു. അത് സി.ജെ.കുര്യന്റെ കുടുംബക്കാർ കൊടുത്തതായിരുന്നു. അത് കൂട്ടുട്രസ്റ്റികളായ സി.ജെ.കുര്യന്റെയും കോനാട്ട് മാത്തൻ മൽപ്പാന്റെയും അറിവും സമ്മതവും കൂടാതെ വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഹരിപ്പാട്ട് കൃഷ്ണയ്യർക്ക് തീറെഴുതി കൊടുത്തു. അതുമൂലം സി.ജെ.കുര്യനും മൽപ്പാനും മെത്രാനോട് നീരസം തോന്നി" (ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ, *പൂർവകാലസ്മരണകൾ*, പേജ്, 23). വട്ടശ്ശേരിൽ മൽപ്പാനും കോനാട്ടു മൽപ്പാനും സെമിനരിയിലെ മൽപ്പാന്മാരായി സമനിലയിൽ കഴിഞ്ഞുകൂടിയവരാണ്.

2. "നിക്ഷേപമുറിയുടെ മൂന്നു താക്കോലുകളിൽ ഓരോന്ന് കൂട്ടുട്രസ്റ്റികൾ മൂന്നു പേരിൽ ഓരോരുത്തരുടെയും കൈയിൽ ഇരിക്കണമെന്നായിരുന്നു കീഴ്‌വഴക്കം. പിന്നൊരു കമ്മറ്റിയോഗം ടി താക്കോലുകൾ മാർ ദിവന്നാസ്യോസ് കൈവശം മാത്രം ഇരിക്കണമെന്നു നിശ്ചയം ചെയ്തു". ട്രസ്റ്റികൾ തമ്മിൽ പിണങ്ങാൻ ഇതു കാരണമായി (കണിയാംപറമ്പിൽ, *സുറിയാനിസഭ*, പേജ്, 254).

3. "മലങ്കര മെത്രാപ്പോലീത്തായിൽ രണ്ടു പ്രധാന ഉദ്യോഗങ്ങൾ സ്ഥിതി ചെയ്യുന്നു. അദ്ദേഹം പഞ്ചായവിധിപ്രകാരം ഒരു കശീശായോടും ഒരു വിശ്വാസിയോടുമൊപ്പം ഒരു കൂട്ടുട്രസ്റ്റിയാണ്. കൂട്ടുട്രസ്റ്റി എന്നാൽ ട്രസ്റ്റ് സംബന്ധമായ കാര്യങ്ങളിൽ സമമായ ചുമതലയും കർതൃത്വവും ഉള്ള ട്രസ്റ്റികളിൽ ഒരാൾ എന്നാണ്. മെത്രാൻ ട്രസ്റ്റിക്ക് മറ്റുള്ള ട്രസ്റ്റികളേക്കാൾ ട്രസ്റ്റു സംബന്ധിച്ച് അണുവിടയ്ക്ക് കൂടുതൽ കർത്തവ്യമോ അവകാശമോ അധികാരമോ ഇല്ല... മലങ്കര മെത്രാപ്പോലീത്താ ഇതുകൂടാതെ മലങ്കര സുറിയാനി അസോസിയേഷന്റെയും മലങ്കര മാനേജിംഗ് കമ്മറ്റിയുടെയും പ്രസിഡന്റാണ്. ഈ അസോസിയേഷനും കമ്മറ്റിയും മുളന്തുരുത്തി സൂനഹദോസിൽ സ്ഥാപിച്ചിട്ടുള്ളതാണ്" (*സുറിയാനിസഭ മാസിക*,4/4, പേജ്,74).

## അബ്ദള്ളാ പാത്രിയർക്കീസിന്റെ വരവ്

മാർ അബ്ദള്ളാ പാത്രിയർക്കീസ് 1909 തുലാം 3-ന് കോട്ടയത്ത് എത്തിച്ചേർന്നു. ഇവിടുത്തെ സഭ മേലുള്ള ലൗകികാധികാരം ശാശ്വതമായി ഉറപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ആയിരുന്നു വന്നത്. മലങ്കരസഭമേൽ പാത്രിയർക്കീസിന് ആത്മിയാധികാരം മാത്രമേ ഉള്ളെന്നും ലൗകികാധികാരം ഇല്ലെന്നും റോയൽകോടതി വിധിയിൽ പറഞ്ഞിരുന്നു. എന്നാൽ മുളന്തുരുത്തി സൂനഹദോസ് നിശ്ചയങ്ങൾക്കനുസൃതം തന്റെ ലൗകികാധികാരം സമ്മതിച്ച് റജിസ്റ്റർ ഉടമ്പടി എഴുതി വാങ്ങാനാണ് പാത്രിയർക്കീസ് ഇവിടെ വന്നത്.

സമ്മതപത്രം എഴുതി വാങ്ങിയശേഷം പാത്രിയർക്കീസ് രണ്ടു പട്ടക്കാരെ മെത്രാന്മാരായി വാഴിച്ചു. അകപ്പറമ്പ് ഇടവകയിൽ പൗലോസ് റമ്പാനെ പൗലോസ് മാർ അത്തനാസ്യോസ് എന്ന പേരിൽ 1910 ഇടവം 27-നും ഇടവഴിക്കൽ ഗീവർഗീസ് കശ്ശീശായെ മാർ സേവേറിയോസ് എന്ന പേരിൽ ക്നാനായക്കാർക്കുവേണ്ടി 1910 ആഗസ്റ്റ് 28-നും മെത്രാന്മാരായി വാഴിച്ചു. പൗലോസ് മാർ കൂറിലോസ് 1910 ചിങ്ങം 29-ന് അപ്രകാരം ഒരുടമ്പടി എഴുതിക്കൊടുത്തു. എന്നാൽ അപ്രകാരം എഴുതിക്കൊടുക്കാൻ വട്ടശ്ശേരിൽ തിരുമേനി കൂട്ടാക്കിയില്ല. അതിനെതിരെ പാത്രിയർക്കീസ് ശക്തിയായി പ്രതികരിച്ചു:

"ലോകത്തിലുള്ള എല്ലാ ജഡ്ജിമാരും കൂടി വിധിച്ചാലും പരിശുദ്ധാത്മാവു മുഖാന്തിരം ലൗകികവും ആത്മിയവുമായ കാര്യങ്ങളിൽ പാത്രിയർക്കീസിനു ലഭിച്ചിരിക്കുന്ന അധികാരം ഒരിക്കലും നഷ്ടപ്പെടുകയില്ല. അവ അതുപോലെ പരസ്പരബന്ധിതവും പരസ്പരം ആശ്രയിച്ചിരിക്കുന്നതുമാണ്. ഒന്നില്ലാതെ മറ്റതിന് നിലനിൽക്കാൻ സാധ്യമല്ല." (*മലങ്കരസഭ 1876-1976,* പേജ്,223).

## മാർ ദിവന്നാസ്യോസിന്റെ മുടക്ക്

കോട്ടയം പഴയ സെമിനരിയും മറ്റു സമുദായസ്വത്തുക്കളും കൈവശപ്പെടുത്തുന്നതിനായി പാത്രിയർക്കീസും മറ്റു മെത്രാന്മാരും പഴയ സെമിനരിയിൽ ഓരോരോ മുറികളിൽ താമസമാക്കി. മാർ ദിവന്നാസ്യോസും അവിടെ ഒരു മുറിയിൽ താമസിച്ചിരുന്നു. മാർ ദിവന്നാസ്യോസ് വഴങ്ങുന്നില്ലെന്നു കണ്ട് പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിക്കൊണ്ട് ഒരു റജിസ്റ്റർ കത്ത് അടുത്ത മുറിയിലേക്ക് മാർ ദിവന്നാസ്യോസിന് പോസ്റ്റുവഴി 1911 ഇടവത്തിൽ അയച്ചു കൊടുത്തു. കൂട്ടുട്രസ്റ്റികളായിരുന്ന സി. ജെ. കുര്യനും കോനാട്ട് മൽപ്പാനും പാത്രിയർക്കീസിന് എല്ലാ ഒത്താശകളും ചെയ്തിരുന്നു. മാർ ദിവന്നാസ്യോസിന്റെ കൈക്ക് വിറയൽ ഉണ്ടെന്ന കാരണമാണ് മുടക്കുന്നതിന് എടുത്തുപറഞ്ഞത്.





പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ ആലുവായിൽ വച്ച് 1911 ചിങ്ങം 14-ന് കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽ മാർ ദിവന്നാസ്യോസിനു പകരം പൗലോസ് മാർ കൂറില്ലോസിനെ മലങ്കര മെത്രാപ്പോലീത്തായായും മെത്രാപ്പോലീത്തൻ ട്രസ്റ്റിയായും തെരഞ്ഞെടുത്ത് നിയമിച്ചു. എട്ടു ദിവസങ്ങൾക്കു ശേഷം ചിങ്ങം 22-ന് മാർ ദിവന്നാസ്യോസ് കോട്ടയത്ത് അസോസിയേഷൻ വിളിച്ചുകൂട്ടി, മെത്രാപ്പോലീത്തായുടെ മുടക്ക് അസാധുവാണെന്ന് പ്രഖ്യാപിച്ചു. കോനാട്ടു മൽപ്പാനെയും സി.ജെ.കുര്യനെയും നീക്കി പകരം മാണി പൗലോസ് കത്തനാരെയും കോരുള ഏബ്രഹാമിനെയും കൂട്ടുട്രസ്റ്റികളായി അവരുടെ സ്ഥാനത്ത് തെരഞ്ഞെടുത്തു. ഇവിടെ ഒരു പിളർപ്പ് ഉണ്ടാക്കിയ ശേഷം പാത്രിയർക്കീസ് 1911 ഒക്ടോബറിൽ തിരികെപ്പോയി. ക്രിസ്തീയതയ്ക്കു അപമാനം വരുത്തിവച്ചുകൊണ്ട് ഇന്നും അവസാനിക്കാത്ത കോടതിക്കേസുകൾക്കും മത്സരത്തിനും ഇദ്ദേഹം ബീജാവാപം ചെയ്തു.

മാർ ദിവന്നാസ്യോസിനെ മാർ അബ്ദള്ളാ മുടക്കിയ വിവരം ഫാദർ പി.റ്റി. ഗീവർഗീസ് (പിന്നീട് ബഥനിയുടെ മാർ ഈവാനിയോസ്) യഥാസമയം മാർ അബ്ദേദ്മിശിഹായെ അറിയിച്ചു. താമസിയാതെ അതിന് മറുപടി ലഭിച്ചു. കമ്പി വാചകം ഇപ്രകാരമായിരുന്നു:

"ദിവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദള്ളായുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ" (മാർ ഈവാനിയോസ്, *ഗിരിദീപം*,30).

കമ്പി ഇവിടെ കിട്ടിയത് 1911 ആഗസ്റ്റിലാണ് (*സുറിയാനിസഭ*,263). മാർ അബ്ദള്ളായുടെ മുടക്കിനുശേഷം മാർ ദിവന്നാസ്യോസ് കുറേ നാളത്തേക്ക് വി. കുർബാന അർപ്പിച്ചിരുന്നില്ല. അബ്ദേദ്മിശിഹായുടെ കമ്പി കിട്ടിയ ശേഷമാണ് അദ്ദേഹം വീണ്ടും കുർബാന അർപ്പിക്കാൻ തുടങ്ങിയത്.

പാത്രിയർക്കീസ് മുടക്കിയാൽ പിന്നെ കൂദാശകൾ പരികർമ്മം ചെയ്യാൻ പാടില്ലെന്ന് വട്ടശ്ശേരിൽ മൽപ്പാൻ മുമ്പൊരു കൃതിയിൽ എഴുതിയിരുന്നു:

"സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോക്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു...എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീർന്നു കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചു കൂടാത്തതുമാകുന്നു " (*മതോപദേശസാരങ്ങൾ*,10).

# 12
# മാർ അബ്ദേദ്മിശിഹായും കാതോലിക്കാവാഴ്ചയും

ഫാ.പി.റ്റി. ഗീവർഗീസ് (എം.എ.അച്ചൻ) വളരെ സുദീർഘമായ ഒരു കത്ത് മാർ അബ്ദേദ്മിശിഹായുടെ പേർക്ക് പിന്നീട് അയച്ചു. അതിന് മാർ അബ്ദേദ്മിശിഹായിൽ നിന്ന് മറുപടി വന്നു:

"മലങ്കരയിലേക്ക് വരുന്നതിനും കാതോലിക്കാസിംഹാസനം സ്ഥാപിക്കുന്നതിനും താൻ സന്നദ്ധനാണെന്നും, പക്ഷേ യാത്രച്ചെലവിനുള്ള പണം മുൻകൂട്ടി അയച്ചു കൊടുക്കണമെന്നും ആയിരുന്നു പ്രസ്തുത കത്തിൽ എഴുതിയിരുന്നത്. കത്തിലെ താൽപ്പര്യമനുസരിച്ച്, മാർ ദിവന്നാസ്യോസിന്റെ അനുമതിയോടുകൂടി യാത്രച്ചെലവിലേക്ക് നൂറു പവൻ മുൻകൂട്ടി അയച്ചുകൊടുക്കുകയും ചെയ്തു" (ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*,1. പേ,115).

മാർ അബ്ദേദ്മിശിഹാ 1087 കർക്കിടകം 12-ന് പരുമലയിൽ എത്തി. 1088 ചിങ്ങം 26-ന് കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ മാർ ഗ്രഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മുറിമറ്റത്ത് മാർ ഈവാനിയോസിനെ കാതോലിക്കാ ആയി വാഴിക്കാൻ എല്ലാവരുംകൂടി നിശ്ചയിച്ചു. പാത്രിയർക്കീസിന്റെ കൂടെ വന്ന രണ്ടു റമ്പാന്മാർ കാതോലിക്കാവാഴ്ചയ്ക്ക് എതിരായിരുന്നു. എന്നാൽ എം.എ.അച്ചൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. 1912 സെപ്റ്റംബർ 15-ന് ഞായറാഴ്ച നിരണംപള്ളിയിൽ വച്ച് മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസിനെ ബസ്സേലിയോസ് പൗലോസ് എന്ന പേരിൽ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ ആയി വാഴിച്ചു. അതിനുശേഷം 1088 മകരം 26-ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് കണ്ടനാട് കാരോട് യുവാക്കിം മാർ ഈവാനിയോസിനെയും കാരുചിറ ഗീവർഗീസ് മാർ ഫീലൊക്സീനോസിനെയും മെത്രാന്മാരായി വാഴിച്ചു.

മലങ്കരയിൽ നിന്ന് തിരിച്ചുപോകുന്നതിന് മുമ്പായി 1913 (1088) കുംഭം 8-ന് കാതോലിക്കാസിംഹാസനം മലങ്കരയിൽ ശാശ്വതമായി നിലനിർത്തു





ന്നതിനുള്ള കൽപ്പനയും എഴുതി പാത്രിയർക്കീസ് ഒപ്പിട്ടുകൊടുത്തു. ആ കൽപ്പനയിലെ ചില വാചകങ്ങൾ താഴെ ചേർക്കുന്നു:

"കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പല പല കാരണങ്ങൾ മൂലം വെടിപ്പിലും വിശുദ്ധിയിലും നിലനിൽക്കയില്ലെന്ന് നമുക്ക് ബോധ്യമായി. എന്നാൽ ഇപ്പോൾ നമ്മുടെ കർത്താവിന്റെ ശക്തിയാൽ അത് കാലാകാലത്തോളം വെടിപ്പിലും വിശുദ്ധിയിലും നീലനിൽക്കുമെന്നും അന്ത്യോക്യയുമായുള്ള സ്നേഹബന്ധത്തിൽ മുമ്പിലത്തേക്കാൾ അതു കൂടുതൽ സ്ഥിരീകരിക്കപ്പെടുമെന്നും നാമറിയുന്നു... അന്ത്യോക്യയിലെ അപ്പസ്തോലിക സിംഹാസനവുമായുള്ള സ്നേഹബന്ധത്തിൽ നിന്ന് നിങ്ങൾ വേർപെട്ടു പോകരുത്" (ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*, പേ,121-122).

കാതോലിക്കോസിനെ വാഴിച്ചു കഴിഞ്ഞ് അഞ്ചുമാസത്തിനുശേഷം, തിരിച്ചുപോകുന്നതിന് അഞ്ചുദിവസം മുമ്പു മാത്രമാണ് കാതോലിക്കാസ്ഥാപന സംബന്ധമായ ഈ കൽപ്പന പുറപ്പെടുവിച്ചത്. 1088 കുംഭം 13-ന് മാർ അബ്ദേദ്മിശിഹാ തിരികെ പോയി.

## മാർ ദിവന്നാസ്യോസിന്റെ ഓമല്ലൂർപള്ളിയിലെ പ്രസംഗം

മാർ ദിവന്നാസ്യോസ് 1914-ൽ ഓമല്ലൂർ പള്ളിയിൽ വന്നിരുന്നുകൊണ്ട് മഞ്ഞിനിക്കര ഇലവിനാമണ്ണിൽ മൽപ്പാനച്ചനെ ആളയച്ചു വിളിപ്പിച്ചു.

"മുടക്കപ്പെട്ട മെത്രാന്റെ കൈമുത്താൻ ഞാൻ തയാറല്ല. അതുകൊണ്ട് ഞാൻ വരുന്നില്ല" എന്ന് മൽപ്പാനച്ചൻ വന്ന ആളിനോട് പറഞ്ഞയച്ചു. അയാൾ ആ വിവരം തിരുമേനിയെ അറിയിച്ചു. പിറ്റേദിവസം ഞായറാഴ്ച വി.കുർബാന മധ്യേ തിരുമേനി പ്രസംഗിച്ച കൂട്ടത്തിൽ ഇപ്രകാരം പറഞ്ഞു:

"അറുനൂറ്റിചില്വാനം മെത്രാന്മാർ കൂടി മുടക്കിയ മുടക്ക് മുടക്കല്ല. നമ്മുടെ മുടക്ക് മുടക്കാണു പോലും."

അദ്ദേഹം ഈ വാചകം പല പ്രാവശ്യം ആവർത്തിച്ചു എന്നു പറയപ്പെടുന്നു. കൽക്കദോനിയാ സൂനഹദോസിൽ വച്ച് മുടക്കപ്പെട്ട കാൽസിഡൺ വിരുദ്ധരായ ദിയസ്ക്കോറോസിന്റെയും മറ്റും അനുയായികളാണല്ലോ യാക്കോബായക്കാരും യാക്കോബായാ പാത്രിയർക്കീസും. കാൽസിഡൺ അനുകൂലികളായ 630 മെത്രാന്മാർ കൂടിയാണ് അവരെ മുടക്കിയത്. അങ്ങനെയുള്ള ഒരു യാക്കോബായാ പാത്രിയർക്കീസാണ് എന്നെ മുടക്കിയിരിക്കുന്നത്. ആ മുടക്ക് മുടക്കാണോ എന്നാണ് വട്ടശ്ശേരിൽ തിരുമേനി ചോദിച്ചതിന്റെ സാരം.

കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (പിന്നീട് മൂന്നാംകാതോതലിക്കാ) 1912-ൽ കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാനയച്ച കത്തിൽ ഇപ്രകാരം ചോദി

ക്കുന്നു: "ദിയസ്ക്കോറോസിനെയും ബർ സൗമായെയും ലോകത്തിലുള്ള സകല എപ്പിസ്ക്കോപ്പന്മാരുംകൂടി മുടക്കി. ആ മുടക്കും അവിടുന്ന് സ്വീകരിക്കുന്നുണ്ടോ? സ്വീകരിക്കുന്നില്ലെങ്കിൽ കാരണമെന്ത്?" (കെ.ജെ.ഗീവർഗീസ് റമ്പാൻ, *എഴുത്തു പുസ്തകം*, 1933, പേ.59).

## വട്ടിപ്പണക്കേസ്

മാർ അബ്ദള്ളാ ബാവയുടെ പക്ഷത്തുള്ളവരും മാർ ദിവന്നാസ്യോസിന്റെ പക്ഷത്തുള്ളവരും വട്ടിപ്പണത്തിന്റെ പലിശയ്ക്കുവേണ്ടി വാദം ഉന്നയിച്ചു. 1908 മുതലുള്ള പലിശ തിരുവനന്തപുരം ജില്ലാകോടതിയിൽ കെട്ടിവച്ച് യഥാർഥ അവകാശികൾക്ക് അത് കൊടുക്കണമെന്ന് കാണിച്ച് ഒരു ഇന്റർപ്ലീഡർ കേസ് 1088-ൽ ഫയൽ ചെയ്തു. മാർ ദിവന്നാസ്യോസ് ഫയൽ ചെയ്ത *എ അക്കം കാനൻ* ആണ് സഭയുടെ ശരിയായ കാനൻ എന്നും മാർ ദിവന്നാസ്യോസിന്റെ മുടക്ക് അസാധുവാണെന്നും മറുഭാഗം ഹാജരാക്കിയ *18 അക്കം കാനൻ* വ്യാജനിർമിതമാണെന്നും വട്ടിപ്പണത്തിന്റെ പലിശ വാങ്ങാനുള്ള അവകാശം മാർ ദിവന്നാസ്യോസിനും കൂട്ടുട്രസ്റ്റികൾക്കും ആണെന്നും 1095 ചിങ്ങം 3-ന് ജില്ലാജഡ്ജി വിധിച്ചു. ഇതിന്മേൽ എതിർപക്ഷത്തുള്ള മാർ അത്തനാസ്യോസും കൂട്ടുട്രസ്റ്റികളും തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. 1098 മീനം 10-ന് ജില്ലാകോടതി വിധി അസ്ഥിരപ്പെടുത്തിക്കൊണ്ട് ചീഫ് ജസ്റ്റീസ് ആർ. വീരരാഘവയ്യർ, ജസ്റ്റീസ് ചാറ്റ്ഫീൽഡ്, ജസ്റ്റീസ് പപ്പുപിള്ള എന്നിവരുൾപ്പെട്ട ഫുൾബഞ്ച് വിധി പ്രസ്താവിച്ചു. മാർ ദിവന്നാസ്യോസിന്റെ മുടക്ക് സാധുവാണെന്ന് അവർ വിധിച്ചു. ഇതിന്മേൽ മെത്രാൻകക്ഷിക്കാർ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചു.

## മാർ ദിവന്നാസ്യോസിന്റെ മർദീൻയാത്ര

റിവ്യൂ പെറ്റീഷൻ കൊടുത്തു കഴിഞ്ഞ് മാർ ദിവന്നാസ്യോസ് പാത്രിയർക്കീസിനെ കണ്ട് സന്ധിയാലോചനയ്ക്കായി മർദീനിലേക്ക് പോയി. യാത്രാമധ്യേ ബാഗ്ദാദിൽ വച്ച് സുറിയാനി കത്തോലിക്കാ സഭയിൽപെട്ട ഒരു മെത്രാനെ കാണാൻ ഇടയാകുകയും അദ്ദേഹത്തോട് സഭൈക്യസംബന്ധമായി സംഭാഷണം നടത്തുകയും ചെയ്തു (ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*, പേ,262). അതിനുശേഷം മാർ ദിവന്നാസ്യോസ് ജൂൺ 21-ന് മർദീനിലെത്തി ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസിനെ കണ്ട് ചർച്ചകൾ നടത്തി. അവർ ചില ധാരണകളിൽ എത്തി. മലങ്കരയിലേക്ക് തിരിച്ചുവരുമ്പോൾ മാർ ദിവന്നാസ്യോസിനോടൊപ്പം മാർ യൂലിയോസ് എന്ന മെത്രാനെ പാത്രിയർക്കീസ് അയച്ചു. മുടക്കുതീർത്ത കൽപ്പന പാത്രിയർക്കീസ് മാർ യൂലിയോസ് വശം കൊടുത്തയച്ചു എന്നും എന്നാൽ നേരത്തെ സമ്മതിച്ചിരുന്ന വ്യവസ്ഥകൾ, മലങ്കരയിൽ തിരകെ എത്തിയശേഷം മാർ





ദിവന്നാസ്യോസ് പാലിക്കാൻ വിസമ്മതിച്ചതിനാൽ മുടക്കു കൽപ്പന പ്രാബല്യത്തിൽ വരുത്തിയില്ല എന്നുമാണ് പറയപ്പെടുന്നത്.

## ഓർത്തഡോക്സ് സഭ

അബ്ദള്ളാ പാത്രിയർക്കീസ് മാർ ദിവന്നാസ്യോസിനെ മുടക്കിയ ശേഷവും 1925 വരെ രണ്ടുകൂട്ടരും യാക്കോബായക്കാർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1917-ൽ അച്ചടിച്ച ഒരു നമസ്ക്കാര പുസ്തകത്തിന്റെ ആദ്യപേജിൽ ഇപ്രകാരം കാണുന്നു:

"*യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വലിയ നോമ്പിലെ നമസ്ക്കാരക്രമം. അന്ത്യോക്യയുടെ വിശുദ്ധ സിംഹാസനത്തിന്മേൽ കർത്തവ്യപ്പെട്ടിരിക്കുന്ന വിശുദ്ധ മോറാൻ മോർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ നാളുകളിൽ മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കൽപ്പനപ്രകാരം. കോട്ടയം മാർ തോമസ് അച്ചുകൂടത്തിൽ അച്ചടിച്ചത്. 16-ാം പതിപ്പ്.1917*".

എന്നാൽ 1925 മുതൽ മാർ ദിവന്നാസ്യോസിനെ അനുകൂലിച്ചു നിന്നവർ ഓർത്തഡോക്സ് സഭ എന്ന പേര് സ്വീകരിച്ചു. അങ്ങനെ എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി. മാർ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാ പുനരൈക്യം സംബന്ധിച്ച് 1926-ൽ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് അയച്ച കത്തിൽ "ദി ഓർത്തോഡോക്സ് സിറിയൻ ചർച്ച് ഓഫ് മലബാർ"എന്നാണ് എഴുതിയിരിക്കുന്നത് (ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, 1* പേ.268).

## രണ്ടാം കാതോലിക്കാവാഴ്ച

അബ്ദേദ്മിശിഹാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ഒന്നാം കാതോലിക്കാ 1913 മേടം 20-ന് മരിച്ചശേഷം 12 വർഷത്തോളം വേറൊരു കാതോലിക്കായെ വാഴിക്കാൻ മെത്രാൻ കക്ഷിക്കാർ ധൈര്യപ്പെട്ടില്ല. പാത്രിയർക്കീസുമായി നടത്തിയ സന്ധിയാലോചനകൾ പരാജയപ്പെട്ടതിനെ തുടർന്ന് കാതോലിക്കായെ വാഴിക്കാൻ അവർ തീരുമാനിച്ചു. കോട്ടയം ഇടവകയുടെ വാകത്താനം മാർ ഫീലൊക്സീനോസിനെ 1925 ഏപ്രിൽ 30-ന് മാർ ബസ്സേലിയോസ് ഗീവർഗീസ് എന്ന പേരിൽ നിരണം പള്ളിയിൽവച്ച് കാതോലിക്കാ ആയി വാഴിച്ചു. പിറ്റേദിവസം ബഥനിയുടെ ഗീവർഗീസ് റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിൽ കാതോലിക്കാ ബാവായും യുവാക്കിം മാർ ഈവാനിയോസും മാർ ഗ്രിഗോറിയോസും കൂടി ബഥനി മെത്രാനായി അഭിഷേചിച്ചു. വട്ടിപ്പണക്കേസിൽ തോറ്റുപോയേക്കുമോ എന്ന ഭയം നിമിത്തം മാർ ദിവന്നാസ്യോസ് ഇവയിലൊന്നിലും നേരിട്ട് സംബന്ധിച്ചില്ല. വിവരം അറിഞ്ഞ ഏലിയാസ് പാത്രിയർക്കീസ് ബന്ധപ്പെട്ടവരെയെല്ലാം ശപിച്ചുകൊണ്ട് ഇടവകകൾക്ക് കൽപ്പന അയച്ചു.

## റിവ്യൂ പെറ്റീഷൻ

റിവ്യൂപെറ്റീഷൻ വിചാരണയ്ക്ക് വന്നപ്പോൾ, കേസ് നേരത്തെ കേട്ട ചിഫ് ജസ്റ്റീസ് വീരരാഘവയ്യരും ജസ്റ്റീസ് പപ്പുപിള്ളയും റിട്ടയർ ചെയ്തിരുന്നു. ചാറ്റ്ഫീൽഡ് ചീഫ് ജസ്റ്റീസായി. ചീഫ് ജസ്റ്റീസും ജസ്റ്റീസുമാരായ ജോസഫ് തളിയത്തും ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും ഉൾപ്പെട്ട ഫുൾബഞ്ച് അപ്പീലിന്റെ പുനർവാദം കേട്ടു. മാർ ദിവന്നാസ്യോസിനെ മുടക്കിയത് തക്കതായ കാരണം കൂടാതെയും വിശദീകരണം ചോദിക്കാതെയുമായിരുന്നതിനാൽ, മുടക്ക് അസാധുവാണെന്നായിരുന്നു മെത്രാൻകക്ഷിയുടെ വാദം. സ്വാഭാവിക നീതിക്ക് വിരുദ്ധമെന്ന കാരണത്താൽ മാർ ദിവന്നാസ്യോസിന്റെ മുടക്ക് അസാധുവാണെന്നും ആയതിനാൽ അദ്ദേഹവും കൂട്ടുട്രസ്റ്റികളും വട്ടിപ്പണത്തിന് അർഹരാണെന്നും ജില്ലാക്കോടതിയുടെ വിധി ശരിവച്ചുകൊണ്ട്, പാത്രിയർക്കീസുഭാഗം ബോധിപ്പിച്ച അപ്പീൽ 1928 ജൂലായ് 4-ന് ഹൈക്കോടതി ചെലവുസഹിതം തള്ളി.

ഈ കേസിൽ ജസ്റ്റീസ് തളിയത്ത് ഇപ്രകാരം പറഞ്ഞു:"ഒന്നാംപ്രതിയുടെ മുടക്ക് അസാധുവാണെന്ന് വന്നാൽ തന്നെയും ഭ്രഷ്ടനാക്കപ്പെട്ട അബ്ദേദ്മിശിഹായെ അദ്ദേഹം പാത്രിയർക്കീസായി സ്വീകരിച്ചതുകൊണ്ട് ശീശ്മവഴി സഭയിൽനിന്ന് ഇതരനായി പോയതിനാൽ, ട്രസ്റ്റിയായി തുടരാൻ പാടില്ലായെന്ന വാദം ഒരു വൈദികകോടതി ചർച്ചചെയ്യേണ്ടതാണ്."

ജസ്റ്റീസ് പരമേശ്വരൻ പിള്ളയും അതേ അഭിപ്രായം രേഖപ്പെടുത്തി:"അബ്ദേദ്മിശിഹായെ പാത്രിയർക്കീസായി സ്വീകരിച്ചത് തെറ്റായിരുന്നെങ്കിൽ, അത് ആത്മീയാധികാരികൾ ശരിയായവിധം വിചാരണ നടത്തി തെറ്റുചെയ്തു എന്ന് തെളിഞ്ഞാൽ ശിക്ഷിക്കാവുന്നതാണ്. ഈ കോടതിക്ക് അദ്ദേഹത്തിന്റെ ആത്മിയമായ തെറ്റിന്റെ കാര്യത്തിൽ യാതൊരു കാര്യവുമില്ല"

ഏലിയാസ് പാത്രിയർക്കീസ് ജറുസലേമിൽ വച്ച് 1102 (1926) തുലാം 11 -ന് കായംകുളം മിഖായേൽ മാർ ദിവന്നാസ്യോസിനെയും ക്നാനായാ തോമസ് മാർ ദിയസ്ക്കോറോസിനെയും 1927-ൽ കണ്ടനാട് ഔഗേൻ മാർ തിമോതിയോസിനെയും മെത്രാന്മാരായി നിയമിച്ചു. 1928 ധനു 4-ന് രണ്ടാം കാതോലിക്കാ മരിച്ചു. മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും കൂടി കോട്ടയം ഏലിയാ ചാപ്പിലിൽ വച്ച് കല്ലാശ്ശേരിൽ മാർ ഗ്രിഗോറിയോസിനെ 1929 കുംഭം 2-ന് മാർ ബസ്സേലിയോസ് ഗീവർഗീസ് എന്ന പേരിൽ മൂന്നാം കാതോലിക്കാ ആയി വാഴിച്ചു. 1912-ൽ മെത്രാനായ ആളാണിദ്ദേഹം.





# 13

# മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യം

എം.എ.അച്ചൻ കൽക്കട്ടായിൽ ആയിരിക്കുമ്പോൾ കേരളത്തിൽ നിന്ന് കുറേ യുവതികളെ ഉന്നതവിദ്യാഭ്യാസാർഥം കൊണ്ടുപോയി ബാരിസോളിൽ ഓക്സ്ഫോർഡ് മിഷൻ എപ്പിഫനി സിസ്റ്റേഴ്സിന്റെ ചുമതലയിലാക്കി പരിശീലിപ്പിച്ചു. 1919-ൽ അദ്ദേഹം സെറാമ്പൂരിലെ ഉദ്യോഗം രാജിവച്ച് പെരുനാട്ടിൽ മുണ്ടൻമലയിൽ വന്ന് ബഥനിആശ്രമം സ്ഥാപിച്ചു. 1920-ൽ മേൽപ്പറഞ്ഞ യുവതികൾ തിരുവല്ലയിൽ തിരുമൂലപുരത്തു വന്ന് സിസ്റ്റേഴ്സിന്റെ പരിശീലനത്തിൽ ജീവിച്ചു. എം.എ. അച്ചൻ മെത്രാനായി വാഴിക്കപ്പെട്ടശേഷം (1925 മെയ് 1) മെയ് 13-ന് ഈ യുവസന്ന്യാസാർഥികൾക്ക് ഒരു കത്തയച്ചു. അദ്ദേഹം സെപ്തംബർ 21 ന് അവരുടെ സന്യാസപ്രതിഷ്ഠ നടത്തി. അക്കാലത്തെ അദ്ദേഹത്തിന്റെ മനോഭാവം അറിയാൻ ഈ കത്ത് സഹായകമാണ്.

**മഠാംഗങ്ങൾക്കയച്ച കത്ത്**

ദൈവകാരുണ്യത്താൽ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാൻ. നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കൾക്കെല്ലാവർക്കും വാഴ്വ്.

മക്കളേ,

നമ്മുടെ കണ്ണിലുണ്ണികളായ നിങ്ങൾ ഒരു പ്രത്യേക കാര്യത്തിനു വേണ്ടി പ്രാർഥിക്കണം. ദൈവം ആർക്ക് ഏറെ കൊടുത്തുവോ, അവനോട് ഏറെ ചോദിക്കും. നമുക്ക് തന്നിരിക്കുന്നത് പത്ത് താലന്ത് ആകുന്നു. അതുകൊണ്ട് വ്യാപാരം ചെയ്ത് പത്തു കൂടെ ലാഭമുണ്ടാക്കിയേ മതിയാകൂ. ഇത് എങ്ങനെ സാധിക്കുമെന്ന് നമുക്ക് യാതൊരറിവുമില്ല. എങ്ങോട്ട് പോകണമെന്നും എന്ത് ആഗ്രഹിക്കണമെന്നും എന്തു പ്രവർത്തിക്കണമെന്നും അറിയാതെ നാം കുഴങ്ങുന്നു. ഒരു കാര്യം നമുക്ക് നല്ല നിശ്ചയമുണ്ട്. ...കർത്താവേശുമിശിഹാ നമ്മെ പിടിച്ചിരിക്കുന്നു. കർത്താവിന്റെ പ്രകാശത്തിൽ നമ്മെ നടത്തി കർത്താവിന്റെ അളവറ്റ മഹത്വത്തിന് നമ്മെയും നമ്മുടെ ഏറ്റവും വാത്സല്യമക്ക

ളായ നിങ്ങളെല്ലാവരെയും പുണ്യപൂർണതയിലും ദൈവത്തിനു വളരെ വളരെ മഹത്വം വരുത്തുന്ന മഹത്വത്തിലും എത്തിച്ചുകൊള്ളുന്നതിന് മക്കളേ, നിങ്ങൾ പ്രാർഥിക്കണേ. നാം കുരുടനായിരുന്നു. യേശുമിശിഹായുടെ കണ്ണു മാത്രമേ നമുക്ക് കണ്ണായി ആവശ്യമുള്ളു. ആ കണ്ണ് നമുക്ക് എപ്പോഴും കാഴ്ചയുള്ളതായിരിപ്പാൻ നിങ്ങൾ പ്രാർഥിക്കണേ...നമുക്ക് യാതൊന്നും അറിഞ്ഞുകൂടാ. എങ്ങോട്ടു പോകണം, എങ്ങനെ ദൈവമഹത്വത്തിനായി പരിശ്രമിക്കണം, എന്തു പ്രവർത്തിക്കണം –ഇതൊന്നും നാം അറിയുന്നില്ല.

ഇതു കൂടാതെ വേറൊരു സംഗതി കൂടെ നിങ്ങളോടു പറയാനുണ്ട്. കൂടെ താമസിക്കുന്ന സഹോദരിമാരിൽ യേശുവിനെ കാണുകയും സ്നേഹിക്കുകയും ചെയ്യുന്നതിന് പൂർവാധികം നിങ്ങൾ ശ്രമിക്കണം.. നിങ്ങൾ നന്നായി ശ്രമിക്കുന്നു എന്നു നമുക്കറിയണമെന്നേ നമുക്കാഗ്രഹമുള്ളു. സാധിച്ചുതരുന്നവൻ ദൈവമാകുന്നു...

സർവശക്തനായ ദൈവത്തിന്റ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും ഉണ്ടായിരിക്കട്ടെ.

ഒപ്പ്

13 മെയ് 1925. മാർ ഈവാനിയോസ്

## പുനരൈക്യം

വട്ടശ്ശേരിൽ തിരുമേനി മർദീനിൽ നിന്ന് തിരികെ വന്ന് അധികനാൾ കഴിയുന്നതിനുമുമ്പ് അന്ത്യോക്യാ കത്തോലിക്കാ പാത്രിയർക്കീസ് റഹമാനി തിരുമേനിയുടെ ഒരു കത്ത് പരുമല വച്ച് അദ്ദേഹത്തിന് കിട്ടി. അദ്ദേഹത്തിന്റെ കൂടെയുള്ള കാതോലിക്കാ ബാവായെയും മെത്രാന്മാരെയും പരുമല വരുത്തി പ്രസ്തുത കത്തിനെപ്പറ്റി സംസാരിക്കയും ഭാവിനടപടികൾ ആലോചിച്ച് തീരുമാനിക്കാൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള എഴുത്തുകുത്തുകൾ നടത്താൻ തിരുമേനിമാർ മാർ ഈവാനിയോസ് പിതാവിനെ ചുമതലപ്പെടുത്തി.

ആദ്യം റഹമാനി പാത്രിയർക്കീസുമായിട്ടായിരുന്നു എഴുത്തുകുത്തുകൾ. പിന്നീട് റോമുമായി നേരിട്ട് കത്തിടപാടുകൾ നടത്താൻ തുടങ്ങി. മെത്രാന്മാർ എടുക്കുന്ന തീരുമാനം താൻ സ്വീകരിക്കുന്നതാണെന്ന് വട്ടശ്ശേരിൽ തിരുമേനി അറിയിച്ചു. അദ്ദേഹം നേരിട്ട് ചർച്ചകളിൽ പങ്കെടുത്തില്ല. റോമിന്റെ അംഗീകാരം ആഗസ്റ്റ് 30–ന് കിട്ടി. എന്നാൽ ആദ്യചർച്ച നടത്തിയവരിൽ അപ്പോൾ ജീവിച്ചിരുന്നത് മാർ ഈവാനിയോസും മാർ ഗ്രിഗോറിയോസ് എന്ന മൂന്നാം കാതോലിക്കായും മാത്രമായിരുന്നു. കാതോലിക്കാസ്ഥാനം അംഗീകരിക്കയില്ല എന്ന നിലപാടിൽ റോം അന്ന് ഉറച്ചുനിന്നു. അക്കാരണത്താൽ അദ്ദേഹത്തിന് വരാനും ഈ സംരംഭത്തിന് നേതൃത്വം നൽകാനും കഴിഞ്ഞില്ല.





അപ്പോഴേക്കും വട്ടിപ്പണക്കേസിൽ ജയിച്ചതു നിമിത്തം വട്ടശ്ശേരിൽ തിരുമേനിയും പിന്മാറി. അവസാനം മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫിലസ് തിരുമേനിയും മാത്രമേ ഐക്യത്തിലേക്ക് കടന്നു വന്നുള്ളു. ആശ്രമസ്ഥരിൽ രണ്ടുപേരൊഴികെ എല്ലാവരും എല്ലാ സിസ്റ്റേഴ്സും ഐക്യത്തിന് സമ്മതിച്ചു. എല്ലാം ഉപേക്ഷിച്ച് 5 വൈദികർ, 2 ശെമ്മാശ്ശന്മാർ, 3 സാധുക്കൾ, 4 അർഥികൾ, 3 ആയാതർ ഉൾപ്പെടെ 17 ആശ്രമസ്ഥർ 1930 ആഗസ്റ്റ് 20–ന് മുണ്ടൻമലയിൽ നിന്നിറങ്ങി മല്ലപ്പള്ളിയിൽ വന്നു താമസിച്ചു. രണ്ട് റമ്പാന്മാരും പുനരൈക്യത്തിന് തയാറായി.

1930 സെപ്തംബർ 20–ന് അഞ്ചുപേർ അടങ്ങുന്ന ചെറിയ സമൂഹം കൊല്ലത്തുവച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അടുത്ത ദിവസം അവിടെ വി. കുർബാനയർപ്പിച്ചതിനുശേഷം തിരുവല്ലായ്ക്ക് പോകുന്നവഴി തിരുമേനി തന്റെ മാതാപിതാക്കളെ സഭയിലേക്ക് സ്വീകരിച്ചു. പിന്നീട് ചേപ്പാട്ട് ഫിലിപ്പോസ് റമ്പാനെയും പുലിക്കോട്ടിൽ യൗസേപ്പ് റമ്പാനെയും സന്യസ്തരെയും സിസ്റ്റേഴ്സിനെയും സഭയോട് ചേർത്തു. ആ ചെറിയ സമൂഹം ദൈവപരിപാലനയിൽ വളർന്ന് ഇന്ന് ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് വളരുന്നു. ഇപ്പോൾ ഈ സഭയിൽ ഏതാണ്ട് 5 ലക്ഷത്തോളം ആളുകളുണ്ട്.

# 14

# ഓർത്തഡോക്സ് സഭയുടെ ഭരണഘടനയും സമുദായക്കേസും

മാർ ദിവന്നാസ്യോസ് തിരുമേനിയുടെ നിര്യാണശേഷം (1934 ഫെബ്രുവരി 23) എം.ഡി.സെമിനരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ (1934 ഡിസംബർ 26) ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും സഭയ്ക്ക് ഒരു ഭരണഘടന അംഗീകരിക്കുകയും ചെയ്തു. അങ്ങനെ മലങ്കര മെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കാസ്ഥാനവും അന്നുമുതൽ ഒരാളിൽ നിക്ഷിപ്തമായി.

## ഭരണഘടനയിലെ ചില വകുപ്പുകൾ

1. മലങ്കരസഭ, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷൻ അന്ത്യോക്യാ പാത്രിയർക്കീസുമാകുന്നു.

2. മലങ്കരസഭ, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും പൗരസ്ത്യസുറിയാനി സഭയുടെ മേലധ്യക്ഷൻ കാതോലിക്കായും ആകുന്നു.

3. ഓർത്തഡോക്സ് സുറിയാനി സഭയെ ചില കാരണങ്ങളാൽ പിശകായി യാക്കോബായാസഭ എന്നുകൂടി പേരു പറഞ്ഞു വരുന്നതുപോലെ, മലങ്കരസഭയെയും അതേ കാരണത്താൽ യാക്കോബായാസഭ എന്നു കൂടെ പേരു പറഞ്ഞു വരുന്നുണ്ടെങ്കിലും, അതിനുള്ള പൂർവികമായ സാക്ഷാൽ പേര് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്നാകുന്നു.

94. മലങ്കരയുടെ ലൗകികവും വൈദികവും ആത്മികവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്ക് വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നു.

98. മലങ്കര മെത്രാപ്പോലീത്താസ്ഥാനം കൂടി കാതോലിക്കായ്ക്ക് വഹിക്കാവുന്നതാകുന്നു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹം





അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും പ്രസിഡന്റും സമുദായ സ്വത്തുക്കളുടെ മെത്രാൻ ട്രസ്റ്റിയും ആയിരിക്കുന്നതാകുന്നു.

100. മേൽപട്ടക്കാരെ വാഴിക്കുക, എപ്പിസ്ക്കോപ്പൽ സൂനഹദോസിൽ ആധ്യക്ഷം വഹിക്കുക, സൂനഹദോസിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഭരണം നടത്തുക, മൂറോൻ കൂദാശ ചെയ്യുക എന്നിവ കാതോലിക്കായുടെ അധികാരത്തിൽ പെട്ടവയാകുന്നു.

108...സഭയുടെ വിശ്വാസം ഇന്നതാണെന്നുള്ളതിനെ സംബന്ധിച്ച് തർക്കമുണ്ടായാൽ മേൽ പ്രസ്താവിച്ച എപ്പിസ്ക്കോപ്പൽ സിനഡിനു തീരുമാനം ചെയ്യാവുന്നതും ഇതിന്റെ അവസാനതീരുമാനം ആകമാന സൂനഹദോസിന് ഇരിക്കുന്നതുമാകുന്നു.

ഈ ഭരണഘടന കാതോലിക്കാപക്ഷം മാത്രം തയാറാക്കിയതാണ്. പാത്രിയർക്കീസ് പക്ഷക്കാർ ഇതിൽ സംബന്ധിച്ചില്ല, അവരെ ക്ഷണിച്ചുമില്ല. ഇതിന് പാത്രിയർക്കീസിന്റെ അംഗീകാരം ആവശ്യപ്പെടുകയോ, ലഭിക്കുകയോ ചെയ്തിട്ടില്ല. "മാർ തോമായുടെ പൗരസ്ത്യസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന ബസ്സേലിയോസ് കാതോലിക്കാ" എന്ന് കാതോലിക്കാ 1929 മുതൽ കൽപ്പനകളിൽ എഴുതിത്തുടങ്ങി.

## ഒന്നാം സമുദായക്കേസ്

പാത്രിയർക്കീസ് പക്ഷത്തെ ട്രസ്റ്റികൾ മറുപക്ഷത്തെ ട്രസ്റ്റികളെ പ്രതി ചേർത്ത് 1938 മാർച്ച് 10-ന് കോട്ടയം ജില്ലാക്കോടതിയിൽ അന്യായം ഫയൽ ചെയ്തു. കാതോലിക്കാവാഴ്ച അസാധുവാണെന്നും പാത്രിയർക്കീസിനു മാത്രം അവകാശപ്പെട്ട സ്ഥാനവും ചുമതലകളും കാതോലിക്കോസിന് നൽകി ഒരു ഭരണഘടന ഉണ്ടാക്കി പ്രതികൾ ഒരു പുതിയ സഭ രൂപീകരിച്ചിരിക്കുന്നു എന്നുമായിരുന്നു പ്രധാനാരോപണം. കോട്ടയം ജില്ലാജഡ്ജി ബി.കൃഷ്ണയ്യർ വാദം കേട്ടശേഷം 1118 മകരം 5-ന് (1943 ജനുവരി 18) അന്യായം ചെലവുസഹിതം തള്ളി.

കാതോലിക്കായെ സ്വീകരിക്കുന്നതിൽ വേദവിപരീതമോ ശീശ്മയോ ഇല്ലെന്ന് വട്ടിപ്പണക്കേസ് റിവ്യൂവിധിയിൽ തീരുമാനിച്ചത് *റെസ് ജുദിക്കാത്താ* ആണെന്നും അതിനെതിരെ തർക്കിക്കാൻ വാദികൾക്ക് അവകാശമില്ലെന്നും കോടതി പറഞ്ഞു. പ്രതികൾ സഭയ്ക്ക് ഇതരർ അല്ലെന്നും എ അക്കം ആണ് ശരിയായ കാനൻ എന്നും കോടതി വിധിച്ചു.

ഈ വിധിയിന്മേൽ വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. ചീഫ് ജസ്റ്റീസ് റ്റി. എം. കൃഷ്ണസ്വാമി അയ്യർ, ജസ്റ്റീസുമാർ നോക്സ്, സത്യനേശൻ എന്നിവർ ഉൾപ്പെട്ട ഫുൾബഞ്ച് അപ്പീൽവാദം കേട്ടു. നോക്സും സത്യനേശനും പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായി 1946 ആഗസ്റ്റ് 8-ന് വിധിയെഴുതി. ചീഫ് ജസ്റ്റീസ് വിയോജിച്ചു.

പാത്രിയർക്കീസിന്റെ ആത്മിയാധികാരം സഭയുടെ മൗലിക തത്വങ്ങളിൽ ഒന്നാണെന്നും 18 അക്കം കാനനാണ് (ബി.പി.അക്കം) മലങ്കരസഭ അംഗീകരിച്ച കാനനെന്നും ഭൂരിപക്ഷം ജഡ്ജിമാർ വിധിച്ചു. പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ ഭരണഘടന അംഗീകരിച്ച് പുതിയസഭ സ്ഥാപിച്ചു എന്നുമാണ് അവർ കണ്ടത്. പ്രതികൾ ഈ വിധി റിവ്യൂ ചെയ്യുന്നതിന് അപേക്ഷിച്ചു.

## റിവ്യൂ പെറ്റീഷൻ

തിരുക്കൊച്ചി സംസ്ഥാനം നിലവിൽ വന്നശേഷം (1949 ജൂൺ 8) ചീഫ് ജസ്റ്റീസ് കുഞ്ഞുരാമനും ജസ്റ്റീസുമാരായ ജോസഫ് വിതയത്തിലും പി. കെ.സുബ്രമണ്യയ്യരും ഉൾപ്പെട്ട ഫുൾ ബഞ്ചാണ് വാദം കേട്ടത്. ഹൈക്കോടതി റിവ്യൂഹർജി തള്ളി. ഓർത്തഡോക്സുകാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകി. റിവ്യൂ അനുവദിച്ച് എല്ലാ പോയിന്റുകളും വീണ്ടും കേൾക്കാൻ സുപ്രീം കോടതി നിർദേശിച്ചു.

ഹൈക്കോടതി ജഡ്ജിമാരായ ശങ്കരൻ, ജി.കുമാരപിള്ള, എം. എസ്. മേനോൻ എന്നിവരുൾപ്പെട്ട ഫുൾ ബഞ്ചിൽ അപ്പീൽ വീണ്ടും കേട്ടു. 1956 ഒക്ടോബർ ആദ്യവാരം വാദം അവസാനിച്ചു. നവംബർ 1-ന് കേരള സംസ്ഥാനവും കേരള ഹൈക്കോടതിയും നിലവിൽ വന്നു. പാത്രിയർക്കീസുകാർക്ക് അനുകൂലമായ വിധിയാണുണ്ടായത്. കാതോലിക്കാസ്ഥാപനം അസാധുവാണെന്നും ഭരണഘടന പാസാക്കാൻ കൂടിയ യോഗത്തിൽ പങ്കെടുത്ത പള്ളികളെ മാത്രമേ അത് ബാധിക്കയുള്ളു എന്നും ഭരണഘടനമൂലം ഒരു പുതിയസഭ സൃഷ്ടിക്കുകയാണ് ചെയ്തതെന്നും വിധി പ്രസ്താവിച്ചു.

## സുപ്രീം കോടതിവിധി

ഈ വിധിയിന്മേൽ കാതോലിക്കോസ് കക്ഷി സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. സുപ്രീം കോടതിയിൽ കാതോലിക്കാക്കക്ഷി ജയിച്ചു. ഹൈക്കോടതിവിധി അസ്ഥിരപ്പെടുത്തി, ജില്ലാക്കോടതിവിധി സ്ഥിരപ്പെടുത്തി 1958 സെപ്തംബർ 12-ന് വിധിയുണ്ടായി. *റെസ് ജുദിക്കാത്താ* ന്യായം പറഞ്ഞാണ് സുപ്രീം കോടതി അപ്രകാരം വിധിച്ചത്. അതായത്, വട്ടിപ്പണക്കേസിലെ ഹൈക്കോടതി വിധി (1928) നിലനിർത്തി. ഓർത്തഡോക്സ് കക്ഷി യാക്കോബായാ സഭയിൽ നിന്ന് ഔദ്യോഗികമായി വേർപെട്ട ഒരു വിഭാഗമല്ലെന്നാണ് സുപ്രീം കോടതി വിധിച്ചത്.

അപ്രേം പാത്രിയർക്കീസ് 1957 ജൂൺ 23-ന് മരിക്കുകയും ഒക്ടോബറിൽ യാക്കൂബ് മൂന്നാമൻ യാക്കോബായാ പാത്രിയർക്കീസാകുകയും ചെയ്തു.





## യോജിപ്പ്

സുപ്രീം കോടതിയിൽ പരാജയപ്പെട്ട പാത്രിയർക്കീസ് പക്ഷം യോജിപ്പിന് സന്നദ്ധത പ്രകടിപ്പിച്ചു. 1958 സെപ്തംബർ 12 -ന് പാത്രിയർക്കീസ് യോജിപ്പിനുള്ള കൽപ്പന മഞ്ഞിനിക്കരയിലുള്ള മാർ യൂലിയോസിന് അയച്ചുകൊടുത്തു:

"മലങ്കരയിൽ സമാധാനം വരുത്തുന്നതിന് മാർ ബസ്സേലിയോസ് ഗീവർഗീസിനെ കാതോലിക്കാ ആയി സ്വീകരിക്കുന്നതിന് ഇതിനാൽ നാം സംപ്രീതനായിരിക്കുന്നു".

പരസ്പരധാരണ അനുസരിച്ച് കത്തുകൾ കൈമാറി. 1958 ഡിസംബർ 16-ന് കോട്ടയം പഴയ സെമിനരിയിൽ വച്ചായിരുന്നു യോഗം. പാത്രിയർക്കീസ് നിരുപാധികമായിട്ടാണ് കാതോലിക്കായെ സ്വീകരിച്ചത്. എന്നാൽ പാത്രിയർക്കീസിനെ കാതോലിക്കാ സ്വീകരിച്ചത് ഭരണഘടനയ്ക്ക് വിധേയമായിട്ടായിരുന്നു.

## ഭിന്നിപ്പിന്റെ ലക്ഷണങ്ങൾ

യോജിപ്പുണ്ടായെങ്കിലും വൈകാരികമായ യോജിപ്പുണ്ടായില്ല. ചില കാര്യങ്ങളെപ്പറ്റി വിശദീകരണം ചോദിച്ചുകൊണ്ട് പാത്രിയർക്കീസ് 1959 ഏപ്രിൽ 8-ന് കാതോലിക്കോസിന് ഒരു കൽപ്പന അയച്ചു. ഇതിന് തീരെ ബഹുമാനമില്ലാത്ത ഒരു മറുപടിയാണ് ജൂൺ 8-ന് പാത്രിയർക്കീസിന്റെ പേർക്ക് കാതോലിക്കോസ് അയച്ചത് എന്നു പറയപ്പെടുന്നു (*സുറിയാനി സഭ*, 338-339).

മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ പെട്ട മാർ ഫീലൊക്സീനോസ് തിരുമേനി 1960 മെയ് 16-ന് മണർകാട് പള്ളിയിൽ യോഗം കൂടി ഭരണഘടന സ്വീകരിക്കുന്നതല്ലെന്നും ഐക്യം പൂർണമല്ലെന്നുമുള്ള നിശ്ചയങ്ങൾ പാസ്സാക്കി (*സുറിയാനിസഭ*, 345). ഉടനെ അദ്ദേഹത്തെ എപ്പിസ്ക്കോപ്പൽ സിനഡിൽ നിന്ന് നീക്കി കാതോലിക്കാ ജൂൺ 17-ന് കൽപ്പന ഇറക്കി. പാത്രിയർക്കീസുമായി ചേർന്ന് മലങ്കരയിൽ വീണ്ടും പിളർപ്പുണ്ടാക്കാൻ ശ്രമിക്കുന്നു എന്നായിരുന്നു ആരോപണം.

മാർ യൂലിയോസ് 1962 ഫെബ്രുവരി 19-നും മാർ ബസ്സേലിയോസ് ഗീവർഗീസ് കാതോലിക്കാ 1963 ജനുവരിയിലും നിര്യാതരായി. അടുത്ത കാതോലിക്കായെ വാഴിക്കാൻ പാത്രിയർക്കീസിനെ ക്ഷണിച്ചതനസരിച്ച് യാക്കോബ് മൂന്നാമൻ കേരളത്തിലെത്തി, 1964 മെയ് 22-ന് ഔഗേൻ മാർ തിമോതിയോസിനെ കാതോലിക്കാ ആയി വാഴിച്ചു. പാത്രിയർക്കീസിൽ നിന്ന് 1927-ൽ പട്ടം കിട്ടുകയും 1942-ൽ കാതോലിക്കാപക്ഷം ചേരുകയും ചെയ്ത ആളായിരുന്നു മാർ ഔഗേൻ തിരുമേനി.

# 15
# വീണ്ടും പിളർപ്പ്
# വിവാദപരമായ 203-ാം കൽപ്പന

"മാർ തോമായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു" എന്ന് കാതോലിക്കോസ് അയക്കുന്ന കൽപ്പനകളിൽ ചേർക്കുന്നതിൽ പാത്രിയർക്കീസ് എതിർപ്പു പ്രകടിപ്പിച്ചുകൊണ്ട് 1970 ജൂൺ 20-ന് കാതോലിക്കോസിന് വിവാദപരമായ ഒരു കത്തയച്ചു:

" അങ്ങയുടെ എഴുത്തിന് വളരെ നാൾ മുമ്പ് *മാർ തോമായുടെ സിംഹാസനം* എന്ന തലവാചകത്തിൽ എഴുതിയ കത്ത് നാം വായിച്ച് വളരെ അത്ഭുതപ്പെട്ടു. നാലാം നൂറ്റാണ്ടിൽ കാതോലിക്കാമാരിലോ മഫ്രിയാൻമാരിലോ ആരും തന്നെ ഈ നാമം ഉപയോഗിച്ചിട്ടില്ല എന്നതാണ് സത്യം. രണ്ടാമതായി മാർതോമാ ഏതെങ്കിലും ഒരു സിംഹാസനം സ്ഥാപിച്ചിട്ടേയില്ല. യൂഹാനോന്റെ ഏവൻഗേലിയോനിൽ (20,21-24) വ്യക്തമാകുന്ന പ്രകാരം അദ്ദേഹം ഒരു പുരോഹിതൻ പോലും ആകാതിരിക്കെ എങ്ങനെ മഹാപുരോഹിതനായി? ഒരു മഹാപുരോഹിതൻ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിച്ചു?" (*മലങ്കരസഭ 1876-1976,*പേ.457-458).

ഈ കൽപ്പന എല്ലാ മാർതോമാ നസ്രാണികളെയും വേദനിപ്പിച്ചു. അതിന് ഓർത്തഡോക്സ് ഭാഗത്തു നിന്ന് ശക്തിയായ പ്രതികരണം ഉണ്ടായി. തുടർന്ന് കാതോലിക്കോസുമായി ആലോചിക്കാതെ പാത്രിയർക്കീസ് 1973 സെപ്തംബർ 1-ന് കടവിൽ പൗലോസ് മാർ അത്തനാസ്യോസിനെ മെത്രാനാക്കി.

## വിശദീകരണം ചോദിക്കുന്നു

പാത്രിയർക്കീസ് 1974 ജനുവരി 30-ന് 13 ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് മറുപടി ബോധിപ്പിക്കാൻ കാതോലിക്കായ്ക്ക് എഴുതി. കാതോലിക്കായുടെ മേൽ ആരോപണം ഉന്നയിക്കാനും തീർപ്പു കൽപ്പിക്കാനും പാത്രിയർക്കീസിനല്ല, മലങ്കര സിനഡിനാണ് അധികാരമെന്ന് കാണിച്ചുകൊണ്ട് 1974 മാർച്ച് 5-ന് കാതോലിക്കോസ് മറുപടി അയച്ചു.





## പാത്രിയർക്കീസിനെ ബഹിഷ്ക്കരിക്കുന്നു

എപ്പിസ്ക്കോപ്പൽ സിനഡ് 1974 ആഗസ്റ്റിൽ കൂടി പാത്രിയർക്കീസിനെ ബഹിഷ്ക്കരിച്ചു: "പാത്രിയർക്കീസിനെ 1958-ൽ മലങ്കരസഭ സ്വീകരിച്ച വ്യക്തമായ വ്യവസ്ഥകളെ അവഗണിച്ച് ആ വ്യവസ്ഥകളിൽ നിന്ന് അദ്ദേഹം പിൻമാറിയിരിക്കുന്നു എന്നും, ഏതു ഭരണഘടനയ്ക്ക് വിധേയമായി അദ്ദേഹം സ്വീകരിക്കപ്പെട്ടുവോ, ആ ഭരണഘടനയിൽ അനുശാസിക്കപ്പെട്ടിട്ടുള്ള അവകാശപദവികൾ തന്നിമിത്തം അദ്ദേഹം സ്വയം നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നും സൂനഹദോസിന് ബോധ്യമാകുകയും സൂനഹദോസ് അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുന്നു" (*മലങ്കരസഭ 1876-1976,* പേ.136).

## ഡമാസ്ക്കസ് സിനഡ് കാതോലിക്കോസിനെ മുടക്കി

പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു യോഗം 1975 ജൂൺ 16-ന് കൂടുന്നതിന് ജനുവരി 11-ന് എല്ലാ മെത്രാന്മാർക്കും കാതോലിക്കായ്ക്കും കൽപ്പന അയച്ചു. മാർ തോമായുടെ സിംഹാസനം, മലങ്കരയുടെ സ്വതന്ത്രനില, പാത്രിയർക്കീസിനെതിരായ സൂനഹദോസ് തീരുമാനങ്ങൾ മുതലായവ ആയിരുന്നു ആലോചനാവിഷയങ്ങൾ. കാതോലിക്കാ ഭാഗത്തുനിന്ന് ആരും അതിൽ സംബന്ധിച്ചില്ല. സൂനഹദോസ് നിശ്ചയപ്രകാരം 1975 ആഗസ്റ്റ് 1-ന് 360/75-ാം നമ്പർ കൽപ്പനയാൽ കാതോലിക്കോസിനെയും അനുകൂലികളായ മെത്രാന്മാരെയും മുടക്കി കൽപ്പന അയച്ചു (*സുറിയാനിസഭ*,450).

അതിനുശേഷം പാത്രിയർക്കീസ് കക്ഷിക്കായി യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് പൗലോസ് മാർ ഫീലൊക്സീനോസിനെ 1975 സെപ്തംബർ 7-ന് മാർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ എന്ന പേരിൽ ഡമാസ്ക്കസിൽ വച്ച് കാതോലിക്കോസായി വാഴിച്ചു.

ഓർത്തഡോക്സ് കാതോലിക്കാ ആയിരുന്ന മാർ ഔഗേൻ തിരുമേനി 1975 സെപ്തംബർ 24-ന് രാജിവച്ചു. പകരം മാത്യൂസ് മാർ അത്തനാസ്യോസ് 1975 ഒക്ടോബർ 27-ന് ബസ്സേലിയോസ് മാർ തോമാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കോസായി വാഴിക്കപ്പെട്ടു. 1975 ഡിസംബറിൽ മാർ ഔഗേൻ തിരുമേനി കാലം ചെയ്തു.

## സഭാക്കേസ് അഥവാ രണ്ടാം സമുദായക്കേസ്

മലങ്കരയിലെ ഓർത്തഡോക്സ്-യാക്കോബായാ വിഭാഗങ്ങൾ തമ്മിൽ കേരളത്തിലെ വിവിധ കോടതികളിൽ 1977 ജനുവരിയിൽ ഉണ്ടായിരുന്ന 336 സഭാക്കേസുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രാതിനിധ്യസ്വഭാവമുള്ള എട്ടു കേസുകളുടെ വാദപ്രതിവാദങ്ങളാണ് സഭാക്കേസ് എന്ന നിലയിൽ

സ്പെഷ്യൽ കോടതിയിലും പിന്നീട് ഹൈക്കോടതിയിലും കൂട്ടുവിസ്താരം നടത്തിയത്. സ്പെഷ്യൽ കോടതി, അനന്തസുബ്രഹ്മണ്യത്തിന്റെ ബഞ്ചിൽ 1977 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. ഓർത്തഡോക്സുകാർ സുപ്രീംകോടതിയിൽ അപേക്ഷിച്ചതനുസരിച്ച് എറണാകുളം ഹൈക്കോടതിയിലെ ജസ്റ്റീസ് കെ. ചന്ദ്രശേഖരമേനോന്റെ ബഞ്ചിൽ വാദം കേട്ടശേഷം 1980 ജൂൺ 6-ന് വിധി പ്രസ്താവിക്കപ്പെട്ടു.

ഈ കേസിൽ കാതോലിക്കോസ് പക്ഷം അഡ്വക്കേറ്റ് എസ്. നാരായൺ പോറ്റി ഇപ്രകാരം വാദിച്ചു: "സുറിയാനി സഭയുടെ ആകമാന സൂനഹദോസ് എന്ന നിലയിൽ, പാത്രിയർക്കീസ് ഡമാസ്ക്കസിൽ വിളിച്ചു കൂട്ടിയ സൂനഹദോസ് സഭാചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ളതും വിശ്വാസകാര്യങ്ങളിൽ തീരുമാനിക്കപ്പെട്ടിട്ടുള്ളതുമായ പൊതുസൂനഹദോസുകൾ പോലെയുള്ള ഒന്നായിരുന്നില്ല.

ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളിൽ വ്യത്യസ്ത ഭരണക്രമീകരണങ്ങളും തലവന്മാരുമുണ്ടെങ്കിലും, ആ സഭകളെല്ലാം തന്നെ ഏകസഭയുടെ ഘടകങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ റോമൻ കത്തോലിക്കാസഭയിൽ പോപ്പിന്റെ കീഴിലുള്ള സഭ മാത്രമേ സത്യമായ ഏകവിശുദ്ധ സഭയാകുന്നുള്ളു.

ഏകസഭയിലെ ഘടകങ്ങളായ സ്വതന്ത്രസഭയിലെ അംഗങ്ങൾ തമ്മിൽ പരസ്പരസംസർഗമാകാം. അങ്ങനെയെങ്കിൽ, വിശ്വാസ സംബന്ധമായ സംഗതികൾ തീരുമാനിക്കുന്നതിനുള്ള അധികാരം സഹോദരീ സഭകളിലെ എപ്പിസ്ക്കോപ്പന്മാരെല്ലാം കൂടുന്ന സൂനഹദോസിനാണെന്ന് സ്പഷ്ടമാണല്ലോ.

അലക്സാണ്ഡ്രിയൻ, അർമേനിയൻ, എത്യോപ്യൻ, സിറിയൻ സഭകൾ വിശ്വാസൈക്യമുള്ളവയും അന്ത്യോക്യാ സംസർഗമുള്ളവയുമാണെന്ന് പ്രതിഭാഗം സാക്ഷികൾ സമ്മതിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് വിശ്വാസകാര്യങ്ങൾ തീരുമാനിക്കുന്നതിന് അധികാരമുള്ള സൂനഹദോസായി പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ സൂനഹദോസിനെ കണക്കാക്കാവുന്നതല്ല." (*മലയാളമനോരമ* 1979,ഡിസംബർ 8,ശനി).

## ചന്ദ്രശേഖരമേനോന്റെ വിധിയിലെ ചില ഭാഗങ്ങൾ

"കാതോലിക്കേറ്റിന്റെ സ്ഥാപനമോ, സഭാതർക്കങ്ങളിൽ മുമ്പുണ്ടായിട്ടുള്ള കോടതിവിധികളോ അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ നേരത്തേയുണ്ടായിരുന്ന മേലന്വേഷണാധികാരം ഇല്ലായ്മ ചെയ്തിട്ടില്ല. പക്ഷേ കാലം ചെയ്ത ഔഗേൻ കാതോലിക്കായും ഇപ്പോഴത്തെ മാത്യൂസ്





പ്രഥമൻ കാതോലിക്കായും അനുയായികളും ചേർന്ന് അന്ത്യോക്യാ സിംഹാസനത്തിൽ നിന്ന് തികച്ചും സ്വതന്ത്രമായി ഒരു സഭയ്ക്ക് ജന്മം നൽകിയ സ്ഥിതിക്ക് അപ്രകാരമുള്ള ഒരു സഭയുടെമേൽ പാത്രിയർക്കീസിന് യാതൊരധികാരവും ഉണ്ടായിരിക്കുന്നതല്ല. പുതിയ സഭയുടെ രൂപീകരണം മലങ്കരസഭയുടെ പാരമ്പര്യത്തിന് വിരുദ്ധമായിരിക്കാം. പുതുതായി ഒരു സഭയ്ക്ക് ജന്മം നൽകി എന്നതുകൊണ്ട് അന്ത്യോക്യാ സിംഹാസനത്തിൽ വിശ്വസിച്ചു വന്നിരുന്ന സഭാംഗങ്ങളെയെല്ലാം പുതിയ സഭയുടെ അധികാരസീമയിലേക്ക് ആകർഷിച്ചു എന്നും കണക്കാക്കാവുന്നതല്ല.

മലങ്കരസഭ എപ്പിസ്ക്കോപ്പലോ, കോൺഗ്രിഗേഷനലോ അല്ല. ആത്മിയകാര്യങ്ങളെ സംബന്ധിച്ചിടത്തോളം മലങ്കരസഭ ഒരതിർത്തി വരെ മാത്രം എപ്പിസ്ക്കോപ്പലാണ്. കാരണം, സഭയിലെ ഉന്നതനായ ആത്മിയ മേലധികാരിയെ സംബന്ധിച്ചു പോലും അധികാരവിനിയോഗം ചില നിബന്ധനകൾക്ക് വിധേയമായി മാത്രമാണ്. പാത്രിയർക്കീസ് വാഴിച്ച മലങ്കര മെത്രാപ്പോലീത്താ പോലും മലങ്കരയിലെ ജനങ്ങൾ സ്വീകരിച്ച ആളായിരിക്കണം എന്നാണ് നിബന്ധന. ലൗകിക കാര്യങ്ങളിൽ മലങ്കരസഭ കോൺഗ്രിഗേഷനലാണെന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഇടവകപ്പള്ളികൾ അവയുടെ ഭരണം സംബന്ധിച്ചിടത്തോളം സ്വതന്ത്രസ്ഥാപനങ്ങളാണ്. ഇടവകജനങ്ങളുടെ താൽപ്പര്യത്തിനു വിരുദ്ധമായി പാത്രിയർക്കീസുമായുള്ള ബന്ധം വിഛേദിക്കാൻ അവരെ നിർബന്ധിക്കാവുന്നതല്ല. പൊതുസ്ഥാപനങ്ങളുടെ ഭരണം സംബന്ധിച്ചിടത്തോളം മലങ്കര അസോസിയേഷൻ 1934-ൽ പാസ്സാക്കിയ ഭരണഘടന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ബാധകമാണ്. അന്ത്യോക്യാ പാത്രിയർക്കീസിനോ കാതോലിക്കോസിനോ മെത്രാപ്പോലീത്തായെ വാഴിക്കാൻ അധികാരമുണ്ട്.

മലങ്കര സഭയുടെ സ്ഥാപകനെന്ന നിലയിൽ മാർ തോമാശ്ലീഹായെ വിശേഷിപ്പിക്കാം. പക്ഷേ ഓർത്തഡോക്സ് സുറിയാനിസഭയുടെ സ്ഥാപകനായി മാർ തോമാശ്ലീഹായെ വിശേഷിപ്പിക്കുന്നത് ചരിത്രപരമായ അവാസ്തവ പ്രസ്താവമായിരിക്കും. മാർതോമാശ്ലീഹായിൽ നിന്ന് മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് വിഘാതം കൂടാതെയുള്ള അപ്പസ്തോലിക പിൻതുടർച്ചയുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിന് മതിയായ രേഖകളൊന്നും ഈ കേസിൽ ഹാജരാക്കപ്പെട്ടിട്ടില്ല.

കാതോലിക്കാവിഭാഗം ആശ്രയിക്കുന്ന 1934-ലെ ഭരണഘടന ക്നാനായ സമുദായം വക പള്ളികൾ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഭരണഘടന ആ പള്ളികൾക്ക് ബാധകമല്ല. മലങ്കര ഓർത്തഡോക്സ് സുറിയാനി

സഭ ആകമാന സുറിയാനി സഭയുടെ ഭാഗമാണോ അല്ലയോ എന്നത് ഒരാൾ പാത്രിയർക്കീസ് വിഭാഗത്തിന്റെയോ, കാതോലിക്കാ വിഭാഗത്തിന്റെയോ അനുയായി എന്നതിനെ ആശ്രയിച്ചിരിക്കുന്നു"(*മലയാള മനോരമ,* 1980, ജൂൺ 7, ശനി).

ഈ വിധിയിന്മേൽ ഓർത്തഡോക്സ് പക്ഷം സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. 1991-ൽ ബസ്സേലിയോസ് മാർ തോമാ മാത്യൂസ് ദ്വിതീയൻ ഓർത്തഡോക്സ് വിഭാഗത്തിന്റെ കാതോലിക്കാ ആയി വാഴിക്കപ്പെട്ടു.

## സുപ്രീംകോടതിവിധി

ജസ്റ്റീസ് ആർ എം. സഹായ് പ്രത്യേകമായും ജസ്റ്റീസുമാരായ ജീൻ റെഢി, എസ്.സി.സെൻ എന്നിവർ ഒരുമിച്ചും ചേർന്ന് എഴുതിയതായിരുന്നു ഇതിന്മേലുള്ള വിധി (1995 ജൂൺ 20). വിധി ഓർത്തഡോക്സ് വിഭാഗത്തിന്റെ 1934-ലെ ഭരണഘടന അംഗീകരിച്ചു. "പാത്രിയർക്കീസ് സഭയുടെ ആത്മിയ തലവനാണെങ്കിലും കാതോലിക്കായുടെ ഭരണകാര്യങ്ങളിൽ ഇടപെടാൻ പാടില്ല. ഡമാസ്ക്കസ് സിനഡ് അധികാരമില്ലത്തതാകയാൽ കാതോലിക്കായെ പാത്രിയർക്കീസ് വേദവിപരീതി ആയി പ്രഖ്യാപിച്ചത് അസാധുവാണ്. മലങ്കര അസോസിയേഷനിലെ പ്രാതിനിധ്യം ഓരോ ഇടവകയുടെയും കുടുംബങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായിരിക്കണം. ഇടവകകൾ കേസിൽ കക്ഷിയല്ലാത്തതിനാൽ അവയെ പൊതുവേ ബാധിക്കുംവിധം ഒരു പ്രഖ്യാപനം നടത്തുവാൻ സാധിക്കുകയില്ല. ആയതിനാൽ ഓരോ പള്ളിക്കാരും പ്രത്യേകം കേസ് പറയണം."

കേസുകൾ പലതു കഴിഞ്ഞെങ്കിലും ഇപ്പോഴും വഞ്ചി തിരുനക്കര തന്നെ. ഒരിക്കലും അവസാനിക്കാത്ത കേസുകളുടെ പടുകുഴിയിലെ അന്ധകാരത്തിലാണ് കിടക്കുന്നതെന്ന് പലരും മനസ്സിലാക്കുന്നില്ല എന്നതാണ് പരിതാപകരമായ കാര്യം.

## കോലഞ്ചേരി പള്ളിത്തർക്കം

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് പള്ളിയിൽ ആരാധനാസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിന് രണ്ടു വിഭാഗങ്ങളിലെയും കാതോലിക്കാമാർ 2011 സെപ്തംബർ 10 മുതൽ ഒരാഴ്ച സത്യാഗ്രഹം നടത്തി. ഒത്തുതീർപ്പുണ്ടാക്കുന്നതിന് മുസ്ലീം ലീഗ് സംസ്ഥാനാധ്യക്ഷൻ പാണക്കാട് ഹൈദരാലി തങ്ങൾ, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ, കേന്ദ്രമന്ത്രി വയലാർ രവി എന്നിവർ ഓരോരുത്തരും ഇരുവിഭാഗങ്ങളുമായി സംസാരിച്ചു. എങ്കിലും ഒത്തുതീർപ്പുണ്ടാക്കാൻ സാധിച്ചില്ല. പിന്നീട് കളക്ടരുടെ





നിർദേശപ്രകാരം കേരളാ മീഡിയേഷൻ സെന്റർ ഇടപെട്ടു. സുപ്രീംകോടതി അംഗീകരിച്ച മീഡിയേഷൻ പ്രോജക്ട് അംഗങ്ങളായ അഡ്വ. എൻ. ദർമദൻ, അഡ്വ. ശ്രീലാൽ വാരിയർ എന്നിവരെ മധ്യസ്ഥരും നിരീക്ഷകരുമായി ചുമതലപ്പെടുത്തി. അവർ രണ്ടു ഭ ാഗത്തുള്ളവരോടും സംസാരിച്ചു. എങ്കിലും രണ്ടു വിഭാഗവും അവരവരുടെ ആവശ്യങ്ങളിൽ ഉറച്ചു നിന്നു. മീഡിയേഷൻ കമ്മീഷൻ ആ വിവരം ഹൈക്കോടതിയെ അറിയിച്ചു. ഏതായാലും രണ്ടുകൂട്ടരും സമരം അവസാനിപ്പിക്കാൻ സമ്മതിച്ചു. ഒരു വിധിയുണ്ടാകുന്നതു വരെ രണ്ടു കൂട്ടരും പള്ളിയിൽ കടക്കുന്നത് ഹൈക്കോടതി തടഞ്ഞു. സഭാതർക്കത്തെ തുടർന്ന് 1998 ഏപ്രിലിൽ പൂട്ടിയ ഈ പള്ളി അനുരഞ്ജന ചർച്ചയെ തുടർന്ന് 2005-ൽ തുറന്നെങ്കിലും താമസിയാതെ അടച്ചുപൂട്ടി എന്നാണ് അറിയുന്നത്.

## പുത്തൻകുരിശു പള്ളിത്തർക്കം

പുത്തൻകുരിശു പള്ളിത്തർക്കത്തിൽ ഓർത്തഡോക്സ് സഭയുടെ അപ്പീൽ തള്ളിക്കൊണ്ട് കോടതി ഇപ്രകാരം നിരീക്ഷിച്ചു. സഭാതർക്കത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ദൈവത്തിന്റെ പേരിലുള്ള സ്വത്തിന്റെ കൈവശത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള പോരാട്ടമാണ് നടക്കുന്നതെന്നു വ്യക്തമാകുന്നു...ലൗകിക കാര്യങ്ങളിൽ ആധിപത്യം സ്ഥാപിക്കാനുള്ള പോരാട്ടമാണ് നടക്കുന്നത്...ദൈവസന്നിധിയിൽ പരസ്പരം പോരടിക്കുന്നതിന് ന്യായീകരണമില്ല. സ്വത്തു കൂടുമ്പോൾ പിടിവലി കൂടുമെന്നാണ് അനുഭവം.

കെടുകാര്യസ്ഥത മൂലമാണ് ആരാധനാകാര്യങ്ങൾ ഉൾപ്പെടെയുള്ളവയിൽ കോടതി ഇടപെടേണ്ടി വരുന്നത്. ജസ്റ്റീസ് വി. രാംകുമാർ, പി.കെ. ബർക്കത്തലി എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ചാണ് ഇപ്രകാരം നിരീക്ഷിച്ചത് (*മലയാള മനോരമ,* 2011 ഒക്ടോബർ 12).

## കോതമംഗലം ചെറിയപള്ളിത്തർക്കം

കോതമംഗലം ചെറിയപള്ളി സംബന്ധിച്ച് ഓർത്തഡോക്സ് സഭാംഗങ്ങൾ നൽകിയ വിധിനടത്തിപ്പ് ഹർജി തള്ളിക്കൊണ്ട് ജസ്റ്റീസ് പി. ഭവദാസന്റെ നിരീക്ഷണം: പ്രശ്നങ്ങൾക്ക് വിരാമമിടാൻ സുപ്രീം കോടതിക്കു പോലും സാധിച്ചില്ല. സഭാതർക്കങ്ങളുമായി ബന്ധപ്പെട്ട് ഇരുനൂറിലേറെ കേസുകൾ ഉള്ളത് നിർഭാഗ്യകരമാണ്...സുപ്രീം കോടതിയിലെ ചില ഭേദഗതികളോടെ കേസ് തീർപ്പാക്കുകയായിരുന്നു (*മലയാള മനോരമ* 2011 ഒക്ടോബർ 19).

ഇപ്പോൾ 32 പള്ളികളിൽ തർക്കമുണ്ട്. ഈ കേസും വഴക്കുമെല്ലാം പള്ളിവസ്തുക്കൾ കൈവശമാക്കാൻ വേണ്ടിയല്ലാതെ ആളുകളെ നേടാൻ വേണ്ടി

യാണോ? വി.പൗലോസ് ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ കാംക്ഷിക്കുന്നത് നിങ്ങളെയാണ്, നിങ്ങൾക്കുള്ളതല്ല" (2 കൊറി.12,14).

## യാക്കോബായാ വിഘടിതസഭ

സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്ന് തെറ്റിപ്പിരിഞ്ഞ തുർക്കി വംശനും ജർമൻകാരനുമായ മൂസാ ഗുർഗാൻ റമ്പാനെ, സേവേറിയോസ് മൂസാ ഗുർഗാൻ എന്ന പേരിൽ തൃശൂരിൽ വച്ച്, യാക്കോബായാ സഭയിൽ നിന്ന് ഓർത്തഡോക്സ് സഭയിൽ ചേർന്നവരായ കണ്ടനാട് മെത്രാപ്പോലീത്താ തോമസ് മാർ അത്തനാസ്യോസും തൃശൂർ ഓർത്തഡോക്സ് മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിതിയോസും ചേർന്ന് മെത്രാനായി വാഴിച്ചു. ഗുർഗാൻ ജർമനിയിൽ *സിറിയൻ ഓർത്തഡോക്സ് ആർച്ചുഡയോസിസ് ഓഫ് യൂറോപ്പ്* എന്ന പുതിയസഭ സ്ഥാപിച്ചു. ജർമനിയിലെ യാക്കോബായക്കാർ പ്രധാനമായി തുർക്കിയിൽ നിന്ന് കുടിയേറിയവരാണ് (*മലയാള മനോരമ* ,2007 ഡിസംബർ 6).

ഗൂർഗാൻ ഡൽഹിയിൽവച്ച് ഫാ.സി. ജി. മാത്യൂസിനെ മാത്യൂസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. തന്റെ അനുമതി കൂടാതെ നാലുപേർക്ക് ശെമ്മാശ്ശപ്പട്ടം നൽകി എന്ന കാരണത്താൽ ഗൂർഗാൻ അയാളെ പിന്നീട് മുടക്കി.





# 16
# വിചിന്തനം

## 1. നവീകരണം വേദാനുസൃതമോ?

സി.എം.എസ് മിഷനറിമാരുടെ പ്രേരണയാൽ അബ്രഹാം മൽപ്പാൻ യാക്കോബായാ സഭയിലെ ചില വിശ്വാസാചാരങ്ങൾ തെറ്റാണെന്ന് പറഞ്ഞ് അവ നീക്കാൻ തുടങ്ങിയപ്പോൾ, ചേപ്പാട്ട് മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ മുടക്കി. അബ്രഹാം മൽപ്പാന്റെ നവീകരണങ്ങളെ അനുകൂലിച്ച മാത്യൂസ് മാർ അത്തനാസ്യോസിനെ പാത്രിയർക്കീസും മുടക്കി. ഈ മുടക്കുകളെ അവർ ഇരുവരും വകവയ്ക്കാതിരുന്നത് എങ്ങനെ ന്യായീകരിക്കാനാകും?

മലങ്കര മാർതോമാ സുറിയാനിസഭ 1981 ജൂലായ് 18-ന് പ്രസിദ്ധീകരിച്ച ഭരണഘടനയിലെ ചില വകുപ്പുകൾ താഴെ ചേർക്കുന്നു:

1."..മലങ്കര മാർതോമാ സുറിയാനിസഭ കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയുടെ ഒരു ഭാഗമാകുന്നു." - ആ ഏകസഭ ഏതെന്നോ അതിന്റെ തലവൻ ആരെന്നോ അവർ പറയുന്നില്ല.

3. "സഭ അംഗീകരിച്ചിരിക്കുന്നവയായി സകല വൈദിക വിഷയങ്ങൾക്കും ആധാരമായിരിക്കുന്ന പഴയ പുതിയ നിയമങ്ങൾ എന്ന വേദപുസ്തകവും വേദാനുസൃതം സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിഖ്യാ വിശ്വാസപ്രമാണവും യാതൊരു പ്രകാരത്തിലും യാതൊരുത്തരാലും ഭേദപ്പെടുത്തുവാൻ പാടില്ലാത്തതും...വിശുദ്ധ മാമോദീസാ, വിശുദ്ധ കുർബാന, വിശുദ്ധ വിവാഹം, രോഗികളെ സംബന്ധിച്ചുള്ള പ്രാർഥനാശുശ്രൂഷ എന്നീ കർമാചരണങ്ങളെയും ...ഒരു കാലത്തും നിർമൂലനം ചെയ്യാൻ പാടില്ലാത്തതുമാകുന്നു." - മൂറോനഭിഷേകം, കുമ്പസാരം എന്നീ കൂദാശകളെപ്പറ്റി ഇവിടെ ഒന്നും പറയുന്നില്ല.

5a."സഭ ക്രിസ്തുവിന്റെ ശരീരവും അതിലെ അംഗങ്ങൾ ആ ശരീരത്തിന്റെ അവയവങ്ങളുമാകുന്നു."

73. "മലങ്കര മാർതോമാ സുറിയാനിസഭയുടെ ലൗകികവും ആത്മിയവുമായ സകല കാര്യങ്ങളും ആലോചിച്ചു തീരുമാനിക്കുന്നതിന്, മെത്രാപ്പോലീത്തായും എപ്പിസ്ക്കോപ്പാമാരും റമ്പാന്മാരും അർക്കദിയാക്കോന്മാരും വികാരി ജനറാളന്മാരും പട്ടക്കാരുടെ പ്രതിനിധികളും ഇടവക പ്രതിനിധികളും ..ഉൾപ്പെട്ട സഭാപ്രതിനിധിമണ്ഡലം എന്ന പേരിൽ അറിയപ്പെടുന്ന ഒരു പ്രതിനിധിസഭ ഉണ്ടായിരിക്കുന്നതാണ്."– സഭയിൽ വേദവിപരീതങ്ങൾ ഉണ്ടായപ്പോഴെല്ലാം ആകമാന സൂനഹദോസുകൾ കൂടി വേദവിപരീതങ്ങളെ ശപിച്ചു തള്ളുകയും സത്യവിശ്വാസം ഇന്നതെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഉദാ. ക്രിസ്തു ദൈവമല്ലെന്ന് ആരിയുസ് പഠിപ്പിച്ചപ്പോൾ നിഖ്യായിൽ വച്ച് 325-ൽ ആകമാന സൂനഹദോസ് കൂടി ആരിയുസിനെയും അയാളുടെ വേദവിപരീതത്തെയും ശപിച്ചു തള്ളുകയും ക്രിസ്തു ദൈവപുത്രനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

മാർതോമാ സഭയിലെ ലൗകികവും ആത്മിയവുമായ സകല കാര്യങ്ങളും തീരുമാനിക്കുന്നത് സഭാപ്രതിനിധിമണ്ഡലം ആയിരിക്കുമെന്നാണല്ലോ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയെങ്കിൽ, യാക്കോബായാ സഭയിൽ എന്തെങ്കിലും വേദവിപരീതങ്ങൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ, യാക്കോബായാ സഭയിലെ സൂനഹദോസ് കൂടിയല്ലേ തീരുമാനമെടുക്കേണ്ടത്? അല്ലാതെ ആ സഭയിലെ എതെങ്കിലും ഒരു വ്യക്തിക്കോ അല്ലെങ്കിൽ ഏതാനും ചില വ്യക്തികൾക്കോ ആ അധികാരം ഉണ്ടോ? അങ്ങനെയെങ്കിൽ മെത്രാപ്പോലീത്താ മുടക്കിയ അബ്രഹാം മൽപ്പാന് സ്വേഛയാ സഭയിൽ നവീകരണം നടത്തുവാൻ എവിടെ നിന്ന് അധികാരം ലഭിച്ചു?

"ആംഗ്ലേയ സഭയിലെ ചർച്ചു മിഷനറിമാരല്ലാതെ, ഹൈചർച്ചുകാർ ഇവിടെ വന്നിരുന്നെങ്കിൽ നവീകരണവും മാർതോമാ സഭയും ഉണ്ടാകുമായിരുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നവീകരണത്തിന് ഇവിടെ ആവശ്യമില്ലായിരുന്നു" എന്നാണ് പ്രബോധിനി മാസികയിൽ കെ.എം മാണി. പറഞ്ഞിരിക്കുന്നത് (കെ.എൻ. ദാനിയേൽ, *ആത്മവൃത്തകഥനം*,229). സഭാനിയമം അനുസരിച്ചോ പൊതുസമ്മത പ്രകാരമോ അല്ല അബ്രഹാം മൽപ്പാൻ സഭയിൽ നവീകരണം നടത്തിയത്.

## 2. ഹൂദായകാനൻ

ബർ എബ്രായ 13-ാം നൂറ്റാണ്ടിൽ എഴുതിയ സഭാനിയമങ്ങളാണ് യാക്കോബായാ-ഓർത്തഡോക്സ് സഭക്കാരുടെ ആധികാരിക നിയമഗ്രന്ഥമായ ഹൂദായകാനൻ. പോൾ ബഡ്ജാൻ അത് 1898-ൽ പാരീസിൽ നിന്ന് അച്ചടിച്ചിട്ടുണ്ട്. യാക്കോബായക്കാർ നവീകരണ യാക്കോബായക്കാരുമായി (മാർ തോമാക്കാരുമായി) നടത്തിയ സെമിനരിക്കേസിൽ (1879–1889) ഈ കാനനിൽ ചില മാറ്റങ്ങൾ വരുത്തിയാണ് കയ്യെഴുത്തുപ്രതി (EEE അക്കം കാനൻ) കോടതിയിൽ സമർപ്പിച്ചത്. പാത്രിയർക്കീസിന് കൂടുതൽ അധികാരം ഉണ്ടെന്ന് കാണിക്കേണ്ടത് യാക്കോബായക്കാർക്ക് ആവശ്യമായിരുന്നു. പഴക്കം കാണിക്കാൻ വേണ്ടി ഈ കൈയെഴുത്തു പ്രതിയിൽ കൃത്രിമം ചെയ്തെന്ന് പറയപ്പെടുന്നു. അക്കാരണത്താൽ കാപ്പിക്കാനൻ എന്ന് ഇത് അറിയപ്പെട്ടു. നവീകരണ യാക്കോബായക്കാർ (മാർ തോമാക്കാർ) കോടതിയിൽ സമർപ്പിച്ചത് അവർഎഴുതിയുണ്ടാക്കിയ കാനനാണ്. ഈ കേസിൽ യാക്കോബായക്കാരനായ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ജയിച്ചു. നവീകരണ യാക്കോബായക്കാരനായ തോമസ് മാർ അത്തനാസ്യോസ് പരാജയപ്പെട്ടു. യാക്കോബായക്കാർ കാനൻ തിരുത്തി എന്നു പറഞ്ഞശേഷം "സിമ്മനാരിക്കേസു കാലത്ത് മാർ തോമാക്കാരും യാക്കോബായക്കാരെപ്പോലെ തന്നെയാണ് പ്രവർത്തിച്ചത്"എന്ന് കെ.എൻ. ദാനിയേൽ പരാമർശിക്കുന്നു (*ഒരു ആത്മവൃത്തകഥനം*,1951, പേ.125).

സെമിനരിക്കേസിൽ മാർ തോമാക്കാർക്കെതിരെ യാക്കോബായക്കാർ കോടതിയിൽ ഹാജരാക്കിയ കോപ്പിയല്ല യാക്കോബായാസഭ വീണ്ടും പിളർന്നപ്പോൾ വട്ടിപ്പണക്കേസിൽ ഇരുകക്ഷികളും ഹാജരാക്കിയത്. കാതോലിക്കാ ഭാഗക്കാർ സമർപ്പിച്ച ഹൂദായകാനൻ പതിപ്പ് ഏ അക്കം കാനനായും പാത്രിയർക്കീസ് ഭാഗക്കാരുടെ പതിപ്പ് 18 അക്കം കാനനായും കോടതിയിൽ സ്വീകരിച്ചു. യാക്കോബായക്കാരുടെ 18 അക്കം കാനൻ (അധ്യായം 3,1) അനുസരിച്ച് മൂറോൻ കൂദാശ ചെയ്യാനുള്ള അധികാരം പാത്രിയർക്കീസിനും മഫ്രിയാനും (കാതോലിക്കോസിനും) മാത്രമാണ്. ഓർത്തഡോക്സുകാരുടെ എ അക്കം കാനനിൽ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ നടത്താൻ അധികാരമുണ്ട് എന്നു പറഞ്ഞിരിക്കുന്നു. സെമിനരിക്കേസിൽ മാർ ദിവന്നാസ്യോസ് സമർപ്പിച്ച EEE അക്കം കാനൻ അനുസരിച്ച് പാത്രിയർക്കീസിനു മാത്രമേ മൂറോൻ കൂദാശ ചെയ്യാൻ അനുവാദമുള്ളു. വട്ടിപ്പണക്കേസിലെ 18 അക്കം ആണ് റോയൽ കോടതിവിധിയിലെ EEE അക്കവുമായി കൂടുതൽ ഒത്തു പോകുന്നത് (*മലങ്കരസഭ 1876–1976*,പേജ്251–252).

പാത്രിയർക്കീസിന് അധികാരമുണ്ടെന്ന് കാണിക്കേണ്ടത് അന്ന് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് ആവശ്യമായിരുന്നു. എന്നാൽ പാത്രിയർക്കീസിനു മാത്രമല്ല കാതോലിക്കോസിനും അധികാരമുണ്ടെന്ന് കാണിക്കുക വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് ആവശ്യമായിരുന്നു. അതുകൊ

ണ്ടാണ് അവരിരുവരും സമർപ്പിച്ച ഹൂദായകാനൻ പതിപ്പുകളിൽ കൃത്രിമത്വം കാട്ടിയത്. പാത്രിയർക്കീസിന് അധികാരമില്ലെന്നു കാണിക്കുക തോമസ് മാർ അത്തനാസ്യോസിന് ആവശ്യമായിരുന്നതിനാൽ അദ്ദേഹവും തിരുത്തിയ കാനനാണ് സമർപ്പിച്ചത് (*മലങ്കരസഭാദീപം*, 2005, സെപ്തംബർ 16-30). അങ്ങനെ സർവത്ര കൃത്രിമം കാട്ടിയാണ് കേസിൽ ജയിക്കാൻ എല്ലാവരും മുതിർന്നത്

## 3. 1912 - ലെ കാതോലിക്കാവാഴ്ച

മാർ അബ്ദേദ്മിശിഹാ പത്തു വർഷത്തോളം അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസായിരുന്നു. തുർക്കിസുൽത്താൻ അംഗീകാരപത്രം പിൻവലിച്ചതിനാലാണ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയത്. മാർ അബ്ദള്ളാ 10 വർഷം ഹോംസിലെ കത്തോലിക്കാ മെത്രാനായിരുന്നു. പിന്നീടാണ് മാർ അബ്ദേദ്മിശിഹായുടെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെടുകയും സുൽത്താന്റെ അംഗീകാരം ലഭിച്ചശേഷം പാത്രിയർക്കീസായി സ്ഥാനമേൽക്കുകയും ചെയ്തത്. അബ്ദേദ്മിശിഹാ പിന്നീട് തുർ അബ്ദീനിൽ പോയി അവിടെ ആശ്രമത്തിൽ താമസിച്ചു. അവിടുത്തുകാർ അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്തു. ആ പശ്ചാത്തലത്തിലാണ് അദ്ദേഹത്തെ ഫാ. പി. റ്റി. ഗീവർഗീസ് മലങ്കരയിലേക്ക് ക്ഷണിച്ചതും അദ്ദേഹം ഇവിടെ വന്ന് കാതോലിക്കായെ വാഴിച്ചതും. അദ്ദേഹം സ്വയാധികാരം ഉപയോഗിച്ചാണ് 1912 സെപ്തംബർ 15-ന് കാതോലിക്കായെ വാഴിച്ചത്.

എന്നാൽ വട്ടശ്ശേരിൽ തിരുമേനി മെത്രാൻപട്ടം സ്വീകരിച്ചത് മാർ അബ്ദള്ളായിൽ നിന്നാണ്. മാർ അബ്ദള്ളാ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയത് തക്കതായ കാരണം കൂടാതെയാണ്. വിശ്വാസവും സന്മാർഗവും സംബന്ധിച്ചുള്ള തെറ്റുകളൊന്നും ആരോപിച്ചല്ല, അദ്ദേഹത്തിന്റെ കൈകൾക്ക് വിറയൽ ഉണ്ടെന്ന കാരണം പറഞ്ഞാണ് മുടക്കിയത്. ഓർത്തഡോക്സുകാർ 1912-ൽ വാഴിച്ച കാതോലിക്കായ്ക്കും കൂട്ടർക്കും പട്ടമില്ലെന്ന് പറഞ്ഞിരുന്ന യാക്കോബായാ പാത്രിയർക്കീസും പാത്രിയർക്കീസു വിഭാഗവും, സമുദായക്കേസിൽ തോറ്റപ്പോൾ അവരെ നിരുപാധികം സ്വീകരിച്ചംഗീകരിച്ചു. എന്നാൽ ഇപ്പോൾ സുപ്രീം കോടതിവിധിപ്രകാരം എല്ലാവരും കാതോലിക്കായെ അംഗീകരിക്കുന്നു.

കാതോലിക്കേറ്റ് സ്ഥാപനകൽപ്പനയിൽ കൃത്രിമം കാട്ടിയെന്നും ഒരാരോപണമുണ്ട്. അപ്രകാരം ചെയ്ത പകർത്തിയെഴുത്തുകാരൻ കത്തനാർ തന്നെ ചിലരോട് പറഞ്ഞതായി പറയപ്പെടുന്നു. പാത്രിയർക്കീസ് പകർത്തിയെഴുതാൻ കൊടുത്ത കൽപ്പനയിൽ 'മേലിൽ പതിവുപോലെയും അന്ത്യോ





ക്യാ പാത്രിയർക്കീസിന്റെ കൽപ്പന പ്രകാരവും' (അക് പുക്ദോനേ ദ്പാത്രിയാർക്കോ ദ്അന്ത്യോക്യാ) കാതോലിക്കായെ വാഴിക്കാൻ മലങ്കരസഭയ്ക്ക് അനുവാദമുണ്ട് എന്നത് വിട്ടുകളഞ്ഞാണ് പകർത്തിയെഴുത്തുകാരൻ എഴുതിയത് എന്നു പറയപ്പെടുന്നു.

അബ്ദേദ്മിശിഹാ കൊടുത്ത കൽപ്പനയിൽ നിന്ന് വ്യക്തമാകുന്ന സംഗതികൾ:

1. മഫ്രിയാൻ, കാതോലിക്കാ എന്നി പദങ്ങൾ ഒരേ അർഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

2. തിഗ്രീസിലെ യാക്കോബായക്കാരുടെ മഫ്രിയാനേറ്റിനെ പറ്റിയാകട്ടെ സെലൂഷ്യയിലെ (ബാഗ്ദാദിലെ) കൽദായരുടെ കാതോലിക്കാ-പാത്രിയാർക്കേറ്റിനെ പറ്റിയാകട്ടെ അബ്ദേദ്മിശിഹാ പരാമർശിക്കുന്നില്ല. ഇതൊരു പുനഃസ്ഥാപനമായി കൽപ്പനയിൽ പറയുന്നില്ല.

3. കാതോലിക്കാ സിംഹാസനം (മഫ്രിയാനെറ്റ്) ഒരു സ്ഥിരസംവിധാനമായി മലങ്കരയിലെ യാക്കോബായാ സഭയിൽ തുടരണമെന്നാണ് അബ്ദേദ്മിശിഹാ ആഗ്രഹിച്ചത്.

4. മലങ്കരയുടെ ഉൾഭരണസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് അന്ത്യോക്യൻ സഭയുമായുള്ള സ്നേഹബന്ധം പുലർത്തണം.

യാക്കോബായാ പാത്രിയർക്കീസന്മാർക്ക് 629 മുതൽ തിഗ്രീസിൽ മഫ്രിയാന്മാരുണ്ടായിരുന്നു. അവർ മഫ്രിയാന്മാരെന്നാണ് അറിയപ്പെട്ടിരുന്നത്. അത് 1860/63-ൽ യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് നിർത്തലാക്കി. ആ കാലയളവിൽ അത് ഇവിടെ സ്ഥാപിക്കണമെന്നു കാണിച്ച് ഇവിടുത്തുകാർ എഴുതിയപ്പോൾ അതിനെ പാത്രിയർക്കീസ് ശക്തിയായി നിരാകരിച്ചു. മാർ അബ്ദേദ്മിശിഹാ സ്ഥാപിച്ചത് ഈ മഫ്രിയാനേറ്റാണ്. എന്നാൽ മലങ്കരക്കാർ മഫ്രിയൻ സ്ഥാനവും കാതോലിക്കേറ്റും ഒന്നായി കണ്ടു. പിന്നീട് അത് പേർഷ്യയിലെ കൽദയക്കാരുടെ കാതോലിക്കേറ്റിന്റെ പിൻതുടർച്ച ആണെന്ന് പ്രചരിപ്പിക്കാൻ തുടങ്ങി. ഇത് യാഥാർഥ്യവുമായി പൊരുത്തപ്പെട്ടു പോകുന്നതല്ല.

അവസാന കാലത്തെ മഫ്രിയാന്മാർ മിക്കവരും ബസ്സേലിയോസ് എന്ന നാമം എടുത്തിരുന്നു. ഒന്നാം കാതോലിക്കായെ വാഴിച്ചപ്പോൾ, മാർ അബ്ദേദ്മിശിഹായ്ക്ക് പരിചയം ഉണ്ടായിരുന്നതുപോലെ, മുറിമറ്റം മാർ ഈവാനിയോസിന്റെ പേര് പിൽക്കാല മഫ്രിയാന്മാരുടെതു പോലെ ബസ്സേലിയോസ് എന്നാക്കി. അതായത് അബ്ദേദ്മിശിഹായുടെ മനസ്സിൽ ഉണ്ടായിരുന്നത്

മഫ്രിയാൻ സ്ഥാനമാണ്. എന്നാൽ ഇവിടുത്തുകാരുടെ മനസ്സിൽ ഉണ്ടായിരുന്നത് സ്വതന്ത്ര കാതോലിക്കാ സ്ഥാനമാണ്. അക്കാലത്ത് ഇത്തരം വ്യത്യാസങ്ങളൊന്നും കൃത്യമായി ഇവിടെ പലർക്കും അറിവില്ലായിരുന്നു. പാത്രിയർക്കീസ് വിഭാഗം കാതോലിക്കായെ വാഴിച്ചപ്പോഴും ബസ്സേലിയോസ് എന്ന മഫ്രിയാൻ സ്ഥാനനാമം എടുത്തു. അവരുടേത് പാത്രിയർക്കീസിന്റെ വികാരി ജനറാൾ പോലെയുള്ള മഫ്രിയാൻ–കാതോലിക്കോസാണ്. മലങ്കര കത്തോലിക്കർക്ക് പാത്രിയർക്കീസിനു തുല്യമായ അധികാരാവകാശങ്ങളുള്ള മേജർ ആർച്ചുബിഷപ്പ്സ്ഥാനം കിട്ടിയപ്പോൾ അവരും ബസ്സേലിയോസ് എന്ന ഈ നാമമെടുത്തു. ബസ്സേലിയോസ് എന്ന് കേരളത്തിൽ കാതോലിക്കാമാർ ഇപ്പോൾ എടുക്കുന്ന സ്ഥാനനാമമാണെങ്കിലും അതിന് പേർഷ്യയിലെ കൽദായ സഭയിലെ കാതോലിക്കേറ്റിൽ അടിസ്ഥാനമൊന്നുമില്ല. യാക്കോബായക്കാരുടെ പിൽക്കാല മഫ്രിയാനേറ്റിൽ മാത്രമേ അതിന് അടിസ്ഥാനമുള്ളു.

## 4. മാർ തോമായുടെ സിംഹാസനം

"മാർ തോമായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന് കാതോലിക്കോസ് കൽപ്പനകളിൽ 1929 മുതൽ എഴുതിത്തുടങ്ങി. പത്രോസിന്റെ റോമാസിംഹാസനം, അന്ത്യോക്യാ സിംഹാസനം, അന്ത്രയോസിന്റെ കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനം, മർക്കോസിന്റെ അലക്സാണ്ഡ്രിയൻ സിംഹാസനം എന്നൊക്കെ പറയാറുണ്ട്. റോമാക്കാർ അപ്പസ്തോലിക സിംഹാസനമെന്നാണ് പറയുക. ശ്ലീഹന്മാർ സ്ഥാപിച്ച സഭകളെല്ലാം അപ്പസ്തോലിക സഭകളാണ്. അങ്ങനെ മലങ്കര സഭയും ഒരപ്പസ്തോലികസഭയാണ്. എന്നാൽ "മാർ തോമായുടെ സിംഹാസനം" എന്ന പദപ്രയോഗം അടുത്ത കാലത്തൊഴിച്ച് പുരാതന മലങ്കര സഭയിൽ വ്യാപകമായി ഉപയോഗിച്ചു കണ്ടിട്ടില്ല. 1301–ൽ കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന ഒരു മാർ യാക്കോബ് എന്ന പേർഷ്യൻ കൽദായമെത്രാൻ "മാർതോമാ ശ്ലീഹായുടെ സിംഹാസനത്തിന്റെയും ഭാരതം മുഴുവനുമുള്ള ക്രിസ്ത്യാനികളുടെ സഭയുടെയും മെത്രാപ്പോലീത്താ" എന്നാണ് വിളിക്കപ്പെട്ടിരുന്നത്. ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗത്തും പോയി നമ്മുടെ കർത്താവിന്റെ വിശുദ്ധ സഭ സ്ഥാപിച്ചു. മാർ തോമായും ഇവിടെ വന്ന് സഭയ്ക്ക് അടിസ്ഥാനമിട്ടു.

മാർ തോമായുടെ സിംഹാസനം എന്ന് ഒന്നുണ്ടെങ്കിൽ തന്നെയും മാർ തോമായുടെ സിംഹാസനത്തിനാണോ കാതോലിക്കായുടെ സിംഹാസനത്തിനാണോ പദവി കൂടുതലുള്ളത്? ഇവിടെ കാതോലിക്കോസ് ഉണ്ടാകുന്നതിനുമുമ്പ് മലങ്കര മെത്രാന്മാർ ഉണ്ടായിരുന്നു. ആ മലങ്കരമെത്രാന്മാർ സഭ





യെ ഭരിച്ചിരുന്നത് മാർ തോമായുട സിംഹാസനത്തിൽ ഇരുന്നുകൊണ്ടായിരിക്കണമല്ലോ. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന അവസരം കാതോലിക്കോസ് വേറൊരാൾ ആയിരുന്നു. വട്ടശ്ശേരിൽ തിരുമേനി മാർ തോമാശ്ലീഹായുടെ സിഹാസനത്തിൽ ഇരുന്നാണല്ലോ സഭയെ ഭരിച്ചിരുന്നത്. അങ്ങനെയെങ്കിൽ കാതോലിക്കോസ് "മാർതോമായുടെ പൗരസ്ത്യസിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു" എന്നു പറയുന്നതെങ്ങനെ? ആത്മീയ കാര്യങ്ങളിൽ കാതോലിക്കോസ് മലങ്കര മെത്രാപ്പോലീത്തായുടെ മേലാണെന്നും, മറ്റുള്ള കാര്യങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ കാതോലിക്കോസിന്റെ മേലാണെന്നുമാണ് മാർ ദിവന്നാസ്യോസ് പറഞ്ഞിട്ടുള്ളത്.

മാർ തോമാശ്ലീഹായുടെ സിംഹാസനത്തിലിരിക്കുന്ന ആൾ എങ്ങനെ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായി വന്നു? മലങ്കര ഓർത്തഡോക്സ് സഭയിലെ കൈവയ്പ് അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിന്റെ കൈവയ്പ്പാണ്.

സഭാകേസ് സംബന്ധിച്ച് 1980 ജൂൺ 6–ാം തീയതിയിലെ വിധിയിൽ ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ ഇപ്രകാരം പറഞ്ഞു:" മലങ്കരസഭയുടെ സ്ഥാപകനെന്ന നിലയിൽ തോമാശ്ലീഹായെ വിശേഷിപ്പിക്കാം. പക്ഷേ ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്ഥാപകനായി മാർതോമാശ്ലീഹായെ വിശേഷിപ്പിക്കുന്നത്, ചരിത്രപരമായ അവാസ്ത പ്രസ്താവമായിരിക്കും. മാർ തോമാശ്ലീഹായിൽ നിന്ന് മലങ്കരയിലേക്ക് വിഘാതം കൂടാതെയുള്ള അപ്പസ്തോലിക പിൻതുടർച്ച ഉണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിന് മതിയായ രേഖകളൊന്നും ഈ കേസിൽ ഹാജരാക്കിയിട്ടില്ല."

ശരിയായ കൈവയ്പ്പിനുവേണ്ടി മാത്രമാണ് മലങ്കരക്കാർ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസന്മാരെ ആശ്രയിക്കാൻ തുടങ്ങിയത്. എന്നാൽ അതോടൊപ്പം 17 നൂറ്റാണ്ട് ഉപയോഗിച്ചിരുന്ന കൽദായ പാരമ്പര്യങ്ങളെല്ലാം നീക്കിയിട്ട് യാക്കോബായക്കാരുടെ കാൽസിഡൺ വിരുദ്ധത ഉൾപ്പെടെയുള്ള താത്വികപഠനങ്ങളും സ്വീകരിച്ച് അവർ ഒരു വിഘടിത സമൂഹമായിത്തീർന്നു. നിരവധി കലഹങ്ങളിൽ കൂടി യാക്കോബായക്കാർ ഈ സഭയെ നയിച്ചു. ഇപ്പോഴും അവസാനിക്കാത്ത പിളർപ്പ് വേദനാജനകമാണ്.

കോടതി വിധികൾ ഒരു പക്ഷേ സിംഹാസനവാദത്തെ എതിർക്കുമെങ്കിലും അങ്ങനെ പറയുന്നതിന് തെറ്റില്ല എന്ന് ഓർത്തഡോക്സുകാർ കരുതുന്നു. അവരോടൊപ്പം മറ്റു പലരും. എന്നാൽ ഇതിനെ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കൂടെ നിൽക്കുന്നവരും എതിർക്കുന്നു.

## 5. വിശ്വാസകാര്യങ്ങളിൽ കോടതിയെ സമീപിക്കാമോ?

സഭയിൽ വേദവിപരീതങ്ങൾ ഉണ്ടായപ്പോഴെല്ലാം മെത്രാന്മാരുടെ സൂനഹദോസു കൂടി തീരുമാനിച്ച് സത്യവിശ്വാസം ഇന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. യാക്കോബായക്കാരും അംഗീകരിക്കുന്ന ആദ്യത്തെ മൂന്നു സൂനഹദോസുകൾ ഇതിനുദാഹരണമാണ്. കൽക്കദോനിയാ സൂനഹദോസ് (451) എവുത്തീക്കെസിന്റെ ഏകസ്വഭാവ പാഷണ്ഡത നിരാകരിച്ചത് അപ്രകാരമാണ്.

സഭയുടെ ഓട്ടോണമിക്കു വേണ്ടി ഓർത്തഡോക്സുകാർ വാദിച്ചു. ഇവിടെ യാതൊരധികാരവും ഇല്ലാതിരുന്ന യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിൽ ഈ സഭ നിലനിൽക്കണമോ അതോ ഓട്ടോണമി നിലനിർത്തണമോ എന്നതായിരുന്നു ഓർത്തഡോക്സുകാർ ചിന്തിച്ചത്. യാക്കോബായാബന്ധം ചരിത്രപരമായി സംഭവിച്ച ഒന്നാണ്. അവർ സ്ഥാപിച്ചതല്ല ഈ സഭ. യാക്കോബായാസഭ ഇവിടെ ഉണ്ടാകുന്നതിനു മുമ്പ് ഇവിടെ സഭ ഉണ്ടായിരുന്നു.

കേരള ക്രൈസ്തവജനത ബഹുവിധ സ്വാധീനങ്ങളിൽ കൂടി കടന്നു പോയി. അതിന്റെ പാടുകൾ ഇന്നും അവശേഷിക്കുന്നു. അതുകൊണ്ട് അവർ വിവിധ തട്ടുകളിലാണ്. നിലപാടുകൾ പുനഃപരിശോധിക്കാൻ എല്ലാവരും തയാറാകണം, സന്മനസ്സു കാട്ടണം.

വിശ്വാസം സംബന്ധിച്ച് തർക്കമുണ്ടായാൽ അതിന് തീരുമാനം എടുക്കുന്നത് ഓർത്തഡോക്സുകാരെ സംബന്ധിച്ച് എപ്പിസ്ക്കോപ്പൽ സിനഡാണ് (ഭരണഘടന,108). പരാതി കാതോലിക്കായെ പറ്റിയാണെങ്കിൽ അംഗീകൃത പാത്രിയർക്കീസുണ്ടെങ്കിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സിനഡ് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ് (ഭരണഘടന 118). കോടതിയിലൂടെ പരിഹരിക്കണം, തെരുവിലിറങ്ങി പ്രതിഷേധിക്കണം, സത്യാഗ്രഹമിരുന്ന് അവഹേളനാപാത്രമാകണം എന്നത് ക്രിസ്തീയമല്ല എന്ന് കരുതുന്ന ധാരാളം ആളുകൾ കേരളത്തിലുണ്ട്.

1958-ലെ വിധി 1928-ലെ വിധിയുടെ അടിസ്ഥാനത്തിലായിരുന്നു. 1928-ലെ വിധി *റെസ് ജുദിക്കാത്താ* ആയതിനാൽ അതേപ്പറ്റി ഇനി ചർച്ച പാടില്ല എന്ന അടിസ്ഥാനമാണ് ജഡ്ജിമാർ സ്വീകരിച്ചത്.

യാക്കോബായാ-ഓർത്തഡോക്സ് കക്ഷിവഴക്കുകൾ പല പ്രശ്നങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്.

1. വൈകാരികപ്രശ്നം ഒരുസങ്കീർണപ്രശ്നമാണ്. പാത്രിയർക്കീസിനെ





മാറ്റിനിർത്താൻ സാധ്യമല്ലാത്ത മനോഭാവമുള്ളവർ യാക്കോബായാസഭയിൽ നിരവധിയാണ്. ഓർത്തഡോക്സ് നിലപാട് പാടേ തെറ്റാണെന്നു കരുതുന്നവരും അവരുടെ ഇടയിലുണ്ട്.

2. ചരിത്രസംഗതികൾ വസ്തുനിഷ്ഠമായി കാണാൻ കഴിവില്ലാത്ത അവസ്ഥ പലരിലും കാണാം. തങ്ങളുടെ നിലപാട് ന്യായീകരിക്കാൻ വാദമുഖങ്ങൾ കണ്ടുപിടിക്കുന്ന പ്രവണത പലയിടങ്ങളിലും കാണാം.

3. കേരളജനതയ്ക്ക് പിളർപ്പും കോടതിക്കേസും വഴി നൽകുന്ന ഇടർച്ചയും ക്രൈസ്തവവിരുദ്ധസാക്ഷ്യവും പലരും പരിഗണിക്കുന്നില്ല.

4. വിഭജനം പാപമാണ് എന്ന ചിന്ത പലരുടെയും ഉള്ളിൽ ആഴത്തിൽ പതിഞ്ഞിട്ടില്ല. ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ ഏകസ്വരത്തിൽ ഈ രക്ഷയ്ക്ക് സാക്ഷ്യം വഹിക്കണം, മറ്റുള്ളവർക്ക് വിളക്കായിരിക്കണം എന്ന് ചിന്തിക്കാൻ പലർക്കും സാധിക്കുന്നില്ല. സ്നേഹമില്ലാതെ കഴിയുന്നവർ സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുന്നതിൽ എത്രമാത്രം വിശ്വാസ്യതയാണുള്ളത്?

5. ദൈവനാമത്തിൽ ലൗകികതാൽപ്പര്യങ്ങളാണ് ഈ കലഹത്തിനും കോടതിക്കേസുകൾക്കും അടിയിലുള്ളത് എന്ന് ഒന്നിലേറെ പ്രാവശ്യം കോടതിവിധികൾ സൂചിപ്പിച്ചിട്ടുണ്ട്. കോടതിവഴി അല്ലാതെ അനുരഞ്ജന ചർച്ചകളിലൂടെ പ്രശ്നപരിഹാരം ഉണ്ടാക്കാൻ നേതൃത്വവും അവരെ നയിക്കുന്ന ജനനേതാക്കന്മാരും മുന്നോട്ടു വരണം. മലബാർ പ്രദേശങ്ങളിൽ പ്രശ്നപരിഹാരം കണ്ടെത്തിയതുപോലെ ബാക്കിയുള്ളിടത്തും ഒരു പക്ഷേ പരിഹാരം കണ്ടെത്താൻ കഴിഞ്ഞേക്കും.

പരമോന്നത കോടതിവിധി നിലനിൽക്കെത്തന്നെ ക്രിസ്തീയസ്നേഹം അനുശ്ശാസിക്കുന്ന പാത പിൻതുടരാൻ കഴിയില്ലേ? (മത്താ.18,17;നടപടി, 18,5).പൗലോസ് ശ്ലീഹായുടെ പരാമർശം നമുക്കും പ്രസക്തമാകേണ്ടതാണ് (1കൊറി.6,6-7; ഫിലി.2,14). അല്ലെങ്കിൽ ഓർത്തഡോക്സ് സഭയിലെ ഒരു പ്രധാന പുരോഹിതൻ പറഞ്ഞത് ആവർത്തിക്കേണ്ടിവരും: "എല്ലാവിധത്തിലും പിണക്കത്തിലും കേസുകളിലും നട്ടം തിരിയുന്ന സഭ, ദൈവികസഭയല്ല. പിന്നെയോ, ലോകത്തിൽ ലോകരാൽ ലോകർക്കു വേണ്ടിയുള്ള ഒരു ബിസിനസ് കൂട്ടായ്മയാണ് " (കെ.എം.ജോർജ് : *മലങ്കരസഭാദീപം* 2005, മാർച്ച് 16-31).

# 17
# ഏക വിശുദ്ധസഭ

"കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു"എന്ന് നിഖ്യാ വിശ്വാസപ്രമാണത്തിൽ കത്തോലിക്കരും യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർ തോമാക്കാരും ചൊല്ലുന്നു. നമ്മുടെ കർത്താവ് തന്റെ രക്ഷാകരകർമം ലോകാവസാനം വരെ തുടർന്നു കൊണ്ടുപോകാൻ ഹയരാർക്കിക്കൽ ഘടനയോടു കൂടിയ ഒരു സഭയെ സ്ഥാപിച്ചു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നിന്നുടലെടുത്ത സഭ ക്രിസ്തുവിന്റെ തുടർച്ചയാണ്. സഭയിൽ കൂടി മനുഷ്യവംശം മുഴുവനും ദൈവവുമായുള്ള സംസർഗത്തിൽ വരണമെന്നാണ് ദൈവതിരുഹിതം. യേശുക്രിസ്തു ഒരേ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ഏകസഭ എന്നു പറഞ്ഞാൽ അതിന് പൊതുവായ ഒരു ദൃശ്യതലവൻ വേണം. രണ്ടാമത് വിശ്വാസത്തിലും കൂദാശകളിലും ഐക്യം ഉണ്ടായിരിക്കണം (ഗലാ.1,8-11;എഫേ.4,5). ഈ ഐക്യം ദൃശ്യമാംവിധം പ്രകടിപ്പിക്കുകയും വേണം. ദൈവസ്ഥാപിതസഭ പരസ്പര വിരുദ്ധമായവ പഠിപ്പിക്കുകയില്ലല്ലോ (1 തിമോ.3,14). ഈ ഏകസഭ സമ്പൂർണ കൂട്ടായ്മയുള്ള സഭകളായിട്ടാണ് പിറന്നു വീണത്. ബഹുത്വവും വൈവിധ്യവും ഐക്യത്തിനു തടസ്ഥമല്ല. ഐക്യം ഐകരൂപ്യം ആവശ്യപ്പെടുന്നുമില്ല. സ്വയാധികാരമുള്ള സഭകളുടെ കൂട്ടായ്മയാണ് സഭ (റോമാ.12,5; 1കോറി.12,12; കൊളോ.1,18).

## കർതൃശിഷ്യന്മാർ

നമമുടെ കർത്താവിന് അനേകം അനുയായികളുണ്ടായിരുന്നു. അവരിൽ നിന്ന 72 പേരേ തെരഞ്ഞെടുത്ത് തനിക്കു മുമ്പേ അയച്ചു എന്ന് ലൂക്കാ സാക്ഷിക്കുന്നു (10,1). തന്റെ ശിഷ്യഗണത്തിൽ നിന്ന് അവിടുന്ന് 12 പേരേ പ്രത്യേകമായി തെരഞ്ഞടുത്ത് അവർക്ക് ശ്ലീഹന്മാർ എന്നു പേര് നൽകി





(ലൂ.6,12). അവർക്ക് അവിടുന്ന് പ്രത്യേകാധികാരങ്ങൾ നൽകിയതായി നാം വായിക്കുന്നു. അവർക്ക് പാപമോചനാധികാരം നൽകി. അവർക്ക് പരിശുദ്ധാത്മാവിനെ നൽകി. എല്ലാ ജനതകളെയും ശിഷ്യപ്പെടുത്താനുള്ള നിർദേശവും നൽകി. ജനങ്ങളെ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനുമുള്ള അധികാരം നല്കി (മത്താ.18,18; 28,18-20; യോഹ. 20,21-23). ഇത് ദൈവികാധികാരമായി ശിഷ്യന്മാർ മനസ്സിലാക്കുകയും മാനുഷിക വിജ്ഞാനമല്ല തങ്ങൾ പഠിപ്പിക്കുന്നതെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു (2കൊറി.10,8; ഗലാ.1,7-8. 11-12). അവരെ അനുസരിക്കാൻ വിശ്വാസികൾക്ക് കടമയുണ്ടെന്ന് കർത്താവ് വളരെ സ്പഷ്ടമായി പറഞ്ഞു:"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (മത്താ.10,40; 18,17; ലൂ. 10,16).

## ശ്ലീഹന്മാരുടെ തലവനായ പത്രോസ്

അന്ത്രയോസ് തന്റെ സഹോദരനായ ശെമയോനെ കർത്താവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടു വന്നപ്പോൾ തന്നെ കർത്താവ് പറഞ്ഞു: "നീ കേപ്പാ (പാറ/പത്രോസ്) എന്നു വിളിക്കപ്പെടും" (യോഹ.1,42). കേസറിയാ ഫിലിപ്പിയിൽ വച്ച് കർത്താവ് അവന്റെ പേര് കേപ്പാ (പത്രോസ്) എന്നാക്കി. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും." തന്റെ നിരന്തര സംരക്ഷണവും സാന്നിധ്യവും അവിടുന്ന് പത്രോസിന് നൽകി. "നീ ജിവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു"എന്ന് വെളിപാടിലൂടെ പത്രോസ് പറഞ്ഞപ്പോഴാണ് കർത്താവ് അവനെ അടിസ്ഥാന ശിലയാക്കിയത് (മത്താ. 16,16-19). താക്കോലുള്ളവൻ ഭവനത്തിന്റെ അധികാരിയും സൂക്ഷിപ്പുകാരനുമാണ് (ഏശാ. 22,22). അതാണ് പത്രോസിന് നൽകിയത്.

ബൈബിൾ പശ്ചാത്തലത്തിൽ പേരു മാറ്റത്തിന് പ്രത്യേകാർഥമുണ്ട്. അബ്രാം അബ്രഹാമായും സാറായ് സാറാ ആയും യാക്കോബ് ഇസ്രായേലായും ഹൊഷെയാ ജോഷ്വ ആയും പേരു മാറ്റപ്പെട്ടു (ഉത്പ. 17,5.15-16; 32,28; സംഖ്യ 13,16;പ്രഭാ.46,1). ഈ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ പ്രത്യേകതയിലേക്കാണ് ഈ പേരുമാറ്റം വിരൽചൂണ്ടുന്നത്. ശെമയോൻ ആകുന്ന പാറമേലാണ് സഭ നിലനിൽക്കുന്നത്. തന്റെ ഉത്ഥാനത്തിനു ശേഷം നമ്മുടെ കർത്താവ് ഇത് ഉറപ്പിക്കുന്നതായി നാം കാണുന്നു. "എന്റെ ആടുകളെ മേയിക്കുക, എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്ന് കൽപ്പിച്ചു കൊണ്ട്, തന്നിൽ വിശ്വസിക്കുന്നവരെ നയിക്കാനുള്ള അധികാരം കർത്താവ് പത്രോസിന് നൽകി (യോഹ.21,15-17).

പത്രോസ് എന്തായിരുന്നുവോ, അത് മറ്റു ശിഷ്യന്മാരും ആയിരുന്നു.

എന്നാൽ പത്രോസിനായിരുന്നു പ്രാഥമ്യം. തന്റെ സഭ ഏകമാണെന്നു കാണിക്കാൻ കർത്താവ് അവരുടെ ഇടയിൽ ഒരധ്യക്ഷപീഠമേ സ്ഥാപിച്ചുള്ളു. സഭയുടെ തലവൻ ക്രിസ്തുവും ക്രിസ്തു മാത്രവുമാണ്. വിശ്വാസികളെല്ലാം കർത്താവിന്റെ ശരീരത്തിലെ അവയവങ്ങളാണ്. എന്നാൽ ദൃശ്യതലവൻ എന്ന നിലയിൽ കർത്താവ് പത്രോസിനെയാണ് നിയമിച്ചത്. കർത്താവ് മൂലക്കല്ലായ സഭയിൽ ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറയിന്മേലാണ് സഭ സ്ഥാപിതമായിരിക്കുന്നത്. പത്രോസിന് നൽകിയ പ്രത്യേകസ്ഥാനം പത്രോസിന്റെ പിൻഗാമികളായ റോമാമെത്രാന്മാർക്കും ഉണ്ടായിരുന്നു എന്ന് സഭാചരിത്രം തെളിയിക്കുന്നു. സഹോദരന്മാരെ ഉറപ്പിക്കാനും സ്നേഹത്തിൽ അധ്യക്ഷസ്ഥാനം വഹിക്കാനുമുള്ള ദൗത്യമാണ് വിശേഷവിധിയായി പത്രോസിന് നൽകപ്പെട്ടത്.

പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകൾ പറയുന്ന പുതിയ നിയമഭാഗങ്ങളിലെല്ലാം പത്രോസിന്റെ പേരാണ് ഒന്നാമതായി പറയുന്നത് (മത്താ.10,20-24; മർക്കോ.3,16-19). പെന്തിക്കോസ്തി ദിവസം പത്രോസിന്റെ പ്രസംഗം കേട്ട് 3000-ത്തോളം പേർ സ്നാനം സ്വീകരിച്ചു (നടപടി 2,38-41). കളവു പറഞ്ഞ അനനിയാസിനെയും സഫീറായെയും ചോദ്യം ചെയ്യുന്നത് പത്രോസാണ് (നട.5,1-10). ഒറ്റുകാരനു പകരം മറ്റൊരാളെ തെരഞ്ഞെടുക്കാൻ നേതൃത്വം കൊടുക്കുന്നതും പത്രോസാണ് (നട.1,15-25). ഒരു വിജാതിയനെ ആദ്യമായി സഭയോട് ചേർത്തത് പത്രോസാണ് (നട.10,1-48). ജറുസലേം സിനഡിൽ പത്രോസ് നേതൃത്വം നൽകുന്നത് നാം സ്പഷ്ടമായി കാണുന്നു (നട.15,1-10).

ഓർത്തഡോക്സ് സഭയുടെ പ്രാർഥനപ്പുസ്തകങ്ങളിലും അവർ അംഗീകരിക്കുന്ന മറ്റ് കൃതികളിലും പത്രോസിന്റെ നേതൃത്വശുശ്രൂഷയെപ്പറ്റി വ്യക്തമായി പറയുന്നു :

“ന്യായപ്രമാണവും സുവിശേഷവുമായി എത്ര കണ്ട് വ്യത്യാസമുണ്ടോ അത്രയും തന്നെ വ്യത്യാസം അഹറോന്റെ ആചാര്യത്വവും പത്രോസിന്റേതും തമ്മിലുണ്ട്...പത്രോസിന്റെ ആചാര്യ സ്ഥാനത്തെപ്പറ്റി പിതാക്കന്മാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “റ്ഗിഗ് വോ കോലോ ദുമോറാൻ കാദ് ഓമർ വോ... ഹാത്തോയേ ശ്മീഓയ്..”. ശ്ലീഹന്മാരുടെ തലവനായ ശെമയോനോട് കർത്താവ് ആചാര്യസ്ഥാനത്തെപ്പറ്റി കൽപ്പിച്ചത് എത്രയോ അനുഗ്രഹിക്കത്തക്കതും കൗതുകകരമായിട്ടുള്ളതുമാണ്. ഞാൻ നിന്നെ പ്രധാന കലവറക്കാരനാക്കി തീർത്തിരിക്കുന്നു. - നിന്നെ എന്ന പദത്തിന്, പത്രോസിനെയും ആ സ്ഥാനം പ്രാപിക്കുന്ന എല്ലാവരെയും എന്ന് അർഥമുണ്ട്”. - വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് 1093 കുംഭം 20-ന് ഞായറാഴ്ച കോട്ടയം മാർ ഏലിയാ





ചാപ്പലിൽ വച്ചു ചെയ്ത പ്രസംഗത്തിൽ നിന്ന് (*വേദാധ്യാപകൻ*, 6/7 പേ.121-127).

മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ മേല്പ്പട്ടസ്ഥാനാഭിഷേകക്രമത്തിൽ ഇപ്രകാരം കാണുന്നു: “ശ്ലീഹന്മാരുടെ തലവനായ ശെമയോനോട് ഇടയന്മാരുടെ തലവൻ അരുളിച്ചെയ്തത്: ശെമയോനേ, നിന്റെ കൈയിൽ ഞാൻ ഭരമേൽപ്പിച്ചിട്ടുള്ളതിനെ നീ എന്തു ചെയ്യുന്നു എന്ന് കരുതിക്കൊള്ളുക..”

“വിശ്വാസമുള്ള വിശുദ്ധ സഭയുമായി സ്വർഗീയ മണവാളൻ വിവാഹ നിശ്ചയം ചെയ്തപ്പോൾ, ശെമയോനെയും യോഹന്നാനെയും വിളിച്ചു. അവരോട് ഒരുമിച്ച് ആജ്ഞാപിച്ചു. ശെമയോനെ ഭവനാധികാരയായും യോഹന്നാനെ പ്രസംഗകനായും നിയമിച്ചു....”

“യോനായുടെ പുത്രനായ ശെമയോൻ ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകൾ പ്രാപിച്ചപ്പോൾ, ഇടയന്മാരുടെ തലവൻ അവനോട് അരുളിച്ചെയ്തു: ശെമയോനേ, നീ എന്തു ചെയ്യുന്നു എന്നു കരുതിക്കൊള്ളണം. ആട്ടിൻകൂട്ടം നിനക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. എന്റെ കുഞ്ഞാടുകളെയും പെണ്ണാടുകളെയും എനിക്കായി നീ മേയിച്ചുകൊള്ളുക.” (*മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ മേൽപ്പട്ടസ്ഥാനാഭിഷേകക്രമം,* തിരുവല്ലാ, 1925, പേജ്, 19-21: മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുമതിയോടെ പ്രസിദ്ധീകരിച്ചത്).

“ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ തലവനായ ശെമയോന്റെ പ്രാർഥന അംഗീകരിക്കപ്പെട്ടതുപോലെ മഹാപാപികളായ ഞങ്ങളുടെ അപേക്ഷയും കേൾക്കണമെ” (*ഓർത്തഡോക്സ് സഭയുടെ കൂദാശക്രമം*: വീടുകൂദാശക്രമത്തിലെ സെദറായിൽ നിന്ന്).

യാക്കോബായാ - ഓർത്തഡോക്സ് സഭകളുടെ വൈദികർ ചൊല്ലുന്ന ശ്ഹീമോ നമസ്ക്കാരത്തിൽ: തിങ്കൾ രാത്രി 2-ാം കൗമാ, വ്യാഴം പ്രഭാതം, വെള്ളി പ്രഭാതം, ശനി മൂന്നാം മണി യാമങ്ങളിലെ പ്രാർഥനകളിൽ ശെമയോനെ ശ്ലീഹന്മാരുടെ തലവനെന്നു വിശേഷിപ്പിക്കുന്നു.

“അൽ ശെമഊൻ കീപ്പോ ബൻയോനോ....” . അതായത്, ശെമയോനാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു എന്ന് സഭ പറയുന്നു എന്ന് മെത്രാന്മാരുടെ കൈ മുത്തുമ്പോൾ യാക്കോബായാ-ഓർത്തഡോക്സ് സഭകളിൽ ചെല്ലുന്നു.

**ഹൂദായ കാനൻ** അധ്യായം 7/1-ൽ ഇപ്രകാരം പറയുന്നു:

“ലോകത്തിന്റെ നാലു ദിക്കുകളുടെ സംഖ്യയനുസരിച്ച് പാത്രിയർക്കീ

സന്മാർ നാലു പേരുണ്ടായിരിക്കണം. എല്ലാവരുടെയും പ്രധാന തലവൻ റോമായിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കൂടെ അലക്സാണ്ഡ്രി യായിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കൂടെ കുസ്തന്തീനോസ് പൊളീസിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കൂടെ..അന്ത്യോക്യായിലെ പാത്രിയർക്കീസും ആയിരിക്കണം"

**റോമിലെ ക്ലെമെന്റ് കൊറിന്തോസുകാർക്കെഴുതിയ ലേഖനം:**

ക്ലെമെന്റ്/ ക്ലീമീസ് (92-101) കൊറിന്തോസ് സഭയ്ക്ക് ഒരു ലേഖനമയച്ചു. അതൊരപ്പസ്തോലിക ലേഖനവും എല്ലാ സഭക്കാരും പൂജ്യമായി കരുതുന്ന രേഖയുമാണ്. ഹൂദായ കാനനിലും വട്ടശ്ശേരിൽ തിരുമേനിയുടെ മതോപ ദേശസാരങ്ങൾ എന്ന കൃതിയിലും ഈ രേഖ പുതിയനിയമഗ്രന്ഥങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റോമിൽ പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയാണ് ക്ലെമെന്റ്. കോറിന്തോസ് സഭയിൽ ചിലർ സഭാധ്യക്ഷ ന്മാർക്കെതിരെ വിപ്ലവം ഉണ്ടാക്കിയപ്പോൾ ക്ലെമെന്റ് ഇടപെടുകയും അവരെ ശാസിക്കുകയും തിരുത്തുകയും അവർ അനുസരിക്കുകയും ചെയ്തതായി സഭാചരിത്രത്തിൽ നാം വായിക്കുന്നു. പത്രോസിന്റെ പിൻഗാമിയായ റോമാ മെത്രാന്റെ അധ്യക്ഷസ്ഥാനം സംബന്ധിച്ചുള്ള അസന്നിഗ്ധമായ തെളിവാണ് ഈ ലേഖനം.

കൊറിന്തോസിലെ പ്രശ്നം ക്ലെമെന്റ് കൈകാര്യം ചെയ്ത രീതി റോമാ സഭയുടെ അധികാരം പ്രകടമാക്കുന്നു. ഒരധികാരി കീഴുള്ളവരോട് സംസാ രിക്കുന്ന മട്ടിലാണ് റോമാസഭ കൊറിന്തോസ് സഭയോട് സംസാരിക്കുന്നത്. ദൂരെ സ്ഥിതിചെയ്യുന്ന കൊറിന്തോസിലെ പ്രശ്നങ്ങളിൽ നേരത്തെ തന്നെ ഇടപെടാൻ സാധിക്കാത്തതിൽ ക്ലെമെന്റ് കുറ്റം ഏറ്റുപറയുന്നു. അവരെ ശാസിക്കുകയും തിരുത്തുകയും ചെയ്യുക തന്റെ കടമയായി അദ്ദേഹം കരുതി. പിണക്കവും കലഹവും പിളർപ്പും പാപമാണെന്ന് സ്പഷ്ടമായി അവർക്കെ ഴുതി,. പരിശുദ്ധാത്മാവിന്റെ പ്രേരണയാലാണ് താൻ ഇതെഴുതുന്നതെന്ന് ക്ലെമെന്റിന് ബോധ്യമുണ്ടായിരുന്നു. കൊറിന്തോസിലെ സഭ സ്ഥാപിച്ചത് പൗലോസാണ്. യോഹന്നാൻ ശ്ലീഹാ അന്ന് എഫേസോസിൽ ഉണ്ടായിരുന്നു. എങ്കിലും അവിടുത്തെ പ്രശ്നത്തിൽ ഇടപെട്ടത് ക്ലെമെന്റാണ്:

"തർക്കസംഗതികളിലേക്ക്, പ്രത്യേകിച്ച് നിങ്ങളുടെ ഇടയിലുണ്ടായ മ്ളേച്ഛവും കളങ്കപൂർണവുമായ ശീശ്മയിലേക്ക്, നമ്മുടെ ശ്രദ്ധ തിരിക്കാൻ നാം താമസിച്ചുപോയി എന്ന് ഏറ്റുപറയുന്നു. ദൈവത്താൽ വിളിക്കപ്പെട്ട വർക്ക് അപരിചിതവും വൈദേശികവുമാണ് ഈ കാര്യം. ഒരുപിടി എടു ത്തുചാട്ടക്കാരും മർക്കടമുഷ്ടിക്കാരുമായ ആളുകളാണ് ഇത് തുടങ്ങിയത്.





ഒരിക്കൽ സുപ്രസിദ്ധവും എല്ലാവരാലും സ്നേഹിക്കപ്പെട്ടതും ബഹുമാനി ക്കപ്പെട്ടതുമായ നിങ്ങളുടെ നാമം ഗൗരവമാംവിധം അവമാനിക്കത്തക്കവണ്ണം ഇത് അപസ്മാരത്തിന്റെ അതിരുവരെ ഇതാ, ഊതിവീർപ്പിക്കപ്പെട്ടിരിക്കുന്നു"(1,1).

".....സഹോദരരേ, ശുശ്രൂഷയ്ക്കുള്ള ഓരോരുത്തരുടെയും നിശ്ചിത നിയമങ്ങൾ മാറ്റിമറിക്കാതെ ശുദ്ധമനഃസാക്ഷിയോടും ഭക്തിയോടും കൂടെ നമുക്ക് ഓരോരുത്തർക്കും അവനവന്റെ സ്ഥാനത്തു നിന്നുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കാം" (41,1).

"...ശ്ലീഹന്മാർ കർത്താവായ യേശുവിൽ നിന്ന് നമുക്കുവേണ്ടി സുവി ശേഷം സ്വീകരിച്ചു. യേശുക്രിസ്തു ദൈവത്തിൽ നിന്ന് അയക്കപ്പെട്ടു. ക്രിസ്തു ദൈവത്തിൽ നിന്നാണ്. ശ്ലീഹന്മാർ ക്രിസ്തുവിൽ നിന്നാണ്. ദൈവേഷ്ട ത്താൽ രണ്ടും യഥാക്രമം അനുസരിച്ച് ഉണ്ടായി. അതുകൊണ്ട് അവരുടെ കൽപ്പനകൾ സ്വീകരിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാ നത്തിലുള്ള വിശ്വാസത്താൽ നിറഞ്ഞവരായി, ദൈവവചനത്തിൽ ഉറപ്പിക്ക പ്പെട്ട് പരിശുദ്ധാത്മാവിന്റെ പൂർണതയിൽ വരുവാനിരിക്കുന്ന ദൈവ രാജ്യത്തിന്റെ സുവിശേഷപ്രഘോഷണാർഥം ശ്ലീഹന്മാർ ഇറങ്ങിപ്പുറപ്പെട്ടു. അങ്ങനെ ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രസംഗിച്ചുകൊണ്ട് അവരുടെ ദൃശ്യ ഫലങ്ങളെ പരിശുദ്ധാത്മാവിനാൽ പരിശോധിച്ചശേഷം വിശ്വസിക്കുന്നവർക്കു വേണ്ടി മെത്രാന്മാരെയും ഡീക്കന്മാരെയും നിയമിച്ചു" (42,1-4).

"തങ്ങൾ മരിക്കുമ്പോൾ മറ്റ് അംഗീകൃത വ്യക്തികൾ അവരുടെ ശുശ്രൂ ഷസ്ഥാനം ഏറ്റെടുക്കുന്നതിനായി അവർ മേൽ പ്രസ്താവിക്കപ്പെട്ട ആളു കളെ നിയമിച്ചു. ശ്ലീഹന്മാരാലോ, സഭ മുഴുവന്റെയും സമ്മതത്തോടുകൂടി പിന്നീട് മറ്റ് ശ്രേഷ്ഠവ്യക്തികളാലോ നിയമിക്കപ്പെടുകയും, എളിമയോടും സമാധാനത്തോടും മാന്യതയോടും എല്ലാവരുടെയും ഉത്തമസാക്ഷ്യ ത്തോടും കൂടെ അനേകവർഷം ക്രിസ്തുവിന്റെ ആടുകൾക്ക് കളങ്കരഹി തമായി ശുശ്രൂഷ ചെയ്യുകയും ചെയ്തവരെ ശുശ്രൂഷയിൽ നിന്ന് തരംതാ ഴ്ത്തിയത് നീതിപൂർവകമല്ലെന്ന് നാം കരുതുന്നു. കളങ്കരഹിതമായും വിശു ദ്ധമായും ബലിയർപ്പിച്ചവരെ മെത്രാൻസ്ഥാനത്തു നിന്നു നീക്കം ചെയ്യുന്നത് വെറുമൊരു നിസ്സാരപാപമല്ല" (44,2-4).

"തെറ്റിൽ വീണവർ നമുക്കല്ല ദൈവതിരുമനസ്സിന് കീഴ്പ്പെടണം. അതി നുള്ള താഴ്മയും വിനയവും അവർക്ക് നൽകപ്പെടാൻ നമുക്കും അവർക്കു വേണ്ടി പ്രാർഥിക്കാം" (56,1).

"മത്സരത്തിന് അടിസ്ഥാനമിട്ട നിങ്ങൾ അതുകൊണ്ട് പ്രെസ്ബി റ്റർമാർക്ക് കീഴ്പ്പെട്ടിരിക്കുകയും ഹൃദയത്തിന്റെ മുട്ടുകൾ മടക്കി അനുതാ പത്തിനുള്ള ശിക്ഷ സ്വീകരിക്കുകയും ചെയ്യുവിൻ" (57,1).

"നാം വഴി അവൻ സംസാരിച്ച വാക്കുകളെ ആരെങ്കിലും അനുസരിക്കാതിരുന്നാൽ അവൻ നിസ്സാരമായൊരു തെറ്റിലും അപകടത്തിലുമല്ല ഉൾപ്പെടാൻ പോകുന്നതെന്ന് അറിഞ്ഞിരിക്കട്ടെ"(59,1).

"പരിശുദ്ധാത്മവിനാൽ നാം നിങ്ങൾക്കെഴുതിയത് നിങ്ങൾ അനുസരിക്കുകയും അസൂയയുടെ ദുഷ്ടവികാരം നിങ്ങളിൽ നിന്ന് നീക്കുകയും ചെയ്താൽ, നിങ്ങൾ നമുക്ക് സന്തോഷവും ആനന്ദവും പകർന്നുതരും" (63,2). (ജി. ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ*, കോട്ടയം,1996, പേ.15-54; *പട്രോളജി,1*, കോട്ടയം, 2006, പേ.32-40).

പത്രോസിന്റെ നേതൃത്വം സംബന്ധിച്ചും പത്രോസിന്റെ പിൻഗാമികൾക്കുള്ള നേതൃത്വശുശ്രൂഷ സംബന്ധിച്ചും നിരവധി സാക്ഷ്യങ്ങൾ സഭാചരിത്രത്തിൽ നിന്ന് ഉദ്ധരിക്കാൻ കഴിയും.

രണ്ടാം വത്തിക്കാൻ സൂനഹദോസ്, എക്യൂമെനിസം എന്ന ഡിക്രിയിൽ (നമ്പർ,2) ഇപ്രകാരം പഠിപ്പിക്കുന്നു:

"സമയത്തിന്റെ അവസാനം വരെ ലോകം മുഴുവനിലും തന്റെ ഈ പരിശുദ്ധസഭ നിലനിൽക്കാൻ വേണ്ടി, പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ചുമതലകൾ ക്രിസ്തു പന്ത്രണ്ട് ശ്ലീഹന്മാരുടെ സംഘത്തെ ഭരമേൽപ്പിച്ചു. അവരിൽ നിന്ന് പത്രോസിനെ തെരഞ്ഞെടുത്തു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനുശേഷം തന്റെ സഭയെ അവനിൽ പണിയുന്നതിന് അവിടുന്ന് തീരുമാനിച്ചു. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ അവിടുന്ന് പത്രോസിന് വാഗ്ദാനം ചെയ്തു. പത്രോസിന്റെ സ്നേഹപ്രഖ്യാപനം കഴിഞ്ഞ് തന്റെ ആടുകളെയെല്ലാം വിശ്വാസത്തിൽ സ്ഥിരീകരിക്കാനും പരിപൂർണമായ ഐക്യത്തിൽ മേയിക്കാ നും അവനെ ഭരമേൽപ്പിച്ചു. എങ്കിലും ക്രിസ്തു തന്നെ പ്രധാന മൂലക്കല്ലായി സദാ സ്ഥിതിചെയ്യുകയും നമ്മുടെ ആത്മാക്കളെ പരിപോഷിപ്പിക്കുകയും ചെയ്യും."

## അബദ്ധോപദേശങ്ങൾ

വേദവിപരീതങ്ങളെ പറ്റിയും അബദ്ധോപദേശങ്ങളെ പറ്റിയും നമ്മുടെ കർത്താവും ശിഷ്യന്മാരും ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. അവയിൽ ചിലത് കുറിക്കുന്നു: "കർത്താവ് സ്വന്തരക്തത്താൽ നേടിയെടുത്ത" ദൈവസഭയിൽ (നടപടി,20,28), ''സജീവദൈവത്തിന്റെ'' സഭയിൽ (1തിമോ.3,14), വേദവിപരീതങ്ങൾ ഉണ്ടാകുമെന്ന് അവിടുന്ന് മുന്നറിയിപ്പ് നൽകുന്നു.

"ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചു





കൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുതിന്നുന്ന ചെന്നായ്ക്കളാകുന്നു" (മത്താ.7,15).

"കള്ളക്രിസ്തുക്കളും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെ കൂടി വഴിതെറ്റിക്കാൻ തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും" (മത്താ.24,24).

"നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. ഞാൻ എല്ലാം മുൻകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു" (മർക്കോ.13,23).

"എന്റെ വേർപാടിനുശേഷം ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ മധ്യേ വരുമെന്നും അവ അജഗണത്തെ വെറുതെ വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ച് തങ്ങളുടെ പിന്നാലെ കൊണ്ടുപോകാൻ വേണ്ടി സത്യത്തെ വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടാകും" (നടപടി,20,29-30).

"ദൈവവചനത്തിൽ മായം ചേർത്തു കടച്ചവടം ചെയ്യുന്ന അനേകരുണ്ട്" (2കൊറി.2,17). "അത്തരക്കാർ കപടനാട്യക്കാരായ അപ്പസ്തോലന്മാരും വഞ്ചകരായ ജോലിക്കാരും ക്രിസ്തുവിന്റെ അപ്പസ്തോലന്മാരായി വ്യാജവേഷം ധരിച്ചവരുമാണ്" (2കൊറി. 11,13).

''തെറ്റിന്റെ വഞ്ചനയിൽ പെടുത്താൻ മനുഷ്യർ കൗശലപൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ഇനിമേൽ നാം ഇളകുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകാതിരിക്കണം." (എഫേ.4,14). "വിവിധങ്ങളും അപരിചിതങ്ങളുമായ പ്രബോധനങ്ങൾ നിങ്ങളെ വഴിതെറ്റിക്കരുത്"(എബ്രാ.13,9).

"തങ്ങളുടെമേൽ ശീഘ്രനാശം വരുത്തി വയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെ ഇടയിലും ഉണ്ടാകും" (2പത്രോ.2,1)

"യേശു അവരോടു പറഞ്ഞു: നിങ്ങൾ അന്ധരാണെങ്കിൽ നിങ്ങൾക്ക് പാപം ഉണ്ടാകുമായിരുന്നില്ല. ഇപ്പോഴാകട്ടെ ഞങ്ങൾ കാണുന്നെന്നു നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളിൽ കുറ്റം അവശേഷിക്കുന്നു"(യോഹ.9,41).

"പരിശുദ്ധാത്മാവില്ലാത്തവരും കേവലം ലൗകികരുമായ ഇവരാണ് ഭിന്നിപ്പുണ്ടാക്കുന്നത്. എന്നാൽ പ്രിയപ്പെട്ടവരേ, നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുകൊണ്ട്, നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ" (യൂദാ 1,19-20).

# 18
# സംഗ്രഹം

പേർഷ്യൻ സഭയിൽ നിന്നാണ് കേരളത്തിൽ മെത്രാന്മാർ വന്നിരുന്നത്. പേർഷ്യൻ സഭയിൽ കൽദായ ഭാഷയും കൽദായ റീത്തുമാണ് നിലവിലിരുന്നത്. ഇവിടെയും അതേ ആരാധനക്രമമാണ് ഉണ്ടായിരുന്നത്. മെത്രാന്മാർ ആത്മിയകാര്യങ്ങൾക്കു നേതൃത്വം നൽകി. മറ്റ് സഭാകാര്യങ്ങളെല്ലാം ആർച്ചുഡീക്കനാണ് നടത്തിയിരുന്നത്. മാർ യാക്കോബ്, മാർ യൗസേപ്പ്, മാർ അബ്രഹാം എന്നീ കൽദായ മെത്രാന്മാർ റോമുമായി കൂട്ടായ്മയുള്ള പാത്രിയർക്കീസന്മാരാൽ അയക്കപ്പെട്ടവരായിരുന്നു എന്ന് ചരിത്രം തെളിയിക്കുന്നു.

പോർട്ടുഗീസുകാരായ ജസ്വിട്ട് വൈദികർ 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കച്ചവടക്കാരോടൊപ്പം ഇവിടെ വന്നു. ആദ്യമൊക്കെ അവർ മലങ്കര നസ്രാണികളുമായി വളരെ സൗഹൃദത്തിലായിരുന്നു. എന്നാൽ സാവധാനം ഇവിടുത്തെ ആരാധനക്രമത്തിലും സഭാജീവിതത്തിലും മാറ്റം വരുത്താൻ പരിശ്രമിച്ചപ്പോൾ ഉരസൽ ഉണ്ടാകുകയും അത് 1653-ലെ കൂനൻകുരിശുസത്യത്തിൽ ചെന്നവസാനിക്കുകയും ചെയ്തു. ആ സത്യം സമ്പാളൂരിലെ ജസ്വിട്ട് പാതിരിമാർക്ക് (പൗളിസ്ത്യർക്ക്) എതിരായിട്ടായിരുന്നു, റോമിലെ മാർപാപ്പായ്ക്ക് എതിരായിട്ടല്ലായിരുന്നു.

പ്രശ്നം സങ്കീർണമാക്കിയത് 12 പട്ടക്കാർ കൂടി മാർതോമാ ആർച്ചുഡീക്കനെ കൈവച്ച് മെത്രാന്റെ വേഷം ധരിപ്പിച്ചപ്പോഴാണ്. റോമിൽ നിന്നു വന്ന സെബസ്ത്യാനിയുടെയും ചാണ്ടി മെത്രാന്റെയും പരിശ്രമത്താൽ ബഹുഭൂരിപക്ഷം പള്ളികളും മാർ തോമായെ ഉപേക്ഷിച്ച് വീണ്ടും മിഷനറിമാരുടെ കീഴിൽ വന്നു. ശേഷിച്ചവർ മാർ തോമായുടെയും കൂടെ നിന്നു. അങ്ങനെ ഒന്നായിരുന്ന സമൂഹം പഴയകൂറെന്നും പുത്തൻകൂറെന്നും രണ്ടായി പിളർന്നു.





കാലക്രമത്തിൽ പുത്തൻ കൂറ്റുകാർ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിനോട് അടുക്കുകയും മുളന്തുരുത്തി സൂനഹദോസോടുകൂടി യാക്കോബായക്കാരായി തീരുകയും ചെയ്തു. പുത്തൻകൂറ്റിലെ പല നേതാക്കന്മാരും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ പരിശ്രമിച്ചെങ്കിലും നടന്നില്ല.

സി.എം.എസ് മിഷനറിമാരുടെ സ്വാധീനത്തിൽ വന്ന നസ്രാണികൾ കാലക്രമത്തിൽ - 1889 നുശേഷം - മാർതോമാസഭയായി മാറി. ബാഹ്യമായി പൗരസ്ത്യമാണെങ്കിലും ദൈവശാസ്ത്രത്തിൽ പ്രോട്ടസ്റ്റന്റാണ് അവർ. 1961-ൽ കുറേക്കൂടി ലിബറൽ പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച് ഇതിൽനിന്ന് കുറേപ്പേർ ഇവാൻജലിക്കൽസഭ രൂപീകരിച്ചു.

മാർ അബ്ദള്ളായുടെ ഇടപെടൽ മറ്റൊരു പിളർപ്പിലേക്ക് നയിച്ചു. ആത്യന്തികമായി മലങ്കരയിലെ പിളർപ്പിന് കാരണക്കാർ വിദേശികളാണ് എന്നു കരുതുന്ന അനേകരുണ്ട്. യാക്കോബായാ എന്നും ഓർത്തഡോക്സ് എന്നും രണ്ടായി പിളർന്നതിനു ശേഷം ഒടുങ്ങാത്ത കേസുകളും തർക്കങ്ങളും നിർഭാഗ്യവശാൽ ഇപ്പോഴും നിലനിൽക്കുന്നു. എത്രയോ വർഷംകൊണ്ട് കോടതികളും കേസുമായി നടക്കുന്ന! ഈ കേസുകളും വിഭജനങ്ങളും എന്നെങ്കിലും അവസാനിക്കുമോ? പൗലോസ് ശ്ലീഹായുടെ ചോദ്യം ഇന്നും കേരളപശ്ചാത്തലത്തിൽ പ്രസക്തമാണെന്ന് തോന്നുന്നു (1കൊറി. 6,5-7): "സഹോദരർ തമ്മിലുള്ള വഴക്കു തീർക്കാൻ മാത്രം ജ്ഞാനിയായ ഒരാൾ പോലും നിങ്ങളുടെ ഇടയിൽ ഇല്ലെന്നു വരുമോ?" "എന്നോടു കൂടി ശേഖരിക്കാത്തവൻ ചിതറിക്കുന്നു" (മത്താ.12,30) എന്ന വാചകത്തിന്റെ അർഥം ചിന്തിക്കുന്നതു നന്നായിരിക്കും. "ദൈവം കലഹത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്" (1കൊറി.14,32) എന്നതിന് നാം എത്രമാത്രം സാക്ഷ്യം വഹിക്കുന്നു? (മത്താ.15,13; 18,7; 1കൊറി.1,11-13. 3,3-4; 2കൊറി.13,5)

## മലങ്കര കത്തോലിക്കാ സഭ

മലങ്കരയിലെ ദൈവമക്കളുടെ പ്രാർഥനയുടെയും പരിശ്രമത്തിന്റെയും ഫലമാണ് മലങ്കര പുനരൈക്യം. വിഭജനം പാപമാണ്, കർതൃഹിതത്തിന് വിരുദ്ധമാണ് എന്ന അവബോധം എല്ലാവർക്കും ഉണ്ടായിരുന്നു. 20-ാം നൂറ്റാണ്ടിലെ സഭൈക്യചർച്ചകൾക്ക് തുടക്കം കുറിച്ചത് 1926-ൽ പരുമല സെമിനരിയിൽ വച്ച് നടന്ന മെത്രാന്മാരുടെ യോഗത്തിലാണ്. അതിന്റെ പരിസമാപ്തിയാണ് 1930-ലെ പുനരൈക്യം. കാതോലിക്കോസിന്റെ കീഴിൽ സമൂഹം ഒന്നായി ഐക്യത്തിലേക്ക് കടന്നുവരണം എന്നാണ് നേതൃത്വം കൊടുത്തവർ ആഗ്രഹിച്ചത്. എന്നാൽ കാതോലിക്കോസിനെയും സിനഡി

നെയും അന്നത്തെ സഭാശാസ്ത്രമനുസരിച്ച് അംഗീകരിക്കാൻ റോമിന് കഴി ഞ്ഞില്ല. 2005-ലാണ് അത് യാഥാർഥ്യമായത്. എല്ലാറ്റിനും പച്ചക്കൊടി കാട്ടിയ വട്ടശ്ശേരിൽ തിരുമേനി വട്ടിപ്പണക്കേസിൽ ജയിച്ചപ്പോൾ ഐക്യസംരംഭത്തിൽ നിന്ന് പിന്മാറിക്കളഞ്ഞു. അതുകൊണ്ട് മാർ ഈവാനിയോസ് പിതാവിന് തനിയെ ഈ ഭാരം ഏൽക്കേണ്ടി വന്നു. അങ്ങനെ ഇന്ന് സ്വയാധികാരമുള്ള മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി 1930-ലെ സമൂഹം വളർന്നു. അന്ന് അഞ്ചുപേരിൽ തുടങ്ങി. ഇന്ന് ഏതാണ്ട് 5 ലക്ഷം പേർ ഈ സഭാസ മൂഹത്തിലുണ്ട്. പുനരൈക്യത്തോടുകൂടി മിഷൻപ്രവർത്തനങ്ങൾക്കുള്ള ഒരു വലിയ പ്രേരണ മലങ്കരസഭയ്ക്ക് ലഭിച്ചു. സ്വന്തമായി വൈദികപരിശീലന ത്തിനുള്ള സ്ഥാപനം തുടങ്ങാനും സാധിച്ചു. ഈ സഭയ്ക്ക് ഇന്ന് എട്ടു രൂപ തകളും ഒരു മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസും ഒരു ആർച്ചുബി ഷപ്പും രണ്ട് സഭാപ്രോവിൻസുകളും നിരവധി മെത്രാന്മാരുമുണ്ട്. വിദ്യാ ഭ്യാസരംഗത്തും സാമുഹ്യരംഗത്തും സാംസ്ക്കാരികരംഗത്തും ഈ സഭ സ്തുത്യർഹസേവനം ചെയ്യുന്നു. എല്ലാറ്റിനുമുപരി കലഹത്തിൽ നിന്നും കോടതിക്കേസുകളിൽ നിന്നും ഒഴിഞ്ഞ് സമാധാനമായി പ്രാർഥിക്കാനുള്ള അന്തരീക്ഷം അനേകർക്ക് ഈ പുനരൈക്യം സംജാതമാക്കി. അതിനും പുറമേ, റോമിലെ മാർപാപ്പായുമായുള്ള സമ്പൂർണ കൂട്ടായ്മയിലൂടെ ലോകം മുഴുവനുമുള്ള കത്തോലിക്കരുമായും സഭാപാരമ്പര്യങ്ങളുമായും ഈ സഭ യ്ക്ക് കൂട്ടായ്മയുണ്ടായി. ദൈവപരിപാലനയിൽ സംഭവിച്ച ഈ നന്മകൾക്ക് ദൈവത്തിനു നന്ദി പറയുകയും കൂടുതൽ തീക്ഷ്ണമായി സഭൈക്യപ്രവർത്ത നങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യാൻ സഭ നമ്മെ ആഹ്വാനം ചെയ്യുന്നു.

## പഴയ കൂറ്റുകാർ/സിറോ-മലബാർ സഭ

ഉദയംപേരൂർ സൂനഹദോസ് മുതൽ (1599) കൂനൻകുരിശുസത്യം വരെ (1653) മലങ്കര നസ്രാണികളെല്ലാം ലത്തീൻ മെത്രാന്മാരുടെ കീഴിൽ കത്തോ ലിക്കരായി കഴിഞ്ഞവരാണ്. കൂനൻകുരിശിനു ശേഷം പഴയകൂറ്റുകാർ പദ്രോ വാദോ, പ്രൊപ്പഗാന്താ നേതൃത്വങ്ങളുടെ കീഴിൽ ഏതാണ്ട് മുന്നൂറു വർഷം കഴിയേണ്ടിവന്നു. ഇപ്രകാരം വർഷങ്ങളോളം കഴിയെണ്ടി വന്നെങ്കിലും, കുറെയൊക്കെ ലത്തീനീകരിക്കപ്പെട്ട നിലയിലാണെങ്കിലും, അവർ പുരാത നമായ കൽദായ ആരാധനക്രമങ്ങളും കത്തോലിക്കാസംസർഗവും നില നിർത്തി. ലെയോ 13-ാമൻ മാർപാപ്പാ 1887-ൽ പഴയകൂറ്റുകാരെ ലത്തീൻകാ രുടെ ഭരണത്തിൽ നിന്ന് മാറ്റി അവർക്കായി തൃശൂർ, ചങ്ങനാശ്ശേരി എന്നി ങ്ങനെ രണ്ട് വികാരിയേറ്റുകൾ സ്ഥാപിച്ചു. അപ്പോഴും മെത്രാന്മാർ വിദേശി കളായിരുന്നു. അന്നു മുതൽ സിറോ-മലബാർ എന്ന പേര് ഔദ്യോഗിക മായി അംഗീകരിക്കപ്പെട്ടു. 1896-ൽ കോട്ടയം വികാരിയേറ്റ് നിർത്തലാക്കി,





ചങ്ങനാശ്ശേരിയും എറണാകുളവും സ്ഥാപിച്ചു. 1911-ൽ ക്നാനായിക്കാർക്കു വേണ്ടി കോട്ടയം വികാരിയേറ്റ് സ്ഥാപിതമായി. 1923-ൽ സിറോ-മലബാർ ഹയരാർക്കി സ്ഥാപിക്കപ്പെട്ടു. തുടർന്നുള്ള വളർച്ച വളരെ ത്വരിതഗതിയിൽ ആയിരുന്നു. 1992-ൽ ഈ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ യായി റോം ഉയർത്തി. ഇന്ന് ഈ സഭയിൽ അഞ്ച് അതിരൂപതകളും 25 രൂപതകളും 40 ലക്ഷത്തോളം വിശ്വാസികളും ഉണ്ട്. ലോകം മുഴുവൻ സിറോ -മലബാർ സഭയിൽ പെട്ട മിഷനറിമാർ പ്രവർത്തിക്കുന്നു. ലോകത്തിൽ ഇപ്പോഴുള്ള സഭകളിൽ ഏറ്റവും ചൈതന്യവത്തായ സഭയാണ് സിറോ-മലബാർസഭ.

പുത്തൻകൂറ്റുകാരെല്ലാവരും ഒത്തൊരുമിച്ച് മാർ ഈവാനിയോസ് പിതാ വിനോടൊപ്പം പുനരൈക്യപ്പെട്ടിരുന്നെങ്കിൽ, ഈ വലിയ മിഷൻ ചൈതന്യം നിശ്ചയമായും പുത്തൻകൂർ സമൂഹത്തിനു മുഴുവൻ ലഭിക്കുമായിരുന്നു. അതു സംഭവിക്കാത്തതുകൊണ്ട് ഇപ്പോഴും കേസും വഴക്കുമായി ആളും അർഥവും ചെലവഴിച്ചുകൊണ്ട്, ക്രൈസ്തവ വിരുദ്ധസാക്ഷ്യം നൽകി ക്കൊണ്ട്, യാക്കോബായാ-ഓർത്തഡോക്സ് സമൂഹം കഴിയുന്നു. ഐക്യം കൊണ്ടേ നിലനിൽപ്പും വളർച്ചയുമുള്ളു എന്ന് എപ്പോഴാണ് കേരളത്തിലെ സഭകൾ മനസ്സിലാക്കുക? റോമിലെ പത്രോസിന്റെ പിൻഗാമിയെ മാറ്റി നിർത്തിക്കൊണ്ട് സഭകളുടെ ഐക്യം സാധ്യമല്ല. കാരണം അത് ദൈവിക ക്രമീകരണമാണ്. അത് അംഗീകരിച്ചേ മതിയാവൂ. എന്നാൽ ഐക്യത്തിന്റെ സമയവും രീതിയും ദൈവത്തിനേ അറിയൂ. വേർപെട്ടു നിൽക്കുന്ന സഭ കൾക്ക് മാതൃകയാണ് സിറോ-മലബാർ സഭയും മലങ്കര കത്തോലിക്കാ സഭയും. സഭകൾക്കിടയിൽ പാലമായി വർത്തിക്കേണ്ടതാണ് ഈ രണ്ടു സഭകളും. കത്തോലിക്കാ സഭയുടെ ഇപ്പോഴത്തെ സഭാശാസ്ത്രം നന്നായി മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിച്ചു കൊടുക്കാനും എക്യുമേനിസത്തിന് നേതൃത്വം കൊടുക്കാനും ഈ സഭകൾക്ക് കഴിയണം. വെറും ഉപരിപ്ലവ പ്രവർത്തനങ്ങൾക്കപ്പുറത്ത് ആഴത്തിലുള്ള ബന്ധം സ്ഥാപിക്കാനുള്ള സംരംഭങ്ങളാണ് നടക്കേണ്ടത്.